● വാർഷിക വരിസംഖ്യ: ₹80

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2021 ● സെപ്റ്റംബർ - ഒക്ടോബർ ● പുസ്തകം: 04 ● ലക്കം: 05 ● RNI Regn No: KERMAL/2017/73545 ● Registered No: KL/CT/230/2019-2021

# വിജയപ്രതീക്ഷയുടെ വിത്തുകൾ

**കോവിഡ് ലോക്ഡൗൺ ഏൽപ്പിച്ച മാന്ദ്യത്തെ അനുകൂല സാഹചര്യമാക്കാൻ മലയോര മേഖലയിലെ കർഷകർ, സംരംഭകർ, വീട്ടമ്മമാർ, യുവാക്കൾ എന്നിവർ മനസ്സൊരുക്കം നടത്തണം. ഒന്നുമില്ലായ്മയിലേക്ക് ചുരുങ്ങിപ്പോയി എന്ന വിലാപത്തിനപ്പുറം കർഷകരുടെയും കുടിയേറ്റ മേഖലയിലെയും സംരംഭങ്ങളെ പ്ലസുകളാക്കി മാറ്റാനുള്ള ഉൾക്കരുത്ത് നാം ആർജിക്കണം.**

## കവർ സ്റ്റോറി

**ജോസ് കെ. വയലിൽ**

കൊറോണക്കാലം പൂട്ടിയിട്ടത് ഒട്ടേറെ ജീവിതങ്ങളെയാണ്, തട്ടിയും മുട്ടിയുമൊക്കെ മുന്നോട്ടു പോയിരുന്ന പലരുടെയും ജീവിതം താളം തെറ്റി. വ്യാപാരമാന്ദ്യം, തൊഴിലില്ലായ്മ, ബിസിനസ് തകർച്ച, ശമ്പളം വെട്ടിച്ചുരുക്കലുകൾ എന്നിങ്ങനെ ഒന്നിനു പിറകേ ഒന്നായി ജീവിതത്തിനുമേൽ പ്രഹരമേൽപ്പിച്ച് ആഘാതങ്ങൾ പെരുകിപ്പെരുകി വന്നു. ആശങ്കകളുടെയും ആകുലതകളുടെയും അടച്ചുപൂട്ടൽ കാലം നമ്മിൽ ഏൽപ്പിച്ച നടുക്കത്തിൽ നിന്ന് വിടുതൽ നേടാൻ ഇനിയും കഴിഞ്ഞിട്ടില്ല.

അടച്ചിടൽ പരാജയപ്പെട്ടവരുടെയും തോൽവിയടഞ്ഞ് പിൻമാറിയവരുടെയും കഥകൾ മാത്രം നിറഞ്ഞതാണോ? മാധ്യമങ്ങളിൽ നിറയുന്നതെല്ലാം നഷ്ടത്തിലായ കച്ചവടസ്ഥാപനങ്ങളുടെയും ഓട്ടം നിലച്ച പൊതുഗതാഗത സംവിധാനങ്ങളുടെയും ആളില്ലാ റസ്റ്ററന്റുകളുടെയും ഇരുൾ കയറിയ തിയറ്ററുകളുടെയുമൊക്കെ കഥകളാണ്. അടച്ചു തീർക്കേണ്ട വായ്പകൾ, അവസരങ്ങൾ നഷ്ടമായ ബിസിനസ് സംരംഭങ്ങൾ, കുട്ടികളെത്താത്ത വിദ്യാലയങ്ങൾ, മുടക്കുമുതൽ തിരിച്ചു പിടിക്കാനാകാതെ പൂട്ടിപ്പോയ സ്റ്റാർട്ടപ്പുകൾ എന്നിവ തുടർക്കഥകളാകുന്നു.




**സാധ്യതകളുടെ ഒട്ടേറെ പുതിയ മേഖലകൾ കോവിഡ് കാലം തുറന്നിടുന്നുണ്ട്. ഇടവകകൾക്കും കുടുംബ യൂണിറ്റുകൾക്കുമെല്ലാം കൂട്ടുകച്ചവട സാധ്യതകളെ ലാഭകരമായിത്തന്നെ കൊണ്ടു നടക്കാനാകും**

ഇതിന്റെ മറുവശത്തെക്കുറിച്ചാണ് ഇവിടെ ചിന്തിക്കുന്നത്. 'പാതി അടഞ്ഞ വാതിലിനെ പാതി തുറന്ന വാതിലെ'ന്നും വിളിക്കാമെന്ന് പറയും പോലെ അടച്ചിടൽ കാലം സംരംഭകർക്കും കർഷകർക്കും വ്യാപാരികൾക്കും മുന്നിൽ തുറന്നിടുന്ന സാധ്യതകളെ ആരെങ്കിലും ഗൗരവമായി എടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ ഈ വൈകിയ വേളയിലെങ്കിലും അതിന് സമയമായി. പ്രത്യേകിച്ച് മലയോര മേഖലയിലെ കർഷകർ, സംരംഭകർ, വീട്ടമ്മമാർ, യുവാക്കൾ ഒക്കെ അടച്ചിടൽ കാലത്തിലെ മാന്ദ്യത്തെ അനുകൂല സാഹചര്യമാക്കി മാറ്റാനുള്ള മനസ്സൊരുക്കം നടത്തണം. ഒന്നുമില്ലായ്മയിലേക്ക് ചുരുങ്ങിപ്പോയി എന്ന വിലാപത്തിനപ്പുറം മലയോരകർഷകരുടെയും കുടിയേറ്റ മേഖലയിലെയും സംരംഭങ്ങളെ പ്ലസുകളാക്കി മാറ്റാനുള്ള ഉൾക്കരുത്ത് ആർജിക്കാൻ കുറച്ചു പേർക്കെങ്കിലും സാധിക്കണം. കോവിഡ് കാല സാധ്യതകളെ ആധുനിക സാങ്കേതിക വിദ്യകളുടെ പിൻബലത്തിൽ അനുകൂലമാക്കി മാറ്റിയ ഒട്ടേറെ സംരംഭങ്ങൾ കേരളത്തിലുടനീളവും നമുക്കിടയിലുമുണ്ട്. കാർഷിക ഉൽപന്നങ്ങളെ സ്വന്തം കഴിവും കരവിരുതും ഉപയോഗിച്ച് മൂല്യവർധിത ഉൽപന്നങ്ങളാക്കി വിൽപന നടത്തുന്നവർ, പ്രാദേശിക വിഭവങ്ങളെയും അവയുടെ മൂല്യവർധിത ഉൽപന്നങ്ങളെയും ബ്രാൻഡ് ആക്കി പുതു സാധ്യതകൾ കണ്ടെത്തിയവർ, കർഷകരുടെയും വ്യാപാരികളുടെയും ചെറുകിട സംരംഭകരുടെയും ചെറുഗ്രൂപ്പുകൾ, സോഷ്യൽ മീഡിയ കൂട്ടായ്മകൾ വഴി കൊച്ചുകൊച്ചു സംരംഭങ്ങളെ വിജയിപ്പിച്ചെടുത്തവർ, മത്സ്യക്കൃഷി, നഴ്സറികൾ, അലങ്കാരച്ചെടികളുടെ വിൽപന, കൃഷി അനുബന്ധ സാമഗ്രികളുടെ വിപണനം, ഭക്ഷ്യവസ്തുക്കളുടെ ഹോം ഡെലിവറി, കപ്പയും ചക്കയും വാഴക്കുലയും കിഴങ്ങുവർഗങ്ങളും പച്ചക്കറികളും മീനുമൊക്കെ വീടുകളിലും വാട്സാപ് ഗ്രൂപ്പുകളിലെ കൂട്ടായ്മകളിലും എത്തിച്ച് വിപണനം നടത്തുന്നവർ... അങ്ങനെ സാധ്യതകളുടെ ഒട്ടേറെ പുതിയമേഖലകൾ ഈ കോവിഡ് കാലം കുടിയേറ്റ കർഷകർക്കു മുന്നിൽ തുറന്നിടുന്നുണ്ട്. ഇടവകകൾക്കും കുടുംബയൂണിറ്റുകൾക്കുമെല്ലാം ഇത്തരം കൂട്ടുകച്ചവട സാധ്യതകളെ ലാഭകരമായിത്തന്നെ കൊണ്ടു നടക്കാനാകും. കോവിഡ് കാലം മലയാളിക്കുമുന്നിൽ തുറന്നുവച്ച ചെറുതും വലുതുമായ ഏതാനും സാധ്യതകളെ ഇനി പരിചയപ്പെടാം.

പേജ് മൂന്നിൽ തുടരും ▸

ആശംസകൾ



ഒക്ടോബർ ഒന്നിന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്

പ്രാർത്ഥനാശംസകൾ

## എഡിറ്റോറിയൽ

● പുസ്തകം: 4 ● ലക്കം: 5

# മായിക വലയിൽ മനം മയങ്ങും മലയാളി

കുറച്ചു ദിവസമായി കേരളം വലിയൊരു വ്യാജപുരാവസ്തു തട്ടിപ്പിന്റെ വാർത്തക്ക് പിന്നാലെയാണ്. പലരിൽ നിന്നായി 10 കോടിയോളം രൂപ തന്ത്രപൂർവ്വം കൈക്കലാക്കി എന്നതാണ് കേസ്. പുരാവസ്തു വില്പനയുടെ പേരിൽ കള്ളപ്പണം വെളുപ്പിക്കൽ നടന്നു എന്ന സംശയത്തിൽ ഇഡി അന്വേഷണം നടത്തുമ്പോൾ ഉന്നത സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ പങ്ക് അന്വേഷിക്കുകയാണ് സിബിഐ. സിനിമാക്കഥകളെ വെല്ലുന്ന ആസൂത്രണവും ക്ലൈമാക്സിൽ നായകൻ വില്ലനാകുന്ന ട്വിസ്റ്റും.

ഏറ്റവും നാണക്കേട് നൽകുന്നത് കുറ്റാരോപിതനായ വ്യക്തിയുടെ ബന്ധങ്ങളുടെ പരപ്പാണ്. ആവശ്യത്തിലേറെ പണക്കൊഴുപ്പും ആഡംബരജീവിതത്തിന്റെ വശ്യതയും സമൂഹത്തിലെ പ്രമുഖരെ പലരെയും സ്വാധീനിക്കുന്നതിലേക്കും ആ സ്വാധീനങ്ങൾ കൂടുതൽ ആളുകൾ കെണിയിൽ വീഴുന്നതിലേക്കും നയിച്ചു. അടിസ്ഥാന വിദ്യാഭ്യാസം മാത്രമുള്ള ഒരാൾ ഉന്നതവിദ്യാഭ്യാസ യോഗ്യത ചമഞ്ഞ് രാഷ്ട്രീയ – ഉദ്യോഗസ്ഥ പ്രമുഖരെ വരെ തെറ്റിദ്ധരിപ്പിച്ചു ഡോക്ടർ ചമഞ്ഞു ജീവിക്കുകയും 'കേരള മെയ്ഡ്' പുരാവസ്തുക്കൾക്ക് പൊലീസ് സുരക്ഷ ഒരുക്കുകയും ചെയ്തു എന്നത് കുറച്ച് ദിവസത്തെ മാധ്യമ വിചാരണക്ക് ശേഷം നിസാരമായി വിസ്മരിക്കപ്പെടും എന്നതല്ലേ യാഥാർത്ഥ്യം? ഇനിയും ഇത്തരത്തിലുള്ള തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ നാം കരുതൽ സൂക്ഷിക്കേണ്ടതല്ലേ?

അഭ്യസ്തവിദ്യരായ നമ്മുടെ നാട്ടിൽ എങ്ങനെ ഒന്നിന് പുറകെ ഒന്നായി ഇത്തരം തട്ടിപ്പുകൾ അരങ്ങേറുന്നു എന്നത് പഠനവിഷയമാക്കേണ്ടതാണ്. സമാനമായ എല്ലാ കേസുകളിലും ഉന്നത ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയ പ്രമുഖരുടെയും സാന്നിധ്യവും സ്വാധീനവും ചെറുതായി കാണേണ്ട വിഷയമല്ല. പണത്തിനും പ്രശസ്തിക്കും പുറകേ പോകുമ്പോൾ ഒരു നാടിനോടും അവിടുത്തെ ജനതയോടുമുള്ള ഉത്തരവാദിത്വം ഇവർ മറക്കാൻ പാടില്ല. ഏതൊരുവനും കൈയയച്ച് സഹായം ചെയ്യുമ്പോൾ അതിനു പിന്നിൽ മറ്റെന്തോ ഗൂഢലക്ഷ്യം ഉണ്ടെന്ന് ഉത്തരവാദിത്തപ്പെട്ടവർ ഓരോരുത്തരും തിരിച്ചറിയണം. സാധാരണ പൗരന്മാരുടെ കാര്യത്തിൽ വമ്പൻ വാഗ്ദാനങ്ങളും ആകർഷണീയമായ നിക്ഷേപപദ്ധതികളും പുനർവിചിന്തനത്തിന് വിഷയമാക്കേണ്ടവയുമാണ്. ഇത്തരം തട്ടിപ്പുകാർ ഒരുക്കുന്ന മായിക വലയത്തിൽ മനംമയങ്ങുന്നവനല്ല മലയാളിയെന്ന് ലോകം അറിയണം.

# ജപമാല ഭക്തിയിൽ വളരാം



## ഇടയശബ്ദം

മാർ റെമിജിയോസ് ഇഞ്ചനാനിയിൽ

പരിശുദ്ധ അമ്മയുടെ ജപമാലമാസത്തിലേക്ക് നാം പ്രവേശിക്കുകയാണ്. എല്ലാ വർഷവും ഒക്ടോബറിൽ ദൈവാലയങ്ങളിലും ഭവനങ്ങളിലും പ്രത്യേകമാം വിധം ജപമാലവണക്കങ്ങൾ നാം നടത്തുകയും ചെയ്യാറുണ്ട്. കഴിഞ്ഞ വർഷം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നമുക്ക് നടത്താൻ സാധിക്കാതെ പോയ ജപമാലവണക്കങ്ങൾ ഇത്തവണ കഴിയുന്നിടത്തോളം ഭക്ത്യാദരപൂർവ്വം തന്നെ കൊണ്ടാടാൻ നാം ഒരുങ്ങുകയാണല്ലോ. രൂപതയുടെ ആത്മീയ കേന്ദ്രമായ ബഥാനിയായിൽ 100 ദിവസത്തെ അഖണ്ഡ ജപമാല ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. ദൈവാലയങ്ങളിൽ നടക്കുന്ന 10 ദിവസത്തെ കൊന്ത നമസ്കാരത്തോടൊപ്പം കുടുംബക്കൂട്ടായ്മകളിലും, ഭവനങ്ങളിലും വ്യക്തിപരമായുമൊക്കെ കൂടുതൽ ജപമാല ചൊല്ലി മാതാവിന്റെ അനുഗ്രഹം പ്രാപിക്കുവാൻ എല്ലാവരേയും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ലോകത്തിൽ ഇപ്പോഴും ശക്തമായി നിലനിൽക്കുന്ന തിന്മയുടെ ശക്തികൾക്കെതിരെ നൽകപ്പെട്ടിട്ടുള്ള ഏറ്റവും കരുത്തുറ്റ ആയുധങ്ങളിലൊന്നാണ് ജപമാല. സഭാ ചരിത്രത്തിലെ വിശുദ്ധരുടെ ജീവിതങ്ങളെല്ലാം തന്നെ ജപമാലഭക്തിയുടെ വ്യക്തമായ സാക്ഷ്യങ്ങളാണ്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ജീവിതം പരിശുദ്ധ അമ്മയ്ക്ക് പൂർണ്ണമായും സമർപ്പിക്കപ്പെട്ടതായിരുന്നു. 'ഞാൻ പൂർണ്ണമായും നിന്റേത്' എന്നതായിരുന്നു അദ്ദേഹത്തിന്റെ ആപ്തവാക്യം. അദ്ദേഹത്തിന് പരിശുദ്ധ അമ്മയോടുള്ള അതിരറ്റ സ്നേഹത്തിന്റെ അടയാളമാണല്ലോ 2002 ഒക്ടോബർ മാസത്തിൽ ജപമാലവർഷാരംഭം പ്രഖ്യാപിച്ചപ്പോൾ ജപമാലയിൽ പ്രകാശത്തിന്റെ രഹസ്യങ്ങൾ കൂട്ടിച്ചേർത്തത്. 'ജപമാലയുടെ പാപ്പ' എന്നറിയപ്പെട്ടിരുന്ന ലെയോ പതിമൂന്നാമൻ മാർപാപ്പയും ജപമാലയോടും പരിശുദ്ധ അമ്മയോടുമുള്ള ആഴമേറിയ ബന്ധത്തിന്റെ കരുത്തിലാണ് സഭയെ നയിച്ചത്.

പരിശുദ്ധ അമ്മയോടു ചേർന്ന് ഈശോയെ ധ്യാനിക്കുന്നതാണ് ജപമാല. ഓരോ ജപമാലയിലും മറിയത്തിന്റെ മംഗളവാർത്ത മുതൽ സ്വർല്ലോക രാജ്ഞിയായ മാതാവിന്റെ കിരീടധാരണം വരെയുള്ള സംഭവങ്ങളോരോന്നും ധ്യാനിച്ച് ഈശോയുടെ രക്ഷാകര രഹസ്യത്തിൽ നാം പങ്കുചേരുന്നു. 'സ്ത്രീകളിൽ ഏറ്റവും ഭാഗ്യവതി' എന്ന ദൈവദൂതന്റെ അറിയിപ്പും 'ഇതാ കർത്താവിന്റെ ദാസി' എന്ന മാതാവിന്റെ സമർപ്പണവുമെല്ലാം ജപമാല ചൊല്ലുന്ന നമ്മുടെ ജീവിതങ്ങളെയും അനുഗ്രഹപൂരിതമാക്കുന്നു. ദൈവിക രഹസ്യങ്ങളാകുന്ന റോസാപുഷ്പങ്ങൾ നിറഞ്ഞ പൂന്തോട്ടത്തിലൂടെ നടന്ന് ആത്മീയതയുടെ തേൻ നുകരുന്ന ചിത്രശലഭങ്ങളാകുവാനുള്ള അവസരമാണ് ഈ ജപമാലമാസം. ഈശോയെയും മാതാവിനെയും കൂടുതൽ സ്നേഹിക്കാനും അവരിലൂടെ നിറവേറിയ ദൈവിക രഹസ്യങ്ങൾ ആഴത്തിൽ ധ്യാനിക്കാനും നിങ്ങൾക്കേവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കുടുംബങ്ങളിൽ നിന്നാണ് ജപമാലഭക്തിയുടെ നല്ല പാഠങ്ങൾ നമുക്കു പകർന്നു കിട്ടിയത്. രോഗങ്ങളോടും, പട്ടിണിയോടും, കാട്ടുമൃഗങ്ങളോടുമൊക്കെ പടവെട്ടിയ കുടിയേറ്റത്തിന്റെ നാളുകളിലൊക്കെയും പൂർവ്വികർക്ക് കരുത്തും വെളിച്ചവുമായത് പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യമായിരുന്നു. അടുത്തിരുന്ന് വിളി കേൾക്കുന്ന ആ അമ്മയുടെ കരം നമ്മുടെ കൈകളിൽ ചേർത്തു വെച്ചു തന്ന നമ്മുടെ മാതാപിതാക്കളോടു നമുക്ക് കൃതജ്ഞതയുള്ളവരാകാം. പുതുതലമുറയുടെ കൈകളിലും ഈ ജപമാല നമുക്കേൽപിക്കാം. കൊറോണക്കാലത്തെയും ഈ കാലഘട്ടത്തിന്റെ എല്ലാ പ്രതിസന്ധികളെയും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗീയ മാദ്ധ്യസ്ഥ്യം വഴി മറികടക്കാൻ നമുക്കൊന്നിച്ച് പ്രാർത്ഥിക്കാം. ജപമാല രാജ്ഞി എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

# സുരക്ഷാ വാൽവുകൾ ഉണർന്നിരിക്കട്ടെ



## അകം പുറം

കെ. എഫ്. ജോർജ്

വീട്ടിലേക്ക് ഒതുങ്ങാൻ നിർബന്ധിതരായ ഇക്കാലത്ത് ഇറങ്ങിയ സിനിമ 'ഹോം' കുടുംബസദസുകളെ ആകർഷിച്ചു. കാരണം ഏറിയും കുറഞ്ഞും എല്ലാവരുടെയും വീട്ടിലെ അന്തരീക്ഷം തന്നെയാണ് സിനിമയിലും കണ്ടത്.

ഫോണിലും ലാപ്ടോപ്പിലും കണ്ണുനട്ടിരിക്കുമ്പോൾ കുടുംബാംഗങ്ങളിലുണ്ടാകുന്ന ഏകാന്തതയും പൊട്ടിത്തെറികളും നിസ്സഹായാവസ്ഥയുമെല്ലാം ഈ സിനിമ ചർച്ചാവിഷയമാക്കി.

ഇന്റർനെറ്റ് വഴി ഫോൺ റീച്ചാർജ് ചെയ്യുന്നത് പഠിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഏഴുവർഷം മുമ്പ് പിതാവ് തന്നെ സമീപിച്ചതിൽ നിന്നാണ് കഥാബീജം വീണുകിട്ടിയതെന്ന് സംവിധായകൻ റോജിൻ തോമസ് പറയുന്നു.

സിനിമയിൽ ഇന്ദ്രൻസ് അവതരിപ്പിച്ച കഥാപാത്രം ഒലിവർ ട്വിസ്റ്റ് ചെയ്തതു പോലെ ഫോണിൽ ചെയ്യേണ്ട ഓരോ സ്റ്റെപ്പും പറഞ്ഞുകൊടുത്തത് പിതാവ് ബുക്കിൽ കുറിച്ചു വച്ചു. അതുപ്രകാരം ചെയ്ത് ഫോൺ റീച്ചാർജ് ചെയ്തപ്പോൾ പിതാവിന്റെ മുഖത്തുണ്ടായ തിളക്കം പറഞ്ഞറിയിക്കാനാവില്ല.

ഡിജിറ്റൽ കാലത്ത് സ്മാർട്ട് ഫോൺ ഉപയോഗത്തിൽ മുതിർന്ന തലമുറ അനുഭവിക്കുന്ന പ്രയാസങ്ങളും കുടുംബത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും വിഷയമാക്കണമെന്ന ആശയം അപ്പോഴാണ് റോജിൻ തോമസിൽ കടന്നു കൂടിയത്.

ഈ സിനിമയിലെ കഥാപാത്രങ്ങളുടെ ആന്തരിക സംഘർഷങ്ങൾ ഒളിഞ്ഞും തെളിഞ്ഞും ഓരോ വീട്ടിലെയും മാതാപിതാക്കളിലും മക്കളിലുമുണ്ട്.

സാങ്കേതികവിദ്യ ആശയവിനിമയസങ്കേതങ്ങൾ അതീവ ലളിതമാക്കിയപ്പോൾ വ്യക്തികൾ എപ്പോഴും ഏകാന്തതുരുത്തുകളിൽ കുരുങ്ങിപ്പോകുന്നു.

മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ലെന്ന് കണ്ടാണ് ആദത്തിന് ഇണയെ സൃഷ്ടിച്ചു നൽകിയത്.

മനുഷ്യനിൽ മാത്രമല്ല സസ്യ–ജന്തു ജാലങ്ങളിലെ മുഴുവൻ സൃഷ്ടിയും ആണും പെണ്ണുമായാണ്. അതിലൂടെ സൃഷ്ടിയുടെ തുടർച്ച മാത്രമല്ല, എല്ലാ ജീവജാതികൾക്കും ഉണ്ടാകാനിടയുണ്ടായിരുന്ന ഏകാന്തതയ്ക്കും പരിഹാരമായി.

ഫോണിലും കമ്പ്യൂട്ടറിലും ഏറെ നേരം ചിലവിടുമ്പോൾ സ്വന്തം കാര്യം മാത്രം വലുതായി തോന്നുകയും ഏറെ അടുപ്പമുള്ളവരുടെ പ്രശ്നങ്ങളിൽ താൽപര്യമില്ലാതെയും വരുന്നു.

സ്വന്തം കാര്യങ്ങൾ ഉദ്ദേശിച്ചതുപോലെ നടക്കാത്തപ്പോൾ മക്കൾ അലറുകയും ബഹളം കൂട്ടുകയും ചെയ്യുമ്പോൾ നിശബ്ദരാകാതെ മാതാപിതാക്കൾക്ക് മറ്റു മാർഗങ്ങളില്ല. മക്കളുടെ സമ്മർദ്ദം കുറയ്ക്കേണ്ട മുതിർന്നവരുടെ പക്വതയോടെയുള്ള സേവനത്തിന്റെ വഴികളും ഇതോടെ അടയുന്നു. മക്കളുണ്ടാക്കുന്ന ഈ സമ്മർദ്ദം മുതിർന്നവരുടെ ഉള്ള ഊർജ്ജം കൂടി ചോർത്തിക്കളയുകയും ചെയ്യുന്നു.



തൊഴിൽപരവും വ്യക്തിപരവുമായ ഏറെ സമ്മർദ്ദങ്ങളിലൂടെയാണ് യുവതലമുറ കടന്നുപോകുന്നതെന്ന യാഥാർഥ്യം മനസിലാക്കി പെരുമാറാൻ മുതിർന്നവരും മനസുവയ്ക്കേണ്ടിയിരിക്കുന്നു.

സ്മാർട്ട് ഫോൺ ഉപയോഗം അറിയാത്ത മാതാപിതാക്കളെ പഴഞ്ചന്മാരായി തള്ളാതെ റോജിൻ തോമസ് ചെയ്തതുപോലെ അൽപ്പസമയം അവർക്കായി ചിലവിട്ട് പുത്തൻ ടെക്നോളജി പരിചയപ്പെടുത്തിയാൽ അവരെ ആത്മവിശ്വാസമുള്ളവരാക്കി കൂടെ ചേർത്തു നിർത്താം. അതിന്റെ ഗുണം കുടുംബത്തിനു മൊത്തം കിട്ടും.

വിജയികൾക്കു മാത്രമല്ല പരാജിതർക്കും ഇടമുണ്ടെന്നതാണ് കുടുംബത്തിന്റെ പ്രത്യേകത. കുരിശെടുക്കാൻ വീട്ടിൽ തന്നെ ശിമയോന്മാരുണ്ട്. അതിനാൽ കഠിന ഭാരങ്ങൾ ലഘുവായി മാറുന്നു. അങ്ങനെ അംഗങ്ങൾ പരസ്പരം കൈത്താങ്ങായി കുടുംബത്തെ വളർത്തണം.

ജീവിതനൈപുണ്യ കളരിയാണ് കുടുംബം. ഇവിടെയുള്ള ചെറിയ വീഴ്ചകൾ ഭാവിയിൽ വൻ സമ്മർദ്ദങ്ങളെയും പരാജയങ്ങളെയും നേരിടാനുള്ള കാതൽ വളർത്തും.

സാമ്പത്തികത്തകർച്ചയോ വൈകാരിക ക്ലേശങ്ങളോ വരുമ്പോൾ അവിടെ ആരെങ്കിലും ആഘാതത്തിന്റെ സമ്മർദ്ദം കുറയ്ക്കാനുണ്ടാകും. വിള്ളലുകൾ വലുതാകാതെ അടയ്ക്കാൻ ശ്രമങ്ങളുണ്ടാകും. അങ്ങനെ നല്ല വീടുകൾ മികച്ച ഷോക്ക് അബ്സോർബറുകളുമാണ്.

സേഫ്റ്റി വാൽവ് പ്രവർത്തിക്കുന്നില്ലെങ്കിൽ പ്രഷർ കുക്കർ പൊട്ടിത്തെറിച്ചേക്കാം. കുടുംബത്തിനുള്ളിൽ ഒരാൾ മർദ്ദം അമിതമാക്കുമ്പോൾ മറ്റുള്ളവർ സുരക്ഷാ വാൽവായി ഉണർന്നു പ്രവർത്തിക്കണം. അപ്പോഴാണ് കൂട്ടത്തകർച്ച ഒഴിവാകുക.

തമ്മിൽ തമ്മിലുള്ള കരുതലിലും ഉത്തരവാദിത്വങ്ങളുടെ പങ്കുവയ്ക്കലിലുമാണ് കുടുംബത്തിന്റെ വിജയം. ഇവിടെ ആരും വലുതോ ചെറുതോ അല്ല. എല്ലാ അംഗങ്ങൾക്കും റോളുണ്ട്. എല്ലാവരും അവരവരുടെ റോളുകൾ ഭംഗിയായി ചെയ്യുമ്പോൾ കുടുംബമെന്ന വാഹനം ഭംഗിയായി ഓടും.

# കാത്തിരിക്കുന്നു സാധ്യതകൾ

**കർഷക ഗ്രൂപ്പുകൾക്കു വലിയ സാധ്യതകളാണ് മുന്നിലുള്ളത്. സർക്കാരിന്റെ ഭക്ഷ്യ കിറ്റുകളിലേക്കുള്ള പല വസ്തുക്കളും ശേഖരിക്കുന്നത് കർഷകഗ്രൂപ്പുകളിൽ നിന്നും കുടുംബശ്രീ പോലുള്ള സംരംഭങ്ങളിൽ നിന്നുമൊക്കെയാണ്.**

▸ പേജ് ഒന്നിൽ നിന്നു തുടർച്ച

## ജൈവസാധ്യതകൾ

നഗരജീവിതങ്ങൾക്ക് ജൈവം ഒരു അലങ്കാരമാണ്. വീടിന്റെ ഇത്തിരിവട്ടത്തിലോ മട്ടുപ്പാവിലോ ഒക്കെ കൃഷിയെ പറിച്ചുനടുന്നവർ. ഇത്തരക്കാരെ സഹായിക്കാൻ ഒട്ടേറെ ഗ്രൂപ്പുകളുണ്ട്. കൺസൽറ്റന്റ് ആയും വിത്തും വളവും മണ്ണും ചാണകപ്പൊടിയും ജൈവവളങ്ങളും ഒക്കെ നൽകി വിജയകരമായി ജൈവകൂട്ടായ്മകൾ കൊണ്ടു നടക്കുന്നവരുണ്ട്. ഗ്രോബാഗുകൾ സെറ്റു ചെയ്തു നൽകിയും സമയാസമയം അവയുടെ പരിപാലനം ഉറപ്പു വരുത്തിയും ജീവിക്കുന്നവരുണ്ട്. ഇവരെ സഹായിക്കാനുള്ള ഫാം കടകളും ഉണ്ട്. ഗ്രാമമേഖലകളിൽ നിന്ന് നടീൽ വസ്തുക്കളും വളവും ഒക്കെ സമാഹരിച്ച് നഗരമേഖലകളിൽ വിൽപന നടത്തുന്ന സംഘങ്ങൾക്ക് വിജയിക്കാനാകും.

## കൃഷിയിടത്തിലെ തീം പാർക്ക്

ഇന്ത്യയിലെ ആദ്യ മനുഷ്യനിർമിത അഗ്രിക്കൾചറൽ തീംപാർക്കെന്ന ലിംക ബുക്ക് ബഹുമതിയും ലോകത്തിലെ ഏറ്റവും വലിയ അഗ്രിക്കൾച്ചറൽ തീംപാർക്കെന്ന യുആർഎഫ് ബഹുമതിയും നേടിയത് മാംഗോ മെഡോസ് എന്ന പ്രസ്ഥാനമാണ്.

4800 ഇനം സസ്യവർഗങ്ങൾ, 146 ഇനം ഫലവൃക്ഷങ്ങൾ, 85 ഇനം പച്ചക്കറി വിളകൾ, 101 ഇനം മാവുകൾ, 40 ഇനം വാഴകൾ, മൃഗങ്ങൾ എന്നിവ 35 ഏക്കർ പാർക്കിലുണ്ട്. ഇരുപതോളം കോട്ടേജുകളും ഫാം ചുറ്റിക്കാണുന്നതിന് ബാറ്ററി കൊണ്ടു പ്രവർത്തിക്കുന്ന റിക്ഷയും സ്വയം ചവിട്ടി പ്പോകാനുള്ള കാറുകളും ഈ കാർഷികോല്ലാസ പാർക്കിലുണ്ട്.

കടുത്തുരുത്തിക്കു സമീപം ആയാംകുടിയിൽ ആണ് ഒരു കർഷകൻ നട്ടുവളർത്തിയ ഈ അത്ഭുത വനം. പായലും പുല്ലും മരങ്ങളും ഉൾപ്പെടെ നാലു ലക്ഷം സസ്യങ്ങളും മീനും കുളവും മൃഗങ്ങളുമായി ഫാം ടൂറിസത്തിൽ കേരളത്തിൽ പുതുചരിത്രം രചിച്ച മാംഗോ മെഡോസ് ലോകത്തിലെ തന്നെ ആദ്യത്തെ അഗ്രിക്കൾച്ചറൽ തീംപാർക്കെന്ന ബഹുമതിയും നേടി.

മരം വളരില്ലെന്നു വിധിയെഴുതിയ ഈ മണ്ണിൽ ഒരു കാടിനെ മെരുക്കിയെടുത്ത് വളർത്തിയതിനും ഫാം ടൂറിസത്തിന് വേണ്ട ചേരുവകളിൽ ലോകത്ത് കിട്ടാവുന്നതെല്ലാം എത്തിച്ചതിനും പിന്നിൽ കല്ലറ കളപ്പുരയ്ക്കൽ എൻ.കെ. കുര്യൻ എന്ന മനുഷ്യനാണ്. തേയില മുതൽ നെല്ലുവരെ, ആഞ്ഞിലിക്കവിള മുതൽ കിവി ഫ്രൂട്ട് വരെ, കുന്തിരിക്കം മുതൽ രുദ്രാക്ഷം വരെ വിളവെടുപ്പിനൊരുങ്ങി നിൽക്കുന്നു. അശോകവനത്തിൽ സീതയിരുന്ന ശിംശിപാ വൃക്ഷച്ചുവടും ദക്ഷിണേന്ത്യയിൽ ജനിച്ച് ദേശീയ ഫലമായി മാറിയ മാങ്ങയോട് ചേർന്നുള്ള പേരിനെ അന്വർഥമാക്കാൻ 101 ഇനം മാവുകളും നിറഞ്ഞുനിൽക്കുന്നു.

അഞ്ചേക്കറും അതിൽ കുറവും വലുപ്പമുള്ള കുളങ്ങൾ നൽകുന്ന ജലസമൃദ്ധിയാണ് ഈ ജൈവവൈവിധ്യ പാർക്കിന്റെ നട്ടെല്ല്. കാരിയും കൂരിയും വരാലും കാർപ്പും കരിമീനുമടക്കം 66 ഇനം മത്സ്യങ്ങളാണ് ഈ കുളങ്ങളുടെ താളം. ദിവസവും മാംഗോ മെഡോസിലെത്തുന്ന നൂറു കണക്കിന് സന്ദർശകർക്ക് ഉച്ചയൂണിന് ഇവിടെ നിന്നും പിടിച്ച് കറിവച്ചു നൽകും മീനുകളുടെ വൈവിധ്യത്തെ. ഈ മീനുകളെ കാണാനെത്തുന്നവർക്ക് മീനൂട്ടിനും അവസരമുണ്ട്; മീനിന് ആഹാരം നൽകാൻ അവസരം. നിൽക്കുന്നിടത്തേക്ക് ഊളിയിട്ടെത്തുന്നത് നൂറുകണക്കിന് മീനുകളാണ്.

ഇരുപതോളം കോട്ടേജുകളും ഈ കാർഷികോല്ലാസ പാർക്കിലുണ്ട് കുട്ടുകുടുംബമായി താമസിക്കാനുള്ള നാലുകെട്ട് മുതൽ ഹണിമൂൺ കോട്ടേജ് വരെയുണ്ട്. ഇവിടുത്തെ ഗുഹാ കോട്ടേജും അപൂർവതയാണ്. വിശാലമായ കുളത്തിന് മുകളിൽ നിർമിച്ചിരിക്കുന്ന കോട്ടേജിന്റെ തറയിലെ പരവതാനി മാറ്റിയാൽ കളിക്കുന്ന മീനുകളെ കാണാം. താമസിക്കാനെത്തുന്നവർക്ക് ഫാമിലെ പഴവും പച്ചക്കറിയും വിളവെടുക്കുന്നതിനും പാചകം ചെയ്തു കഴിക്കുന്നതിനും അവസരമുണ്ട്. മീറ്റിങ്ങുകൾക്ക് കോൺഫറൻസ് ഹാളും ഒരുങ്ങുന്നുണ്ട്. കാറ്റിൽ നിന്നും സോളാറിൽ നിന്നും വൈദ്യുതിയുൽപാദനവുമുണ്ട്.

ഡേ ടൂർ, റിസോർട്ട് ടൂർ, ആയൂർവേദ ചികിൽസ, നീന്തൽക്കുളം, മറൈൻ അക്വേറിയം, ചീനവല, ടെലിസ്കോപ് ടവർ, സർപ്പക്കാവ്, ഔഷധത്തോട്ടം, ആർച്ചറി, റോപ് കാർ, ട്രാംപോലൈൻ, സ്നൂക്കർ, റോപ് വേ, ബംപർ കാർ അങ്ങനെ ഫാം ടൂറിസത്തിനപ്പുറമുള്ള പൂർണതയും മാംഗോ മെഡോസിൽ ഉടമ കുര്യൻ ഒരുക്കിയിട്ടുണ്ട്.

## ബ്രാൻഡ് സാധ്യതകൾ

നമ്മുടെ നാടൻ ചക്ക ചിപ്സും ഏത്തക്കാ ചിപ്സും വെളിച്ചെണ്ണയും നാളികേര ഉൽപന്നങ്ങളും മറയൂർ ശർക്കരയും മുരിങ്ങക്കയുമൊക്കെ പരിഷ്കാരികളായി ലോകം ചുറ്റാൻ പോകുകയാണ്. കേരളത്തിന്റെ കാർഷിക ഉൽപന്നങ്ങളിൽ 25 എണ്ണത്തെ ആഗോളബ്രാൻഡുകളെ വെല്ലുന്ന രീതിയിൽ തയാറാക്കി ആകർഷണീയമായി പായ്ക്കുചെയ്ത് 'കേരള ബ്രാൻഡായി' ലോകവിപണിയിലെത്തിക്കാൻ കേന്ദ്രസർക്കാർ സ്ഥാപനമായ മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങുമായി (ഐഐപി) സംസ്ഥാന കൃഷിവകുപ്പ് ധാരണാപത്രം ഒപ്പിട്ടതോടെയാണിത്. കർഷക ഗ്രൂപ്പുകൾക്കു മുന്നിൽ വലിയ സാധ്യതകളാണ് ഇത് തുറന്നിടുന്നത്. സർക്കാരിന്റെ ഭക്ഷ്യകിറ്റുകളിലേക്കുള്ള പല വസ്തുക്കളും ശേഖരിക്കുന്നത് കർഷകഗ്രൂപ്പുകളിൽ നിന്നും കുടുംബശ്രീ പോലുള്ള സംരംഭങ്ങളിൽ നിന്നുമൊക്കെയാണ്.

## സാങ്കേതിക വിദ്യകളും സ്റ്റാർട്ടപ് സാധ്യതകളും

സ്റ്റാർട്ടപ് മീറ്റുകളിൽ കർഷകസംരംഭങ്ങൾക്ക് സഹായകമായ ഒട്ടേറെ സാങ്കേതിക വിദ്യകൾ അവതരിപ്പിക്കാറുണ്ട്. ജോലികളെ ലളിതമാക്കുന്ന യന്ത്രവിദ്യകളാണ് ഇന്നിന്റെ ഏറ്റവും വലിയ ആവശ്യം. ചക്ക ഒരുക്കാനും കപ്പ തൊലികളയാനും അരിയാനും ഒക്കെ സഹായിക്കുന്ന ചെറുയന്ത്രങ്ങൾ വരുന്നതോടെ ജോലികൾ എളുപ്പമാകും.

അധികം പഴുക്കാത്ത ചക്ക ഉപയോഗിച്ച് നല്ല നിറത്തോടും രുചിയോടും കൂടി 'വാക്വം ഫ്രൈഡ് ചിപ്സ്' ഉണ്ടാക്കാനുള്ള സാങ്കേതികവിദ്യയും ഇതിനുള്ള വാക്വം ഫ്രൈയിങ് യന്ത്രവും സ്റ്റാർട്ടപ് ഇൻക്യുബേറ്ററിൽ രൂപപ്പെട്ടതാണ്. വാക്വം ഫ്രൈ ചെയ്ത ചിപ്സ് കുറഞ്ഞ തോതിലേ എണ്ണ ആഗിരണം ചെയ്യൂ. എണ്ണ 62 തവണ വരെ പുനരുപയോഗിക്കാം. കുറഞ്ഞ താപനിലയിൽ വറുത്തെടുക്കുന്നതു കൊണ്ടാണിത്.

അതുപോലെ, വാഴപ്പഴം വറുക്കുമ്പോൾ സാധാരണ നിറം മങ്ങുകയും ചെറിയ അരുചി അനുഭവപ്പെടുകയും ചെയ്യും. ഇതിന് അപവാദമാണ് വാക്വം ഫ്രൈഡ് നേന്ത്രപ്പഴം ചിപ്സ് തയ്യാറാക്കുന്ന ഉപകരണം. വാക്വത്തിൽ, അതായത് വായു ഇല്ലാത്ത അവസ്ഥയിൽ, വറുക്കുന്നതിനാൽ ഉൽപന്നത്തിന്റെ നിറം മങ്ങാതിരിക്കുന്നു, രുചിയേറുന്നു. ഉപരിതലത്തിലെ 90% എണ്ണയും വേർതിരിക്കാമെന്നതാണു മറ്റൊരു സവിശേഷത. 60 തവണ ഉപയോഗിച്ചാലും വറുത്ത എണ്ണയുടെ ഗുണം നഷ്ടമാവില്ല. ചിപ്സ് 6 മാസത്തോളം കേടുകൂടാതെ ഇരിക്കും.

ജൈവ പച്ചക്കറി ആണിപ്പോൾ ട്രെൻഡിങ്. ജൈവപച്ചക്കറി, രാജ്യാന്തര അംഗീകാരത്തിന്റെ സർട്ടിഫിക്കേഷനോടെ കൃഷി ചെയ്യിച്ചു വിളവെടുത്ത്, മനോഹരമായ പായ്ക്കറ്റിലാക്കി ആഴ്ചയിൽ രണ്ടുതവണ ഉപഭോക്താക്കളുടെ വീടുകളിലെത്തിക്കുകയാണ് കൊച്ചിയിലെ 'ഫാമിങ് കളേഴ്സ്' എന്ന യുവ സ്റ്റാർട്ടപ് സംരംഭം ചെയ്യുന്നത്.

വയനാട്, കൂനൂർ, മൂന്നാർ എന്നിവിടങ്ങളിലായി ഏതാനും ജൈവകർഷകക്കൂട്ടായ്മകളുമായുള്ള പ്രത്യേക കരാറിലാണു പച്ചക്കറി ഉൽപാദിപ്പിക്കുന്നത്. അവിടങ്ങളിലെ വിള മുഴുവൻ ഇവർ വാങ്ങും. ഇൻഡോസെർട്ട് പോലെയുള്ള ജൈവ സർട്ടിഫിക്കേഷൻ ഏജൻസികളുടെ അംഗീകാരമുള്ളവയാണ് ഈ കൃഷിയിടങ്ങളെന്ന് ഫാമിങ് കളേഴ്സിന്റെ സ്ഥാപകരായ ജിം ജോർജും ആകാശ് മാത്യുവും വ്യക്തമാക്കുന്നു.

പേജ് നാലിൽ തുടരും ▸



## കാട്ടുവേപ്പ് ഒരു ബദൽ

പത്തുവർഷം മുമ്പ് കുരുമുളകും കമുകുമെല്ലാം രോഗം ബാധിച്ച് കൃഷി വെല്ലുവിളിയായി നിൽക്കുന്ന സമയത്താണ് ആനക്കാംപൊയിൽ കരിമ്പ് കളത്തൂർ ബാബു കാട്ടുവേപ്പിന്റെ (മലവേപ്പ്/മിലയ ഡുബിയ) തൈകൾ പ്ലാന്റ് ചെയ്യുന്നത്. മൂന്ന് വർഷം മുമ്പ് ആ മരങ്ങൾ വിൽക്കുമ്പോൾ 10 മരങ്ങൾക്ക് 1.5 ലക്ഷം രൂപ വീതം ലഭിച്ചു. അതേതുടർന്ന് കൂടുതൽ മരങ്ങൾ നട്ട് ഇത് മുഖ്യ ഇനമാക്കാൻ തീരുമാനിക്കുകയായിരുന്നു. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായതോടെ തിരക്കുകൾ വർധിച്ചപ്പോൾ മകൻ മനുവാണ് ഇപ്പോൾ കൃഷി നോക്കി നടത്തുന്നത്. സൗദിയിൽ മെക്കാനിക്കൽ എൻജിനീയറായിരുന്നു മനു.

മരക്കൃഷിയുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും നൽകുന്ന കമ്പനി ഫാംലിയുടെ പിറവിയിലേക്ക് നയിച്ചതും അന്നു നട്ട കാട്ടുവേപ്പ് നൽകിയ മികച്ച വരുമാനമാണ്. മരക്കൃഷി എന്നത് സീറോ കോസ്റ്റ് ആണ്. ഏഴ്, എട്ട് വർഷത്തിനുള്ളിൽ തന്നെ മരം മുറിച്ച് വിൽക്കാൻ സാധിക്കും. ഏറ്റവും വേഗം വളരുന്ന മരമാണ് കാട്ടുവേപ്പ് എന്ന് ഫാംലി അഗ്രോ സർവീസിന്റെ സ്ഥാപകനായ മനു തോമസ് പറയുന്നു.

പ്ലൈവുഡിനാണ് കാട്ടുവേപ്പ് പ്രധാനമായും ഉപയോഗിക്കുന്നത്. തീപ്പെട്ടി കമ്പനികളും സോഫ്റ്റ് വുഡ് ഇൻഡസ്ട്രീസ്, ബയോ ഫ്യൂവൽ എന്നിവയ്ക്കും കാട്ടുവേപ്പ് ഉപയോഗിക്കുന്നു. കർഷകരുടെ കൂട്ടായ്മ രൂപീകരിച്ച് ഒരു പ്ലൈവുഡ് കമ്പനി ആരംഭിക്കുക, മരക്കൃഷി ചെയ്യുന്നവർക്ക് ഗവൺമെന്റ് സഹായം ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് മനുവിന്റെ മനസ്സിലുള്ള ഭാവി പദ്ധതികൾ.

**"മരത്തിന് എക്കാലവും ഡിമാന്റ് ഉണ്ട്. പക്ഷെ, മരം കൃഷിയായി ആരും ചെയ്യുന്നില്ല. പ്ലൈവുഡ് ഇൻഡസ്ട്രിക്ക് ആവശ്യമായതിന്റെ 40 ശതമാനം മരങ്ങൾ പോലും നൽകുവാൻ കേരളത്തിന് സാധിക്കുന്നില്ലെന്നാണ് കണക്കുകൾ പറയുന്നത്. റോ മെറ്റീരിയലുകളുടെ ലഭ്യതക്കുറവുകൊണ്ട് 70ൽ അധികം പ്ലൈവുഡ് ഫാക്ടറികൾ കേരളത്തിൽ പൂട്ടിപ്പോയിട്ടുണ്ട്."**



കൂടുതൽ വിവരങ്ങൾക്ക്:
**85890 97198, 90482 97198**

# വഴിയറിഞ്ഞ് കരുതലോടെ

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കുന്ന മൽസ്യവിൽപന ആപ് ലോകത്തു തന്നെ ആദ്യത്തേതാണ്. മൽസ്യം പോലെ വേഗം ചീഞ്ഞുപോകുന്ന ഉൽപന്നം ഇ കോമേഴ്സ് വഴി വിതരണം നടത്തുന്നതും പുതുമയാണ്.**

പേജ് മൂന്നിൽ നിന്നു തുടർച്ച

കോവിഡ് മഹാമാരിക്കിടയിലും കഴിഞ്ഞ വർഷം 40% വളർച്ച നേടിയ ഒരു സ്റ്റാർട്ടപ് പ്രസ്ഥാനമാണ് 'ഫ്രഷ് ടു ഹോം'. മലയാളികളായ ഷാൻ കടവിൽ, മാത്യു ജോസഫ് എന്നിവർ ചേർന്നു 2015 ൽ ആരംഭിച്ച ഫ്രഷ് ടു ഹോം ഇന്ന് ഇന്ത്യയിലെയും യുഎഇയിലെയും ഏറ്റവും വലിയ ഫ്രഷ് മാർക്കറ്റാണെന്നു സംരംഭകർ അവകാശപ്പെടുന്നു.

യുഎസ് ഗവൺമെന്റിന്റെ ഡവലപ്മെന്റ് ഫിനാൻസ് കോർപറേഷൻ ഇന്ത്യയിൽ നിന്ന് ആദ്യമായി ഓഹരി വാങ്ങുന്നതു ഫ്രഷ് ടു ഹോമിന്റെതാണ്. ഇന്ത്യയിൽ മാത്രം 20 ലക്ഷത്തിൽപരം ഉപയോക്താക്കൾ കമ്പനിക്കുണ്ട്. യുഎഇയിൽ പ്രവർത്തനം തുടങ്ങി ഒരു വർഷം കൊണ്ടു തന്നെ ആ രാജ്യത്തെ ഏറ്റവും വലിയ ഓൺലൈൻ ഫ്രഷ് മാർക്കറ്റായി വളർന്നു. കഴിഞ്ഞ ലോക്ഡൗൺ സമയത്ത് ഇന്ത്യയിൽ 30 ശതമാനവും യുഎഇയിൽ 80 ശതമാനവും ആയിരുന്നു വളർച്ച. പുതിയ ഉപയോക്താക്കളുടെ എണ്ണത്തിൽ കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് 150% ആണ് ഈ മാസത്തെ വളർച്ച. ഈ സാമ്പത്തിക വർഷത്തെ വിറ്റുവരവ് 650 കോടിയിൽ നിന്ന് 1200 കോടിയിൽ എത്തിക്കുകയാണു ലക്ഷ്യമെന്നും ഷാൻ കടവിൽ പറഞ്ഞു.

കേടാകാതിരിക്കാൻ ഫോർമാലിനും അമോണിയയും ചേർത്തതും ആഴ്ചകളോളം ഐസിലിട്ട് സൂക്ഷിച്ചതുമായ മൽസ്യമല്ല, കടപ്പുറത്തു/കായലിൽ പിടികൂടി 24 മണിക്കൂർ തികയാത്ത മീൻ – ഇതാണ് ഫ്രഷ് ടു ഹോമിനെ ജനപ്രിയമാക്കുന്നത്. കോഴിയിറച്ചിയാണെങ്കിൽ ആന്റിബയോട്ടിക് കുത്തിവയ്ക്കാത്ത കോഴികളുടേതും. ഫ്രഷ് ടു ഹോമിന്റെ മീനും ഇറച്ചിയും ഉപഭോക്താക്കൾ രണ്ടു കയ്യും നീട്ടി സ്വീകരിക്കുകയായിരുന്നു.

വള്ളക്കാരിൽ നിന്നാണു പ്രധാനമായും മത്തി വാങ്ങുക. ബെംഗളൂരു, ദുബായ്, ഡൽഹി, തിരുവനന്തപുരം, തൃശൂർ തുടങ്ങിയ നഗരങ്ങളിലും വിൽപനയുണ്ട്. കേരളത്തിൽ മാത്രം ഒരു ലക്ഷം ഉപഭോക്താക്കളുണ്ട്.

വാട്സാപ് പോലുള്ള ഒരു ആപ് മീൻപിടിത്ത ബോട്ടുകാർക്കും വള്ളക്കാർക്കും നൽകിയിട്ടുണ്ട്. മീനുമായി കരയിലെത്തി അതിന്റെ ഇനവും തൂക്കവും ഉദ്ദേശിക്കുന്ന വിലയും ആപ്പിൽ അയയ്ക്കാം. വില സ്വീകാര്യമെങ്കിൽ പച്ചനിറം, അല്ലെങ്കിൽ ചുവപ്പു നിറം. അങ്ങനെ കിട്ടുന്ന വില കടപ്പുറത്തെ വിലയെക്കാൾ കൂടുതലായിരിക്കും. കാരണം ഇവിടെ മീൻപിടിത്തക്കാർക്കും കമ്പനിക്കും ഇടയിൽ ഇടനിലക്കാരില്ല. 1500 പേർ ഇങ്ങനെ മീൻ സപ്ലൈ ചെയ്യുന്നുണ്ട്.

വിവിധ കടപ്പുറങ്ങളിൽനിന്നു ശേഖരിക്കുന്ന മീൻ കൊച്ചിയിലെത്തിച്ച് പരിശോധനയ്ക്കു വിധേയമാക്കും. രാസവസ്തുക്കൾ ചേർത്തിട്ടില്ല എന്ന് ഉറപ്പാക്കിയ ശേഷമേ ക്ലീനിങ് ആരംഭിക്കൂ. ബെംഗളൂരു, ഡൽഹി, മുംബൈ, പുണെ നഗരങ്ങളിലേക്കും ദുബായിലേക്കും മീൻ വിമാനം കയറുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കുന്ന മൽസ്യവിൽപന ആപ് ലോകത്തു തന്നെ ആദ്യത്തേതാണ്. മൽസ്യം പോലെ വേഗം കേടാകുന്ന ഒരു ഉൽപന്നം ഇ കോമേഴ്സ് വഴി വിതരണം നടത്തുന്നതും ലോകത്തിന് തന്നെ പുതുമയാണ്.

പേജ് അഞ്ചിൽ തുടരും

## പിടിച്ചു നിൽക്കാൻ സമ്മിശ്രകൃഷി

കൂടരഞ്ഞി സ്വദേശിയായ ജോജു മംഗലത്ത് മുഴുവൻ സമയ കർഷകനായിട്ട് ഒമ്പതു വർഷം പിന്നിടുന്നു. കൃഷിയോടൊപ്പം തന്നെ ഇവന്റ് മാനേജ്മെന്റ് സംരംഭവും അദ്ദേഹം നടത്തിയിരുന്നു. വരുമാനത്തിന്റെ വലിയൊരുഭാഗം ഇവന്റ് മാനേജ്മെന്റിലൂടെയായിരുന്നു. എന്നാൽ കഴിഞ്ഞ കോവിഡ് കാലം പൂട്ടിട്ട സ്ഥിതിയിലാക്കി. കർഷകനായതുകൊണ്ടാണ് ഈ ദുരന്തകാലത്തെ അതിജീവിക്കാനായതെന്ന് ജോജു പറയുന്നു.

ജോജു സമ്മിശ്ര കർഷകനാണ്. തെങ്ങ്, കമുക്, കുരുമുളക്, കാപ്പി, കൊക്കോ, റബർ, വാഴ, കപ്പ, ചേന എന്നിവയാണ് കൃഷി ചെയ്യുന്നത്. റമ്പുട്ടാൻ, മാംഗോസ്റ്റീൻ, സപ്പോർട്ട എന്നീ ഫലവർഗങ്ങളും കൃഷിയിടത്തിലുണ്ട്. വീട്ടാവശ്യത്തിനുള്ള മിക്ക സാധനങ്ങളും കൃഷി ചെയ്യുന്നു.

"കർഷകർ എന്നും വെല്ലുവിളികളെ അതിജീവിച്ച് മുന്നോട്ട് പോകുന്നവരാണ്. കാർഷിക മേഖലയിലെ വില തകർച്ച, വന്യമൃഗശല്യം, പ്രകൃതി ക്ഷോഭങ്ങൾ എന്നിവ നിത്യേന എന്നപോലെ നേരിടുന്നവരാണ് കർഷകർ. എന്നും പ്രതിസന്ധികളിലൂടെ കടന്നു പോകുന്നതുകൊണ്ട് കോവിഡ് ഒരു വെല്ലുവിളിയായി തോന്നിയിട്ടില്ല." പ്രതിസന്ധികളെ തോൽപ്പിച്ച കർഷകന്റെ ആത്മവീര്യത്തോടെ ജോജു പറയുന്നു.

ഫോൺ: 9656041090

**"സമ്മിശ്ര കർഷകർക്കു മാത്രമേ ഇപ്പോൾ പിടിച്ചു നിൽക്കാൻ കഴിയൂ. കൂടാതെ കാർഷിക മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുകയും വേണം. പഴവർഗ്ഗങ്ങളും പച്ചക്കറികളും സ്റ്റോർ ചെയ്യാൻ സംവിധാനമില്ലാത്തത് വലിയ വെല്ലുവിളിയാണ്. കർഷകർക്ക് വിളകൾ ഉൽപാദിപ്പിക്കാനും അതിൽ നിന്ന് മൂല്യവർധിത ഉൽപന്നങ്ങൾ ഉണ്ടാക്കാനും കഴിയും. എന്നാൽ മാർക്കറ്റിങ്ങിലാണ് അവർ പരാജയപ്പെടുന്നത്. മാർക്കറ്റിങ്ങിനായി കർഷക കമ്പനികൾ ഉയർന്നു വരേണ്ടതും ആവശ്യമാണ്. കാട്ടുമൃഗശല്യം വളരെ അധികമാണ് ഇപ്പോൾ. അതിനെ നേരിടാൻ കൃത്യമായ പദ്ധതികൾ സർക്കാർതലത്തിൽ രൂപീകരിക്കണം."**

## ലോക് ഡൗണിൽ തുടങ്ങിയ മീൻ കൃഷി

● മനോജ് വീട്ടുവേലിക്കുന്നേൽ

ഉദ്യോഗത്തിൽ നിന്നു വിരമിച്ചാൽ വെറുതെയിരിക്കണം എന്ന അഭിപ്രായം പുതുശ്ശേരി വർഗീസിനില്ല. ശാസ്ത്രീയ മത്സ്യകൃഷിയിലൂടെ വീട്ടുകാർക്കും നാട്ടുകാർക്കും നല്ല മത്സ്യം നൽകി സന്തോഷം പകരുകയാണ് റിട്ട. സെയിൽ ടാക്സ് ഓഫീസറായ വർഗീസ്.

അങ്ങാടിപ്പുറം പുത്തനങ്ങാടിയിലെ വീടിനോടു ചേർന്ന് ഒരു സെന്റ് ഭൂമിയിൽ ഫൈബർ നിർമിത കുളം ഒരുക്കി 'പുതുശ്ശേരി അക്വാപോണിക്സി'നു വർഗീസ് തുടക്കമിട്ടത് ഈ കോവിഡ്കാലത്താണ്. അക്വാപോണിക്സിന്റെയും റീസർക്കുലേറ്ററി അക്വാസിസ്റ്റത്തിന്റെയും സാധ്യതകൾ സമന്വയിപ്പിച്ച് 'കുറഞ്ഞ സ്ഥലത്ത് കൂടുതൽ മത്സ്യം' വളർത്തുകയാണ് അദ്ദേഹം. 50,000 ലീറ്റർ വെള്ളം നിറച്ച വൃത്താകൃതിയിലുള്ള കൃത്രിമകുളത്തിൽ നാലായിരം മത്സ്യക്കുഞ്ഞുങ്ങളാണ് വളരുന്നത്.

ഭക്ഷ്യാവശിഷ്ടങ്ങളും മത്സ്യവിസർജ്യവും മത്സ്യക്കുഞ്ഞുങ്ങൾക്ക് ഹാനികരമാകുമെന്നതിനാൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ജലശുദ്ധീകരണ സംവിധാനമാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്.

വിഷരഹിത മത്സ്യത്തോടൊപ്പം ജൈവപച്ചക്കറികളും സുലഭം. കേന്ദ്രസർക്കാരിന്റെ ഗവേഷണസ്ഥാപനമായ വല്ലാർപാടം രാജീവ്ഗാന്ധി സെന്റർ ഫോർ അക്വാകൾച്ചറിൽ ശാസ്ത്രീയ മാനദണ്ഡങ്ങൾ പാലിച്ച് ഉത്പാദിപ്പിക്കുന്ന ഗിഫ്റ്റ് തിലാപ്പിയ മത്സ്യക്കുഞ്ഞുങ്ങളെ ഉപയോഗിക്കുന്നതിനാൽ ആറുമാസത്തിനകം ശരാശരി 500 ഗ്രാം വരെ മത്സ്യത്തിനു തൂക്കം ലഭിക്കുന്നു. പിടയ്ക്കുന്ന മത്സ്യങ്ങൾ ആവശ്യാനുസരണം പിടിച്ചു കൊടുക്കുന്നതാണ് ഇവിടത്തെ രീതി. താല്പര്യമുള്ളവർക്ക് ചൂണ്ടയിട്ട് മീൻപിടിക്കുന്നതിനുള്ള സൗകര്യവുമുണ്ട്. അങ്ങാടിപ്പുറം സർവീസ് സഹകരണ ബാങ്കിന്റെ പുത്തനങ്ങാടി ബ്രാഞ്ച് മാനേജരായ ഭാര്യ സോണിയുടെയും എംബിഎ വിദ്യാർഥിയായ മകൻ തോമസിനെയും പ്ലസ്ടു വിദ്യാർഥിനിയായ മകൾ ഐറിന്റെയും ഉറച്ച പിന്തുണയും വർഗീസിന് തുണയാണ്. ഫോൺ: 9447261702


വർഗീസ് പുതുശ്ശേരി

## കൃഷിയിടം ഉല്ലാസ കേന്ദ്രമാക്കി 'കാന്താരി'

ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി വരുമാനം ലഭിക്കുന്ന നൂതന സംരംഭം ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ദുബായിൽ യോഗ ഇൻസ്ട്രക്ടറും ആയുർവേദ തെറാപ്പിസ്റ്റുമായിരുന്ന കരികണ്ടൻപാറ വാരപ്പറമ്പിൽ റോമിയോ തോമസ് നാട്ടിലെത്തുന്നത്. വീടിനോടു ചേർന്നുള്ള സ്ഥലത്ത് സർഗ്ഗാത്മകതയും കഠിനാധ്വാനവും സമന്വയിപ്പിച്ച് റോമിയോയും കുടുംബാംഗങ്ങളും ഒരുക്കിയ 'കാന്താരി'യെന്ന ഉല്ലാസ കേന്ദ്രം സഞ്ചാരികളുടെ മനം കവരും.

ആദ്യം നിർമ്മിച്ചത് എസി ഏറുമാടമായിരുന്നു. ബെഡ് റൂം, ടോയ്‌ലറ്റ്, ബാൽക്കണി, കോൺഫറൻസ് ഹാൾ തുടങ്ങിയ സൗകര്യങ്ങളോടെയാണ് ഏറുമാടം നിർമ്മിച്ചത്. ഏറുമാടത്തെക്കുറിച്ച് കേട്ടറിഞ്ഞ പലരും അത് കാണാനും ഫോട്ടോയെടുക്കാനും വന്നുതുടങ്ങി. സഞ്ചാരികളെയും സന്ദർശകരെയും കൂടുതൽ സമയം പിടിച്ചു നിർത്തണമെന്ന ആശയമുദിച്ചത് അപ്പോഴാണ്. അങ്ങനെയാണ് ഏറുമാടത്തോടു ചേർന്ന് തട്ടുകട തുടങ്ങുന്നത്. പിന്നീട് ഭാരതീയ ശൈലിയിലുള്ള കുടിലുകളും ഗുഹാവീടും നിർമ്മിച്ചു. ധാരാളം സഞ്ചാരികൾ കാന്താരിയിലേക്ക് താമസിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനുമായി എത്തിയിരുന്നു. കോവിഡ് ഭീതികാരണം ഒന്നര വർഷത്തോളം സംരംഭം അടച്ചിടേണ്ടി വന്നത് പ്രതിസന്ധി സൃഷ്ടിച്ചുവെന്ന് റോമിയോ പറയുന്നു. അടഞ്ഞു കിടക്കുമ്പോഴും നവീകരണത്തിന്റെയും മിനുക്കു പണികളുടെയും തിരക്കിലായിരുന്നു റോമിയോ. ഗുഹാവീട്, നടപ്പാത തുടങ്ങിയവയുടെ നവീകരണവും മറ്റും ഇക്കാലയളവിലാണ് പൂർത്തിയാക്കിയത്.


കാന്താരിയിലെ ഏറുമാടം

"റസ്റ്റോറന്റ് അടഞ്ഞു തന്നെയാണ്. കർഷകരിൽ നിന്നും ഉൽപന്നങ്ങൾ വാങ്ങി മൂല്യവർധിത ഉൽപന്നമാക്കി മാറ്റി വിറ്റും ഭക്ഷ്യവസ്തുക്കൾ തയ്യാറാക്കിയുമാണ് കോവിഡ് കാലത്തെ നേരിട്ടത്. നിയന്ത്രണങ്ങൾക്ക് ഇളവ് വരുന്നതോടെ കാന്താരിയുടെ പ്രവർത്തനം വീണ്ടും തുടങ്ങാമെന്ന വിശ്വാസത്തിലാണ് ഞങ്ങൾ. ഇവിടെ അടുത്തുള്ള മുത്തപ്പൻപ്പാറ വ്യൂപോയിന്റിലേക്ക് ആളുകൾ എത്തി വരുന്നുണ്ട്. പുതിയ പാക്കേജുകളുമായി കാത്തിരിക്കുകയാണ്. നേരത്തെ ബുക്ക് ചെയ്യുന്ന ഫാമിലികൾക്ക് മാത്രമാണ് പ്രവേശനം." റോമിയോ പറയുന്നു.

ഫോൺ: 7034702020

# കൂട്ടുസംരംഭങ്ങളിലൂടെ അതിജീവനം

**സ്മാർട് കിച്ചണിനെക്കുറിച്ച് സംസാരിക്കുന്ന കാലമാണ് ഇത്. നമ്മുടെ പച്ചക്കറികൾ പുതുമ വിടാതെ കറികൾക്ക് പാകമായി മുറിച്ച് നൽകുന്നത് അടക്കമുള്ള വിപണികൾ കണ്ടെത്താൻ സാധിക്കണം.**

▸ പേജ് നാലിൽ നിന്നു തുടർച്ച

നിലമൊരുക്കൽ മുതൽ വിപണനം വരെയുള്ള ഓരോ ഘട്ടവും കർഷകൻ ഒറ്റയ്ക്കു ചെയ്തിരുന്ന കാലമുണ്ടായിരുന്നു. കടമ്പകളേറെയുള്ള ഈ വഴിയിലൂടെ ഒറ്റയ്ക്കുള്ള ഓട്ടമാണ് പലപ്പോഴും അവരെ തളർത്തിയത്. കൂട്ടായ്മയുടെ വിജയഗാഥകൾ എല്ലാ മേഖലകളിൽ നിന്നും ഉയരുമ്പോൾ കൃഷി മേഖല മാത്രമെന്തിനു മാറിനിൽക്കണം. ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളാണ് (എഫ്പിഒ) കർഷകരുടെ കൂട്ടായ വിത്തിറക്കലിനും വിളവെടുപ്പിനും വിപണനത്തിനുമെല്ലാം വലിയ സാധ്യതകൾ തുറന്നിടുന്നത്. തലശ്ശേരി അതിരൂപതയുടെ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി, ചെറുപുഴയിലെ തേജസ്വിനി, നാചറൽ മലബാർ ഫ്രൂട്ട്സ് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, കേര കോക്കനട്ട് അഗ്രി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, പോസിറ്റീവ് കമ്മ്യൂൺ എന്റർപ്രിണർഷിപ്പ് ക്ലബ്, കണ്ണൂർ ഗോട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി അങ്ങനെ ഒട്ടേറെ കമ്പനികൾ ഇപ്പോൾ സജീവമാണ്.

കാർഷിക വിളകൾ മൂല്യവർധിത വസ്തുക്കളാക്കി മാറ്റാൻ സാധിക്കാത്തതാണ് പ്രധാനമായും കർഷകർ നേരിടുന്ന പ്രതിസന്ധി. കപ്പ, പൈനാപ്പിൾ കർഷകരാണ് ഈ വർഷം സംഭരണ–സംസ്കരണ മാർഗങ്ങൾ വേണ്ട വിധം ഇല്ലാത്തതിനാൽ ഏറ്റവും പ്രതിസന്ധി നേരിട്ടത്. ഒരു സീസണിൽ മാത്രം ഉണ്ടാകുന്ന ചക്ക വർഷം മുഴുവൻ ഉപയോഗിക്കാൻ സാധിക്കുന്ന വിധം മൂല്യവർധിത ഉൽപന്നമാക്കി മാറ്റാമെന്നാണ് ജാക്ക്ഫ്രൂട്ട് 365 ഫൗണ്ടർ ജയിംസ് ജോസഫ് പറയുന്നത്.

നമ്മുടെ വിളകളുടെ ഗുണത്തെക്കുറിച്ചു ശാസ്ത്രീയ പഠനം ആവശ്യമാണെന്നും ചക്ക പ്രമേഹ രോഗികൾക്കു കഴിക്കാൻ നല്ലതാണെന്ന പഠനം നടത്തിയപ്പോഴാണ് ആ ഉൽപന്നത്തിനു വിലയുണ്ടായതെന്നും അദ്ദേഹം പറയുന്നു. ഇത്തരത്തിൽ കപ്പ, പൈനാപ്പിൾ എന്നിവയുടെ പഠനം നടക്കണം. കുട്ടികൾക്കായി നൽകുന്ന അമൃതം പൊടിയിൽ കപ്പപ്പൊടി ഉപയോഗിക്കാൻ സാധിക്കുമെന്ന് പഠനത്തിലൂടെ തെളിയിക്കാൻ സാധിച്ചാൽ എത്ര വലിയ മാറ്റമാകും ആ മേഖലയിൽ വരുന്നത്. പഴുത്ത പൈനാപ്പിൾ അല്ലാതെ പച്ച പൈനാപ്പിൾ ഏതൊക്കെ തലത്തിൽ ഉപയോഗിക്കാം എന്നതിൽ കാര്യമായ പഠനം നടന്നിട്ടില്ല.

ഏതൊരു ഉൽപന്നത്തിനും പ്രാദേശികമായി വിപണി കണ്ടെത്തലാണ് ഇതിനെല്ലാം പ്രതിവിധി. വിദേശങ്ങളിലേക്ക് കയറ്റി അയച്ചാൽ മാത്രം മൂല്യം എന്ന ചിന്താഗതി മാറണം. കുറച്ചു വർഷങ്ങൾക്ക് മുമ്പ് കൂടരഞ്ഞിയിൽ ആരംഭിച്ച ഉണർവ്, കർമ്മസേന കർഷക കൂട്ടായ്മകൾ നമുക്ക് പരിചിതമായ ഉദാഹരണമാണ്. 'ഉണർവി'ന്റെ നേതൃത്വത്തിൽ കുറച്ചുകാലം കോഴിക്കോട് നഗരത്തിലെ പള്ളികളിൽ ഭക്ഷ്യ ഉൽപന്നങ്ങൾ വിൽപന നടത്തിയിരുന്നു.

സ്മാർട് കിച്ചണിനെക്കുറിച്ച് സംസാരിക്കുന്ന കാലമാണിത്. നമ്മുടെ പച്ചക്കറികൾ പുതുമ നഷ്ടപ്പെടാതെ കറികൾക്ക് പാകമായി മുറിച്ച് നൽകുന്നത് അടക്കമുള്ള വിപണികൾ കണ്ടെത്താൻ സാധിക്കണം.



ലെസ്‌ലിയും ലവ്‌ലിയും

# വാചകവും പാചകവുമായി 'സംസാരം' യൂട്യൂബ്

● ജിൽസൺ ജോസ്

രുചിവൈവിധ്യങ്ങളുടെ ദൃശ്യവിരുന്നൊരുക്കുന്ന ഇരട്ട സഹോദരിമാരായ ലവ്‌ലിയും ലെസ്‌ലിയും ഇപ്പോൾ യുട്യൂബിൽ താരങ്ങളാണ്. മൂന്ന് വർഷം മുമ്പ് ചെറിയ രീതിയിൽ ഇവർ തുടങ്ങിയ സംസാരം യൂട്യൂബ് ചാനൽ 2.36 ലക്ഷം സബ്സ്ക്രൈബേഴ്സുമായി സിൽവർ പ്ലേ ബട്ടൺ നേട്ടവും കടന്ന് മുന്നേറുകയാണ്.

"2018ൽ ചാനൽ തുടങ്ങിയെങ്കിലും ഞങ്ങളുടെ പാചക വീഡിയോകൾ കൃത്യമായി അപ്‌ലോഡ് ചെയ്യാൻ തിരക്കുകൾമൂലം സാധിച്ചിരുന്നില്ല. 2020 മാർച്ചിൽ ലോക്ഡൗൺ തുടങ്ങിയതോടെ ഇഷ്ടംപോലെ സമയം കിട്ടുമെന്നായി. ആ സമയങ്ങളിൽ ആഴ്ചയിൽ 3 വീഡിയോകൾ വച്ച് അപ്‌ലോഡ് ചെയ്യുവാൻ തുടങ്ങി. മിക്കവരും വീടുകളിൽ തന്നെ ആയിരുന്നതിനാൽ നിരവധിപേർ വീഡിയോ കണ്ടു. ഇരട്ട സഹോദരിമാരെന്ന കൗതുകവും ഞങ്ങളുടെ വീഡിയോകൾ കാണാൻ ആളുകളെ പ്രേരിപ്പിച്ചെന്നു തോന്നുന്നു." ലവ്‌ലി പറയുന്നു.

ചാനലിന്റെ വ്യൂവ്സും സബ്സ്ക്രൈബേഴ്സും കൂടിയതോടെ യൂടൂബിൽ നിന്ന് വരുമാനവും വന്നു തുടങ്ങി. 1.95 കോടിയിലധികമാണ് സംസാരം ടിവിയുടെ ആകെ വ്യൂവേഴ്സ്. രണ്ടര ലക്ഷത്തിനടുത്ത് ആളുകൾ കണ്ട ചിക്കൻ കറി റെസിപ്പിയാണ് ലവ്‌ലി – ലസ്‌ലിമാരുടെ ഹിറ്റ് ഐറ്റം. കൂടാതെ അയലക്കറിയും മുട്ട ബിരിയാണിയും സോഫ്റ്റ് നെയ്യപ്പ റെസിപ്പിയുമെല്ലാം രുചിയന്വേഷകരുടെ മനം കീഴടക്കി.

തുടക്കകാലത്ത് പഴമയുടെ രുചി പ്രേക്ഷകരിലെത്തിക്കുകയെന്ന ലക്ഷ്യവും സംസാരം ടിവിക്കുണ്ടായിരുന്നു. ഇപ്പോൾ ട്രെൻഡിങ്ങായ അന്നാമ്മച്ചേടത്തിയുടെ പാചകം ആദ്യമായി പ്രേക്ഷകരിലെത്തിച്ചത് സംസാരം ടിവിയാണ്. യൂട്യൂബ് സിൽവർ പ്ലേബട്ടണു പുറമേ വയനാട്ടിൽ നടന്ന സൗത്ത് ഇന്ത്യൻ ഇൻഫ്ളുവൻസേഴ്സ് മീറ്റിൽ ബോബി ചെമ്മണ്ണൂർ ഏർപ്പെടുത്തിയ ഗോൾഡ് ബട്ടണും സംസാരം ടിവിയെ തേടിയെത്തി. മികച്ച ഉള്ളടക്കവും സ്ഥിരോത്സാഹവും സാങ്കേതിക പരിജ്ഞാനവുമുണ്ടെങ്കിൽ ആർക്കും നല്ലൊരു വ്ളോഗറാകാമെന്നും യുട്യൂബിലൂടെ മികച്ച വരുമാനം നേടാൻ സാധിക്കുമെന്നും ഈ സഹോദരിമാർ നിസംശയം പറയും.


കുടുംബത്തിന്റെ പിന്തുണയും സഹായവുമാണ് ഊർജമെന്ന് ലവ്‌ലി – ലെസ്‌ലിമാർ പറയുന്നു. ചക്കിട്ടപാറ ഇടവകാംഗവും സോഫിയ പബ്ലിക്കേഷനിൽ പബ്ലിക്കേഷൻ മാനേജറുമായ സിബി മാത്യുവാണ് ലവ്‌ലിയുടെ ഭർത്താവ്. നേഹ, ജോഹാൻ, ജോസ്റ്റൻ, ജോവാന എന്നിവർ മക്കളാണ്.

കുളത്തുവയൽ ഇടവകാംഗവും കുളത്തൂർ എസ്ജിഎം ഗവ. എച്ച്എസ്എസ് പ്രിൻസിപ്പലുമായ സിബി ജോസഫാണ് ലെസ്‌ലിയുടെ ഭർത്താവ്. നോയൽ, നിയ, നിവേൽ എന്നിവരാണ് മക്കൾ.

*സംസാരം യൂട്യൂബ് ചാനൽ വീഡിയോകൾ കാണാൻ QR കോഡ് സ്കാൻ ചെയ്യുക*

# 'ജോ എൻ ലില്ലീസ്': കോവിഡ് കാല വിജയം

'പണിപോയി. ഒരു ജോലി ശരിയാക്കിത്തരാമോ?' കോവിഡ് കാലത്ത് ജോലി നഷ്ടപ്പെട്ട കുറച്ചു നാട്ടുകാരുടെ ചോദ്യത്തിന് വർഗീസ് ലോന കണ്ണാത്ത് നൽകിയ മറുപടിയാണ് 'ജോ എൻ ലില്ലീസ്'. ചെറുകിട വ്യവസായ സംരംഭമായ കണ്ണാത്ത് ഏജൻസീസിന്റെ ജോ എൻ ലില്ലീസ് ബ്രാൻഡഡ് ഉത്പന്നങ്ങൾ വിപണിയിൽ സൽപേരു നേടിക്കഴിഞ്ഞു, ഒപ്പം ഏഴുപേർക്ക് തൊഴിലും. അരിപ്പൊടി, പുട്ടുപൊടി, ഗോതമ്പുപൊടി എന്നിവയ്ക്കു പുറമെ മുളക്, മഞ്ഞൾ, മല്ലി, ചമ്മന്തി പ്പൊടികളും അച്ചാർ, വെളിച്ചെണ്ണ, ബേക്കറി സാധനങ്ങൾ എന്നിവയും ഗുണമേന്മയോടെ വിപണിയിലെത്തിച്ചപ്പോൾ ആവശ്യക്കാരേറെ.



വർഗീസ് ലോന കണ്ണാത്ത്

മേന്മയുള്ള അരിയും ഗോതമ്പും മുളകും മല്ലിയും മഞ്ഞളും വാങ്ങി മില്ലിൽ പൊടിച്ചെടുത്ത് ആകർഷകമായി പായ്ക്ക് ചെയ്ത് ജില്ലയ്ക്കകത്തും പുറത്തുമുള്ള കടകളിലും ആവശ്യമനുസരിച്ച് വീടുകളിലും സ്വന്തം വാഹനത്തിൽ എത്തിക്കും. എന്നും രാവിലെ ആറുമണിക്ക് പെരിന്തൽമണ്ണ അൽഫോൻസാ ഫൊറോന ദേവാലയത്തിലെത്തും. കുടുംബസമേതം ആരാധനയിലും ദിവ്യബലിയിലും പങ്കെടുക്കും. ഏഴരയ്ക്ക് ദേവാലയത്തിനു സമീപമുള്ള സ്വന്തം സ്ഥാപനത്തിലെത്തും. പ്രാർഥനയോടെ കട തുറക്കും. ഇതാണ് ശീലം.

താമരശ്ശേരി രൂപത കത്തോലിക്കാ കോൺഗ്രസ് സെക്രട്ടറി കൂടിയായ വർഗീസ് ചെറുപുഷ്പ മിഷൻ ലീഗ്, കെസിവൈഎം എന്നീ പ്രസ്ഥാനങ്ങളിലും സജീവമായിരുന്നു. സൺഡേ സ്കൂൾ അധ്യാപകനായും സിഒഡി ആശാകിരൺ വൊളന്റിയറായും പ്രവർത്തിച്ചു.ഭക്തസാധനങ്ങൾ വിൽക്കുന്ന സ്ഥാപനമായ കണ്ണാത്ത് ഹോളി സിറ്റി എന്ന സ്ഥാപനം പത്തുവർഷം മുൻപ് പെരിന്തൽമണ്ണയിൽ വർഗീസ് തുടങ്ങിയിരുന്നു. ഇതും നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. മായന്നൂർ ആർപ്പത്താനത്ത് കുടുംബാംഗം ഷീനയാണ് ഭാര്യ. വിദ്യാർഥികളായ ആഷ്‌ലിൻ,ആബേൽ, അനബേൽ എന്നിവർ മക്കൾ.

'ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേന്ദ്ര–കേരള സർക്കാരുകളുടെ നിരവധി പദ്ധതികളുണ്ട്. ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക സബ്സിഡിയുമുണ്ട്. കുറഞ്ഞ പലിശയ്ക്കു ലോണും ലഭിക്കും. രേഖകൾ തയാറാക്കുന്നതിനും മറ്റുമായി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും നല്ല സഹകരണമാണ് ലഭിച്ചത്. ഇടവക വികാരി ഫാ. കുര്യാക്കോസ് ഐക്കൊളമ്പിലും ഇടവകാംഗങ്ങളും എന്റെ കുടുംബാംഗങ്ങളും ജീവനക്കാരും പ്രോത്സാഹനവുമായി കൂടെയുണ്ട്.' വർഗീസ് പറഞ്ഞു.

ചെറുകിട സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവർക്ക് നിർദേശങ്ങൾ നൽകാനും വർഗീസ് ഒരുക്കമാണ്.

ഫോൺ: **9745779803.**



# കർഷകർക്ക് കൈത്താങ്ങായി അശോകപുരത്തെ വി കെയർ

ഉൽപ്പന്നങ്ങൾക്ക് മികച്ച വില നൽകി കർഷകർക്ക് കൈത്താങ്ങേകുക, വിഷരഹിത ഭക്ഷ്യവസ്തുക്കൾ നഗരത്തിലെ ആളുകൾക്ക് എത്തിച്ചു നൽകുക എന്നീ ലക്ഷ്യങ്ങളോടെ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ അശോകപുരം ഇടവകയിൽ ആരംഭിച്ച സ്വയം സഹായ സംഘമാണ് വി കെയർ. കർഷകരിൽ നിന്നും കർഷക സംഘങ്ങളിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന ഭക്ഷ്യവസ്തുക്കളാണ് വി കെയർ വഴി വിപണനം നടത്തുന്നത്. 2020 നവംബർ എട്ടിന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലാണ് വി കെയർ ഉദ്ഘാടനം ചെയ്തത്.

മാംസം, മൽസ്യം, മുട്ട, തേൻ, നെയ്യ്, പഴം, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, അച്ചാറുകൾ, ജാമുകൾ, പലഹാരങ്ങൾ തുടങ്ങിയവയാണ് വി കെയർ വഴി വിപണനത്തിന് എത്തുന്നത്. കോവിഡ് ലോക്ക്ഡൗൺ സമയത്ത് ഹോം ഡെലിവറി സൗകര്യവും വി കെയർ ഏർപ്പെടുത്തിയിരുന്നു.

ഇടത്തട്ടുകാരെ ഒഴിവാക്കി ആത്മവിശ്വാസത്തോടു കൂടി കർഷകർ മുന്നേറുന്നതിന് സഹായകരമായ രീതിയിലാണ് വി കെയർ സ്വയം സഹായ സംഘത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിട്ടുള്ളതെന്ന് സംഘാടകർ പറയുന്നു.

പ്രധാനമായും അശോകപുരം ഇൻഫന്റ് ജീസസ് ദേവാലയങ്കണത്തിൽ ശനിയാഴ്ചകളിൽ നടത്തുന്ന സ്റ്റോൾ വഴി വിപണനം നടത്താനാണ് സംഘം ലക്ഷ്യമിട്ടത്. എന്നാൽ കോവിഡ് നിയന്ത്രണങ്ങൾ ഉള്ളതിനാൽ ഇപ്പോൾ ഓൺലൈൻ വഴി ഓർഡർ സ്വീകരിച്ച് വീടുകളിൽ എത്തിക്കുകയാണ് ചെയ്യുന്നത്.

ഗ്രാമീണ മേഖലയിലുള്ള കർഷകർക്ക് ഗുണനിലവാരം ഉറപ്പുവരുത്തി കാർഷികോൽപന്നങ്ങൾ വി കെയറിനു നൽകിയാൽ മികച്ച വില നൽകാൻ സാധിക്കുമെന്ന് സംഘത്തിന്റെ പ്രസിഡന്റ് ബേബി കിഴക്കുംഭാഗം അറിയിച്ചു. ബിസിനസ് ആവശ്യങ്ങൾക്ക് വി കെയറുമായി ബന്ധപ്പെടാൻ താൽപ്പര്യമുള്ളവർ വിളിക്കേണ്ട നമ്പർ: **9388334485**

# സോഷ്യൽ മീഡിയയെ വരുമാനമാക്കി അലീന


അലീന ബിജു

കുറഞ്ഞ കാലം കൊണ്ട് സോഷ്യൽ മീഡിയയിൽ തന്റേതായ ഇടം കണ്ടെത്തി മുന്നേറുകയാണ് പാറോപ്പടി ഇടവകാംഗമായ അലീന ബിജു. കോളജ് പഠനകാലത്ത് കൂട്ടുകാരുമൊത്ത് നേരംപോക്കിനായി ചെയ്തു തുടങ്ങിയ ടിക്ടോക് വീഡിയോകൾ ശ്രദ്ധിക്കപ്പെട്ടതോടെയാണ് അലീന സോഷ്യൽ മീഡിയയിൽ താരമാകുന്നത്.

ടിക്ടോക്കിന് നിരോധനം വന്നപ്പോൾ ഇൻസ്റ്റഗ്രാം വഴി ചെയ്ത റീലുകളും ഏറെ ശ്രദ്ധിക്കപ്പെട്ടു. അതോടെ പ്രോഡക്ട് പ്രോമോഷനുകൾ, കണ്ടന്റ് ക്രിയേഷൻ എന്നിവയ്ക്കായി കമ്പനികൾ സമീപിക്കുകയും അതിന് മികച്ച പ്രതിഫലം നൽകുകയും ചെയ്തതോടെ സോഷ്യൽ മീഡിയ വരുമാനമാർഗമായി മാറുകയായിരുന്നു.

“ലോക്ഡൗണിൽ ആളുകൾ കൂടുതലായി സോഷ്യൽ മീഡിയ ഉപയോഗിക്കാൻ തുടങ്ങിയതോടെയാണ് പ്രൊഡക്ട് പ്രൊമോഷനുകൾക്കായി കമ്പനികൾ സമീപിച്ചത്. ആ അവസരത്തെ എനിക്ക് നന്നായി വിനിയോഗിക്കാൻ സാധിച്ചു.” – അലീന പറയുന്നു. സോഷ്യൽ മീഡിയ മികച്ചൊരു പ്ലാറ്റ്ഫോമാണെങ്കിലും വിവേകത്തോടെ കൈകാര്യം ചെയ്തില്ലെങ്കിൽ അപകടമാണ് എന്നും അലീന ചൂണ്ടിക്കാട്ടുന്നു. പ്രതീക്ഷിക്കാത്ത ഇടങ്ങളിൽ പോലും ആളുകൾ തിരിച്ചറിയുന്നു, വന്ന് പരിചയപ്പെടുന്നു എന്നതൊക്കെയാണ് സോഷ്യൽ മീഡിയ വരുമാനത്തെക്കാൾ അലീനയ്ക്ക് സന്തോഷം നൽകുന്നത്.

ബിസിനസുകാരനായ പണ്ടാരക്കളം ബിജുവിന്റെയും വീട്ടമ്മയായ ജെസിയുടെയും മകളാണ് അലീന. ദേവഗിരി കോളജിൽ നിന്ന് കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കി. ഏക സഹോദരൻ അലൻ റായ്പൂർ എൻഐടിയിൽ എൻജിനീയറിങ് വിദ്യാർത്ഥിയാണ്.

# ‘ഞാൻ ആരെന്ന ഈശോയുടെ ചോദ്യത്തിന് ഉത്തരം നൽകണം’

ഫാ. ജോസഫ് കളത്തിൽ

‘ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?’ എന്ന് ഈശോ ശിഷ്യന്മാരോടു ചോദിച്ച ചോദ്യം തന്നെയാണ് ഇന്ന് നാമോരോരുത്തരും അഭിമുഖീകരിക്കുന്നതെന്ന് ഫ്രാൻസിസ് മാർപാപ്പ ഓർമിപ്പിച്ചു. ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിൽ നടന്ന 52–മാത് അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസിന് സമാപനം കുറിച്ച് അർപ്പിച്ച വിശുദ്ധ കുർബാനയിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. പെട്ടെന്ന് ഉത്തരം നൽകേണ്ട ചോദ്യമല്ല ഇതെന്ന് ചൂണ്ടിക്കാട്ടിയ മാർപാപ്പ ഈശോയെ ഉദ്ഘോഷിക്കുകയും വിവേചിച്ചറിയുകയും പിന്തുടരുകയും ചെയ്യുന്ന മൂന്ന് ഘട്ടങ്ങളിലാണ് ഈ ചോദ്യത്തിന്റെ ഉത്തരമെന്ന് സൂചിപ്പിച്ചു. ക്രൈസ്തവ–യഹൂദ നേതാക്കളെ അഭിസംബോധന ചെയ്ത പാപ്പ. യഹൂദരോടുള്ള വിദ്വേഷനിലപാട് നീക്കാൻ ഒത്തൊരുമയോടെ സാഹോദര്യം പ്രോത്സാഹിപ്പിക്കണമെന്ന് ആഹ്വാനം ചെയ്തു. “നമ്മുടെ പിതാവായ അബ്രാഹത്തിന്റെ വിശ്വാസത്തിൽ പ്രിയ സഹോദരരേ” എന്നാണ് മാർപാപ്പ യഹൂദരെ അഭിസംബോധന ചെയ്തത്. ഹംഗറിയൻ പ്രധാനമന്ത്രി വിക്തോർ ഒർബാനുമായി മാർപാപ്പ കൂടിക്കാഴ്ച്ച നടത്തി. യഹൂദവിരുദ്ധതയും കുടിയേറ്റവിരുദ്ധതയും പുലർത്തുന്നയാളായാണ് വിക്തോർ ഒർബാൻ അറിയപ്പെടുന്നത്. ഹംഗേറിയൻ പ്രസിഡന്റ് ജാനോസ് അഡേറിനെയും ഹംഗറിയിലെ മെത്രാന്മാരെയും ഇതര ക്രൈസ്തവ സഭാ നേതാക്കളെയും കണ്ടതിനു ശേഷം അയൽരാജ്യമായ സ്ലൊവാക്യയും സന്ദർശിച്ചു.



# പിസ്സാ ഷോപ്പിൽ വചനവിരുന്ന്

ബ്രസീലിയൻ സ്വദേശിയായ മോയ്സ് അസെവെഡോ എന്ന കത്തോലിക്ക വിശ്വാസി തുടങ്ങിയ പിസ്സാ ഷോപ്പ് വ്യത്യസ്തതകൊണ്ട് ശ്രദ്ധേയമാകുന്നു. തന്റെ പിസ്സാ ഷോപ്പിലൂടെ അസെവെഡോ അനേകർക്ക് ക്രിസ്തുവിനെ പരിചയപ്പെടുത്തി കൊടുക്കുകയും അനേകരെ ക്രിസ്തുവിനായി നേടുകയും ചെയ്തിട്ടുണ്ട്. അവിടെയുള്ള പലഹാരങ്ങൾക്ക് ബൈബിളിൽ നിന്നുള്ള പേരുകളായിരുന്നു നൽകിയിരുന്നത്. മെനുകാർഡിലെ വിചിത്രമായ പേരുകൾ അവിടെയെത്തുന്ന യുവാക്കളുടെ കണ്ണിലും മനസിലുമുടക്കി. ആ പേരുകളെ കുറിച്ച് അറിയാനുള്ള ജിജ്ഞാസ അവരെ ബൈബിളിലേക്ക് നയിച്ചു.

ഭക്ഷണം കഴിക്കുന്നതിന്റെ അടുത്ത് ഒരുക്കിയ പ്രാർത്ഥനാമുറി പിസ്സാ ഷോപ്പിന്റെ സവിശേഷതയായിരുന്നു. സാൻഡ് വിച്ചിൽ ആരംഭിച്ച സംസാരങ്ങൾ ആ പ്രാർത്ഥനമുറിയിലേക്കും പിന്നീട് അടുത്തുള്ള ചാപ്പലുകളിലെ വിശുദ്ധ കുർബാന അർപ്പണത്തിലേക്കും ഷോപ്പിലെത്തുന്നവരെ നയിച്ചു.

ഒന്നാം ചരമ വാർഷികം
(08–09–2021)



കെ. കെ. വർക്കി
കളമ്പുകാട്ട്, തിരുവമ്പാടി
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

50–ാം ചരമ വാർഷികം
(14–09–2021)



ജോസഫ് കുഴുമ്പിൽ
പുഷ്പഗിരി
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

ഒന്നാം ചരമ വാർഷികം
(14–10–2021)



അനിറ്റ് അസി ജോസ്
നരിതൂക്കിൽ, തോട്ടുമുക്കം
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്ന്

# 6% പലിശയ്ക്ക് ഭവന വായ്പ

**കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലൂടെ സ്വപ്ന ഭവനം യാഥാർത്ഥ്യമാക്കാം. പലിശ നിരക്ക് ആറു ശതമാനമായി കുറച്ചും ഏപ്പോൾ വേണമെങ്കിലും അപേക്ഷിക്കാവുന്ന തരത്തിലും ഭവന വായ്പയെ കോർപ്പറേഷൻ ഇപ്പോൾ കൂടുതൽ ആകർഷകമാക്കിയിട്ടുണ്ട്**



**ജോൺ ജോൺ പാറയ്ക്ക**
ജനറൽ മാനേജർ, KSMDFC

സ്വന്തമായൊരു ഭവനം ഏവരുടെയും സ്വപ്നമാണ്. ആ സ്വപ്നം കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലൂടെ സാക്ഷാത്ക്കരിക്കാം. പലിശ നിരക്ക് ആറു ശതമാനമായി കുറച്ചും ഏപ്പോൾ വേണമെങ്കിലും അപേക്ഷിക്കാവുന്ന തരത്തിലും ഭവന വായ്പയെ കോർപ്പറേഷൻ ഇപ്പോൾ കൂടുതൽ ആകർഷകമാക്കിയിട്ടുണ്ട്. ഭവന വായ്പയുടെ വിശദാംശങ്ങൾ ചുവടെ:

പരമാവധി 6 ലക്ഷം രൂപയാണ് ഈ പദ്ധതി പ്രകാരം വായ്പയായി അനുവദിക്കുക. വാർഷിക പലിശ നിരക്ക് 6%. അവസാന ഗഡു വിതരണം ചെയ്ത് ഒരു മാസത്തിന് ശേഷം തിരിച്ചടവ് തുടങ്ങുന്നതാണ്. ഏഴു വർഷം (84 മാസം) വരെ തിരിച്ചടവ് കാലാവധി ലഭിക്കും. കുടുംബത്തിന്റെ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ കവിയരുത്.

അപേക്ഷകൻ ഭവനരഹിതനായിരിക്കണം. ഭവന നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം അപേക്ഷകന്റെ പേരിലോ ജീവിതപങ്കാളിയുടെ പേരിലോ ഉണ്ടായിരിക്കണം. സ്വന്തം പേരിൽ സ്ഥലം ഇല്ലെങ്കിലും വായ്പയ്ക്ക് അപേക്ഷിക്കാം. പക്ഷെ, വായ്പ അനുവദിക്കപ്പെടുന്നതിന് മുമ്പ് സ്വന്തം പേരിൽ സ്ഥലം വാങ്ങിയിരിക്കണം.

അതത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എൻജിനീയറുടേയോ അല്ലെങ്കിൽ സെക്രട്ടറിയുടേയോ അംഗീകാരം ഭവന നിർമ്മാണ പ്ലാനിന് ലഭിച്ചിരിക്കണം. അംഗീകൃത സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റും നിർബന്ധമാണ്. നിർമ്മിക്കുന്ന ഭവനത്തിന്റെ വിസ്തീർണ്ണം 1600 സ്ക്വയർ ഫീറ്റിൽ കൂടാൻ പാടില്ല. നിർമ്മാണ ചെലവ് 20 ലക്ഷം രൂപയിൽ താഴെയായിരിക്കണം.



**വെബ്സൈറ്റിൽ നിന്ന് അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്ത് നേരിട്ടോ തപലാലിലോ അതത് റീജിയണൽ ഓഫീസുകളിലേക്ക് അപേക്ഷ അയയ്ക്കാവുന്നതാണ്**

മൂന്ന് ഘട്ടങ്ങളായാണ് വായ്പ തുക വിതരണം ചെയ്യുന്നത്. ആദ്യഘട്ടത്തിൽ ഫൗണ്ടേഷനും തറയുടെ നിർമ്മാണത്തിനുമായി 1.5 ലക്ഷം. രണ്ടാം ഘട്ടത്തിൽ സ്ട്രക്ച്ചർ, റൂഫിങ് എന്നിവയ്ക്കായി 2.5 ലക്ഷം. മൂന്നാം ഘട്ടത്തിൽ ഫിനിഷിങ് വർക്കുകൾക്കായി 2 ലക്ഷം.

www.ksmdfc.org എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്ത് നേരിട്ടോ തപലാലിലോ അതത് റീജിയണൽ ഓഫീസുകളിലേക്ക് അപേക്ഷ അയയ്ക്കാവുന്നതാണ്.

ഫോൺ: **0495 2368366**

*ക്യൂആർ കോഡ് സ്കാൻ ചെയ്ത് അപേക്ഷാ ഫോം ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.*

## കോവിഡ് പ്രതിസന്ധി മറികടക്കാൻ 'സുമിത്രം'

കോവിഡ് പ്രതിസന്ധികൾ കണക്കിലെടുത്ത് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ച വിവിധോദ്ദേശ്യ വായ്പാ പദ്ധതിയാണ് സുമിത്രം. കോർപ്പറേഷന്റെ നിലവിലുള്ള ജാമ്യവ്യവസ്ഥകൾ ഈ വായ്പകൾക്കും ബാധകമാണ്. ഈ പദ്ധതിയിലൂടെ 3 തരം വായ്പകളാണ് അനുവദിക്കുന്നത്.

### ● വിവാഹ വായ്പ

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് രക്ഷിതാക്കൾക്ക് 6% പലിശ നിരക്കിൽ 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കും. രക്ഷിതാവ് മുഖ്യ വായ്പക്കാരനും വധു സഹവായ്പക്കാരിയുമായിരിക്കും. കുടുംബത്തിന്റെ വാർഷിക വരുമാനം ആറു ലക്ഷം രൂപയിൽ കുറവായിരിക്കണം. രണ്ടു തവണകളായാണ് വായ്പ വിതരണം ചെയ്യുക. രണ്ടാമത്തെ ഗഡു ലഭിക്കുവാൻ വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കേണ്ടതുണ്ട്. അവസാന ഗഡു അനുവദിച്ച് ഒരു മാസത്തിനു ശേഷം തിരിച്ചടവ് തുടങ്ങും. 60 മാസമാണ് തിരിച്ചടവ് കാലാവധി.

### ● ചികിത്സാ വായ്പ

മാരകമായ അസുഖം വന്ന് ബുദ്ധിമുട്ടുന്ന രോഗികൾക്കായി 5% പലിശ നിരക്കിൽ 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ തുടങ്ങിയവയ്ക്ക് വായ്പ ലഭിക്കും. കുടുംബത്തിന്റെ വാർഷിക വരുമാനം ആറു ലക്ഷം രൂപയിൽ കുറവായിരിക്കണം. രോഗി സഹവായ്പക്കാരനായാണ് വായ്പ വിതരണം ചെയ്യുക. രണ്ടു തവണകളായാണ് വായ്പ ലഭിക്കുക. രണ്ടാമത്തെ ഗഡു ലഭിക്കുന്നതിനായി ചികിത്സയുടെ അസ്സൽ ബില്ലുകൾ ഹാജരാക്കേണ്ടതുണ്ട്. 18 മുതൽ 55 വരെ പ്രായമുള്ളവർക്കാണ് വായ്പ അനുവദിക്കുക. രണ്ടാം ഗഡുവും ലഭിച്ച് ഒരു മാസത്തിനു ശേഷം തിരിച്ചടവ് തുടങ്ങണം. 60 മാസമാണ് തിരിച്ചടവ് കാലാവധി.

### ● കോവിഡ് വായ്പ

കോവിഡ് പ്രതിസന്ധി മൂലം വരുമാനം നഷ്ടപ്പെട്ടവർക്ക് പുതിയ സ്വയംതൊഴിൽ കണ്ടെത്തുന്നതിനും നിലവിൽ സ്വയംതൊഴിൽ ചെയ്യുന്നവർക്ക് അത് വിപുലീകരിക്കുന്നതിനുമായി 5% പലിശ നിരക്കിൽ 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. വായ്പക്കാരൻ 18 നും 55നും ഇടയിൽ പ്രായമുള്ളവരായിരിക്കണം. കുടുംബത്തിന്റെ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ കുറവായിരിക്കണം. രണ്ടു ഗഡുക്കളായിട്ടാണ് വായ്പ വിതരണം ചെയ്യുക. രണ്ടാം ഗഡു ലഭിച്ച് കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ തിരിച്ചടവ് തുടങ്ങണം. 60 മാസമാണ് തിരിച്ചടവ് കാലാവധി. കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പയുടെ മാനദണ്ഡങ്ങൾ ഈ വായ്പയ്ക്കും ബാധകമാണ്.






## നേട്ടം



● ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട മരിയാപുരം ഇടവകാംഗം ജിന്റോ തകിടിയേൽ. മരിയാപുരം തകിടിയേൽ തോമസ് –ലില്ലി ദമ്പതികളുടെ മകനാണ്. ഭാര്യ: ഹണി. മക്കൾ: മെവിൻ, മിലൻ, ഐവിൻ.



● കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡിന്റെ ജൈവവൈവിധ്യ സംരക്ഷകൻ അവാർഡ് നേടിയ പി. ജെ. തോമസ് പുരയിടം. തിരുവമ്പാടി ഇടവകാംഗമാണ്.



● CA (ചാർട്ടേഡ് അക്കൗണ്ട്) യോഗ്യത നേടിയ സൂര്യാ തോമസ്. മാലാപറമ്പ് കാലായിൽ കെ. ജെ. തോമസിന്റെയും മോളിയുടെയും മകളാണ്.



● പ്ലസ്ടു പരീക്ഷയിൽ മുഴുവൻ മാർക്കും (1200/1200) നേടിയ മമത റോസ്. മരിയാപുരം ഇടവക വീട്ടുവേലിക്കുന്നേൽ മനോജ് – ജിനു ദമ്പതികളുടെ മകളാണ്.

# ബഥാനിയ ധ്യാനകേന്ദ്രത്തിൽ അഖണ്ഡ ജപമാലയ്ക്ക് തുടക്കം

**പുല്ലൂരാംപാറ:** താമരശ്ശേരി രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയായിൽ 101 ദിനരാത്രങ്ങൾ (2021 ആഗസ്റ്റ് 30 മുതൽ 2021 ഡിസംബർ 8 വരെ–24 മണിക്കൂർ) നീണ്ടുനിൽക്കുന്ന അഖണ്ഡ ജപമാലയ്ക്കും ദിവ്യകാരുണ്യ ആരാധനയ്ക്കും തുടക്കമായി. പ്രാരംഭ ദിനത്തിലെ വിശുദ്ധ കുർബാനയ്ക്കും വചന സന്ദേശത്തിനും താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര മുഖ്യകാർമികത്വം വഹിച്ചു. പ്രതിസന്ധിയുടെ നാളുകളിൽ പരിശുദ്ധ അമ്മ എപ്പോഴും നമ്മെ സഹായിക്കുകയും മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യും എന്ന് വിശുദ്ധ കുർബാന മദ്ധ്യേ നടത്തിയ വചന സന്ദേശത്തിൽ മോൺ. ജോൺ ഒറവുങ്കര അഭിപ്രായപ്പെട്ടു.

എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകുന്നേരം 7 മണിക്കും വിശുദ്ധ കുർബാനയും പുലർച്ചെ 3 മണിക്കും ഉച്ചക്കഴിഞ്ഞ് 3 മണിക്കും കരുണകൊന്തയും കുരിശിന്റെ വഴിയും ഉണ്ടായിരിക്കും. പകൽ സമയത്ത് കുമ്പസാരത്തിനുള്ള പ്രത്യേക സൗകര്യം ഒരുക്കിയിട്ടുണ്ട്. കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടായിരിക്കും ശുശ്രൂഷകൾ നടത്തുന്നതെന്ന് ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കൽ അറിയിച്ചു.



**അഖണ്ഡ ജപമാല സമർപ്പണത്തിന് ദീപം തെളിച്ച് വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര തുടക്കം കുറിക്കുന്നു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കൽ അസി. ഡയറക്ടർ ഫാ. ഷാരോൺ കൊച്ചുപുരയിൽ എന്നിവർ സമീപം.**

## ആൽഫയിൽ കെ–ടെറ്റ് പരിശീലനം

**തിരുവമ്പാടി:** നഴ്സിങ് ഓഫീസർ (ഡി. എം.ഇ) നഴ്സിങ് ട്യൂട്ടർ തസ്തികകളിലേക്ക് പിഎസ്‌സി നടത്തുന്ന പരീക്ഷകൾക്ക് ഒരുക്കമായുള്ള ക്രാഷ് കോഴ്സ് ആരംഭിച്ചു. ഓൺലൈൻ ക്ലാസുകളാണ് നൽകുന്നത്. കെ–ടെറ്റ് പരീക്ഷാ പരിശീലനം ഒക്ടോബർ ഒന്നിന് ആരംഭിക്കും. വിവരങ്ങൾക്ക്: **7907028758, 9497567689**

## ഫാൻസി ഡ്രസ് മത്സര വിജയികൾ

**താമരശ്ശേരി:** തിരുബാലസഖ്യം സംഘടിപ്പിച്ച മദർ തെരേസ ഫാൻസി ഡ്രസ് മത്സരത്തിൽ മെറീന ജോബി പുതിയേടത്തിന് (കൂടരഞ്ഞി) ഒന്നാം സ്ഥാനം. സോയ മരിയ വരിക്കാനിക്കൽ (കോടഞ്ചേരി) രണ്ടും അനിറ്റ് ജയ്ഷ് കോലത്തേൽ (കോട്ടക്കൽ), സേറാ ജോബിൻ കണ്ണേഴത്ത് (കരിയത്തുംപാറ) എന്നിവർ മൂന്നും സ്ഥാനങ്ങൾ നേടി.

## 'പൂവിളി' ഓൺലൈൻ ഓണാഘോഷം

**തിരുവമ്പാടി:** അൽഫോൻസ കോളജിൽ ആഗസ്റ്റ് 18 മുതൽ 20 വരെ 'പൂവിളി' ഓൺലൈൻ ഓണാഘോഷം സംഘടിപ്പിച്ചു. ഒന്നാം ദിനം പൂവിളി എന്ന പേരിൽ പൂക്കളം, തനിമലയാളം, ഓണത്തള്ള്, സുന്ദരിക്ക് പൊട്ടുതൊടൽ എന്നീ മത്സരങ്ങളും രണ്ടാം ദിനം ആറാട്ട് എന്ന പേരിൽ മലയാളി മങ്ക/ കേരള ശ്രീമാൻ, ഓണക്വിസ്, ഓണപ്പാട്ട്, മാവേലി വേഷം എന്നീ മത്സരങ്ങളും നടന്നു. മൂന്നാം ദിനത്തിൽ ഓണസദ്യ എന്ന പേരിൽ ഓണം ട്രോൾ ഓണപ്പാട്ട് ഇൻട്രുമെന്റ്, ആക്ട് നടൻ/നടി എന്നീ മത്സരങ്ങളും നടന്നു. എഎസ്എൽഡബ്ല്യൂവിന്റെ നേതൃത്വത്തിലാണ് എല്ലാ പ്രോഗ്രാമുകളും സംഘടിപ്പിച്ചത്.

## ഷൈൻ സാഹോദര്യ കൂട്ടായ്മയും യാത്രയയ്പ്പും

**തിരുവമ്പാടി:** അൽഫോൻസ കോളജിൽ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ 2020–2021 ൽ കോളജിൽ നിന്ന് പഠനം പൂർത്തിയാക്കിയ ജീസസ് യൂത്ത് അംഗങ്ങൾക്ക് യാത്രയയ്പ്പ് നൽകി. ഗൂഗിൾ മീറ്റിലൂടെ നടത്തിയ പരിപാടിയിൽ ജീസസ് യൂത്ത് അംഗങ്ങൾ പങ്കെടുത്തു.

പ്രിൻസിപ്പൽ ഡോ. ചാക്കോ കാളാംപറമ്പിൽ, ജീസസ് യൂത്ത് ആനിമേറ്റേഴ്സ് റോബിൻ ജോർജ്ജ്, സാനമ്മ തോമസ് കോർ ടീം കോർഡിനേറ്റർ രമ്യ സി. അലക്സ് എന്നിവർ പങ്കെടുത്തു. ജീസസ് യൂത്ത് അംഗങ്ങൾ അവരുടെ കോളജ് ജീവിതത്തിലെ ദൈവിക ഇടപെടലുകളെക്കുറിച്ച് പങ്കുവച്ചു. ജീസസ് യൂത്ത് അംഗം എന്ന നിലയിൽ കോളജിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദിയർപ്പിച്ചു.



## പ്രീ-കാനാ കോഴ്സ്

താമരശ്ശേരി രൂപത ഫാമിലി അപ്പോസ്തലേറ്റ് സംഘടിപ്പിക്കുന്ന ഓൺലൈൻ പ്രീകാനാ കോഴ്സ് ഒക്ടോബർ 8 മുതൽ 10 വരെയും നവംബർ 12 മുതൽ 14 വരെയും നടക്കും. ഓൺലൈനായാണ് ക്ലാസുകൾ. ഇടവക വികാരിയുടെ കത്ത്, പങ്കെടുക്കുന്നയാളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സൈറ്റിൽ അപ്ലോഡ് ചെയ്യണം. ക്യൂആർ കോഡ് സ്കാൻ ചെയ്ത് പ്രീകാനാ കോഴ്സ് ബുക്ക് ചെയ്യാം. ഫോൺ: **8547191056**

## പുസ്തക പരിചയം

**● കിഴക്കിനഭിമുഖമോ ജനാഭിമുഖമോ?**



താമരശ്ശേരി രൂപതാ വൈദികനും സിറോ മലബാർ സഭയുടെ സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി അംഗവും താമരശ്ശേരി രൂപത ലിറ്റർജിക്കൽ കമ്മീഷൻ കൺവീനറുമായ ഫാ. ജോസഫ് കളത്തിൽ രചിച്ച ഗ്രന്ഥം. കിഴക്കിനഭിമുഖ- ജനാഭിമുഖ ബലിയർപ്പണ രീതികളെക്കുറിച്ചുള്ള ചരിത്ര-ദൈവശാസ്ത്ര പഠനമാണ് ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ലിറ്റർജി പണ്ഡിതൻ ഡോ. പോളി മണിയാട്ടിന്റെ അവതാരിക.

ഐറിൻ ബുക്സ് പ്രസിദ്ധീകരിച്ചിരിക്കുന്നു. വില: 170. കോപ്പികൾക്ക്: **9495479045.** (കോപ്പികൾ തപാലിൽ ലഭിക്കും.)

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് & അഗ്രികൾച്ചറൽ എത്തിക്സ് ഉദ്ഘാടനം ചെയ്തു

**താമരശ്ശേരി:** ഭക്ഷ്യ, കാർഷിക ധാർമികതയിൽ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കാൻ താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട് ഓഫ് ഫുഡ് ആന്റ് അഗ്രികൾച്ചറൽ എത്തിക്സ് എന്ന സംരഭം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

മനുഷ്യനെ മാറ്റി നിർത്തിയുള്ള പ്രകൃതി സംരക്ഷണമോ പ്രകൃതിയെ മാറ്റി നിർത്തിയുള്ള മനുഷ്യസംരക്ഷണമോ ഇല്ലെന്നും സർവ്വ സാധ്യതയും സമ്മേളിപ്പിച്ചുകൊണ്ടുള്ള നീക്കമാണ് വേണ്ടതെന്നും ഇതുതന്നെയാണ് സംയോജിത പരിസ്ഥിതി എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ദർശനമെന്നും മുഖ്യമന്ത്രി ഓർമിപ്പിച്ചു.

"താമരശ്ശേരി രൂപതയുടെ കൃഷിയും ഭക്ഷണവും സംബന്ധിച്ചുള്ള കരുതൽ ശ്ലാഘനീയമാണ്. സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനു മതാചാര്യന്മാരുടെ ദർശനങ്ങൾ എങ്ങിനെ ഉപകാരപ്പെടുന്നുവെന്നതിന്റെ ഉദാഹരണമാണ് ഇത്തരം സംരംഭങ്ങൾ." - മുഖ്യമന്ത്രി പറഞ്ഞു.

ഭക്ഷ്യ, കാർഷിക മേഖലയിലെ ധാർമികതയെ ഉദ്ബോധിപ്പിക്കുന്ന ഇന്ത്യയിലെ തന്നെ ആദ്യ സംരഭമാകും ഇൻസ്റ്റിറ്റ്യൂട് ഓഫ് ഫുഡ് ആന്റ് അഗ്രികൾച്ചറൽ എത്തിക്സ് എന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സിറോ-മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു.

സമൂഹത്തിന്റെ പൊതുആരോഗ്യത്തിന് ഓരോരുത്തരുടെയും ശാരീരിക മാനസിക ആരോഗ്യം പ്രധാനമാണ്. അതിനായി കൃഷിയിലും പരിപാലനത്തിലും ആസൂത്രണത്തിലും ഒരു നവസംസ്കൃതി രൂപപ്പെടുത്തേണ്ടതുണ്ട്. ജൈവ മേഖലയെ മനുഷ്യനു ഉപകാരപ്രദമായി പരിപാലിക്കണം. പാരിസ്ഥിതിക സന്തുലനവും പുതിയ ഭക്ഷ്യ സംസ്ക്കാരവും രൂപപ്പെടുത്താൻ ഇത്തരം സ്ഥാപനങ്ങൾക്ക് കഴിയട്ടെ എന്നും കർദിനാൾ അഭിപ്രായപ്പെട്ടു. വർത്തമാന കാലത്തിന്റെ പ്രധാന വിഷയമാണ് ഇത്തരം സ്ഥാപനത്തിലൂടെ താമരശ്ശേരി രൂപത ഏറ്റെടുത്തിരിക്കുന്നതെന്ന് ആമുഖപ്രഭാഷണം നടത്തിയ കൃഷിമന്ത്രി പി. പ്രസാദ് പറഞ്ഞു.

തകരുന്ന കാർഷിക മേഖലയ്ക്കു ധാർമിക അടിത്തറ പാകുന്നതോടെ ഭൂമിയുടെ സുസ്ഥിതിയും പരിസ്ഥിതിക്ക് അനുയോജ്യമായ ജീവിത ശൈലിയും ഉരുത്തിരിഞ്ഞ് വരുമെന്ന് സ്വാഗതപ്രസംഗത്തിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു. ശാസ്ത്ര സാങ്കേതിക വളർച്ചയിലും ജീവിതശൈലീ ഭക്ഷ്യജന്യ രോഗങ്ങൾ പെരുകുകയാണ്. ഒരു അതിജീവന ശാസ്ത്രമായാണ് ഇത്തരം സ്ഥാപനങ്ങൾ വിഭാവന ചെയ്തതെന്നും ബിഷപ് പറഞ്ഞു.കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിലെ പ്രഫ. ഡോ. ജോസ് ആന്റണി മുഖ്യപ്രഭാഷണം നടത്തി.എം.കെ. രാഘവൻ എംപി, എംഎൽ എമാരായ ലിന്റോ ജോസഫ്, ഡോ. എം. കെ. മുനീർ, ജലവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടി. കെ. ജോസ്, എം ജി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജി കോ-ഓർഡിനേറ്റർ ഡോ. കെ. അനൂജതോമസ്, ഇക്വാറ്റർ ജിയോ പ്രൈവറ്റ് ലിമിറ്റഡ് സി ഇ ഒ ഡോ. മാനുവേൽ തോമസ്, വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര തുടങ്ങിയവർ പ്രസംഗിച്ചു.

## നേട്ടം



● ഐഐടി ബോംബെയിൽ നിന്നും മെക്കാനിക്കൽ എൻജിനീയറിങ്ങിൽ പിഎച്ച്ഡി നേടിയ ആൽവിൻ വർഗീസ്. കട്ടാങ്ങൽ എൻ ഐടി ക്യാംപസ് ഇടവകാംഗം മുട്ടത്ത് വർഗീസ് - ത്രേസ്യാമ്മ ദമ്പതികളുടെ മകൻ. ഭാര്യ: ഡോ. ആഗ്നസ് ആന്റോ. മക്കൾ: ടെസ, ലിസ.

# മിഷൻ ലീഗ് പ്ലാറ്റിനം ജൂബിലിക്ക് തുടക്കമായി

**താമരശ്ശേരി:** ചെറുപുഷ്പ മിഷൻ ലീഗ് പ്ലാറ്റിനം ജൂബിലി സംസ്ഥാനതല ഉദ്ഘാടനം ഭരണങ്ങാനത്തു നടന്നു. ചടങ്ങിൽ രൂപതകൾക്ക് പ്ലാറ്റിനം ജൂബിലി ദീപശിഖകൾ കൈമാറി. താമരശ്ശേരി രൂപതാ കേന്ദ്രത്തിൽ എത്തിച്ച ദീപശിഖ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മേഖലാ പ്രസിഡന്റുമാർക്ക് കൈമാറി.

മിഷൻ ലീഗ് രൂപതാ സമിതി എല്ലാ ശാഖകൾക്കും മേഖലാ പ്രസിഡന്റുമാർ മുഖേന ജൂബിലി തിരി എത്തിച്ചു നൽകി. ശാഖകളിൽ ദീപശിഖക്ക് ദേവാലയ വാതിൽക്കൽ വെച്ച് സ്വീകരണം നൽകി. പതാക ഉയർത്തൽ, ജൂബിലി ഗാനാലാപനം, മുദ്രാവാക്യം, പ്രാർത്ഥന എന്നിവയോടെ ഉദ്ഘാടന പരിപാടികൾ ശാഖകളിൽ നടന്നു. കുർബാനയ്ക്ക് ശേഷം വികാരിയച്ചൻമാർ ജൂബിലിദീപശിഖ തെളിയിക്കുകയും ഭവനങ്ങളിലേയ്ക്ക് കത്തിച്ചു നല്കേണ്ട തിരി ജൂബിലി ദീപശിഖയിൽ നിന്നും കുട്ടികൾക്ക് കത്തിച്ചു നൽകുകയും ചെയ്തു. 2022 ഒക്ടോബർ മൂന്നു വരെയാണ് ജൂബിലിആഘോഷ പരിപാടികൾ.



# പെരിഫെറൽ ആർട്ടറി ഡിസീസ്

**കൈകാലുകളിലെ രക്തക്കുഴലുകളിലെ ഒഴുക്ക് തടസ്സപ്പെടുന്ന രീതിയിൽ ചുരുങ്ങുന്ന രോഗാവസ്ഥയാണ് പെരിഫെറൽ ആർട്ടറി ഡിസീസ്. കാലിലെ മാംസപേശികളിൽ വലിവ്, വേദന, തളർച്ച എന്നിവ സ്ഥിരമായി അനുഭവപ്പെടുന്നത് ഈ രോഗ ലക്ഷണമാകാം. തുടക്കത്തിലേ തിരിച്ചറിഞ്ഞാൽ മരുന്നുകളിലൂടെയും ജീവിതചര്യകളിലൂടെയും ഈ അസുഖം മാറ്റിയെടുക്കാം. കൃത്യമായി ചികിത്സിച്ചില്ലെങ്കിൽ ഹൃദയസ്തംഭനം, സ്ട്രോക്ക് മുതലായവയ്ക്ക് സാധ്യത ഏറെയാണ്.**



## ആരോഗ്യരംഗം

ഡോ. സുനിൽ രാജേന്ദ്രൻ
വാസ്ക്കുലാർ സർജറി വിഭാഗം മേധാവി, സ്റ്റാർകെയർ ഹോസ്പിറ്റൽ, കോഴിക്കോട്

നടക്കുമ്പോഴും പടികൾ കയറുമ്പോഴും കാലിലെ മാംസപേശികളിൽ വലിവ്, വേദന, തളർച്ച എന്നിവ സ്ഥിരമായി അനുഭവപ്പെടുന്നുണ്ടോ? എങ്കിൽ പെരിഫെറൽ ആർട്ടറി ഡിസീസ് എന്ന വില്ലൻ നിങ്ങളെ കീഴ്പ്പെടുത്താൻ തുടങ്ങിയിട്ടുണ്ടാകാം.

പെരിഫെറൽ ആർട്ടറി ഡിസീസ് എന്നതിന്റെ ചുരുക്കെഴുത്താണ് P.A.D. കൈകാലുകളിലെ രക്തക്കുഴലുകൾ ഒഴുക്ക് തടസ്സപ്പെടുന്ന രീതിയിൽ ചുരുങ്ങുന്ന രോഗാവസ്ഥയാണിത്. P.A.D ഏറ്റവും കൂടുതൽ ബാധിക്കുന്നത് കാലുകളെയാണ്.

ഓക്സിജനും പോഷകങ്ങളും അടങ്ങിയ രക്തം ഹൃദയത്തിൽ നിന്ന് ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് എത്തിക്കുകയാണ് ധമനികൾ നിർവഹിക്കുന്ന ധർമ്മം. ധമനികളിൽ തടസ്സം ഉണ്ടായാൽ ആവശ്യമായ ഓക്സിജൻ ലഭ്യത മുടങ്ങുന്നു.

### കാരണങ്ങൾ പലത്

● പുകവലിയാണ് P.A.Dനുള്ള മുഖ്യകാരണം. പുകവലി കാരണമുണ്ടാകുന്ന പുക ഉള്ളിലെത്തിക്കഴിഞ്ഞാൽ അതിലടങ്ങിയിരിക്കുന്ന വിഷാംശം കട്ടികൂടിയ ആവരണമായി (Plaque) രക്തക്കുഴലുകളിൽ അടിഞ്ഞുകൂടുന്നു. ഇത് രക്തത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നു.

● പ്രമേഹം ● അമിതഭാരം ● ഉയർന്ന രക്തസമ്മർദം ● ഉയർന്ന കൊളസ്ട്രോൾ നില പ്രായാധിക്യം (പ്രത്യേകിച്ച് 50 വയസ്സിനു മേലെ പ്രായമുള്ളവർ)

● പാരമ്പര്യ രോഗമായും കണ്ടുവരാറുണ്ട്.

### ലക്ഷണങ്ങൾ അറിയണം


നടക്കുമ്പോഴും പടികൾ കയറുമ്പോഴും തുടകളിലും മുട്ടിനുതാഴെയും ഉണ്ടാകുന്ന കടച്ചിൽ, വലിവ്, വേദന, തളർച്ച എന്നിവയാണ് P.A.Dയുടെ പ്രധാന ലക്ഷണങ്ങൾ. അൽപനേരം വിശ്രമിക്കുമ്പോൾ ഈ ലക്ഷണങ്ങൾ പൂർണമായും മാറുന്നതിനാൽ തുടക്കത്തിൽ ആരും തന്നെ ഗൗനിക്കാറില്ല. കാലക്രമേണ ഉണ്ടാവുന്ന മറ്റു ലക്ഷണങ്ങൾ ചുവടെ:

● കാൽ തളർച്ച ● കാൽപാദം, കാലിന്റെ അടിഭാഗം ഇവിടങ്ങളിൽ ഒരു കാലിനെ അപേക്ഷിച്ചു മറ്റേ കാലിൽ തണുപ്പ് അനുഭവപ്പെടുക. ● കാലിന്റെ നിറത്തിൽ വ്യത്യാസം അനുഭവപ്പെടുക ● കാലുകളിലെ രോമങ്ങൾ കൊഴിയുക, രോമവളർച്ച മന്ദഗതിയിലാകുക ● വിരലുകൾ കറുക്കുക ● കാൽ ഭാഗത്തെ തൊലി തിളക്കമുള്ളതാവുക. ● കാൽ ഭാഗത്തെ ഉണങ്ങാത്ത മുറിവുകൾ, മുറിവുകളിൽ വേദന, ഉറക്കം നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള വേദന. ● കാൽ ഭാഗത്തെ ഞരമ്പുകളിൽ പൾസ് അറിയാൻ കഴിയാതെ വരിക ● കാൽ ഭാഗത്തെ സ്പർശന ശേഷി കുറയുക ● ഉദ്ധാരണക്കുറവ്

ഭൂരിഭാഗം പേരും P.A.Dയുടെ ലക്ഷണങ്ങളെ തെറ്റായ രീതിയിൽ വിലയിരുത്താറാണ് പതിവ്. തുടക്കത്തിൽ തിരിച്ചറിയുന്ന P.A.D വാസ്കുലാർ സർജ്ജന്റെ നിർദ്ദേശാനുസരണം മരുന്നുകളിലൂടെയും മികച്ച ജീവിതചര്യകളിലൂടെയും മാറ്റിയെടുക്കാൻ കഴിയും.

### പരിശോധനകൾ

പെരിഫെറൽ ആർട്ടറി ഡിസീസ് എളുപ്പത്തിലും വേദനരഹിതമായും പരിശോധിച്ചു സ്ഥിരീകരിക്കാൻ കഴിയും. ആങ്കിൾ ബ്രാക്കിയൽ ഇൻഡക്സ് പരിശോധന (Ankle brachial index) P.A.D സ്ഥിരീകരിക്കാൻ നിർദ്ദേശിക്കുന്ന ഒന്നാണ്. കണങ്കാലിലെയും കൈയ്യിലെയും രക്തസമ്മർദ്ദം താരതമ്യം ചെയ്യുകയാണ് ഇതിലൂടെ ചെയ്യുന്നത്. പ്രത്യേക തരം അൾട്രാ സൗണ്ട് ഉപകരണത്തിന്റെ സഹായത്തോടെയാണ് ഇത് സാധ്യമാകുന്നത്. ഡോപ്ലർ അൾട്രാ സൗണ്ട് പോലെയുള്ള അൾട്രാ സൗണ്ട് ഇമേജിങ് രീതികളിലൂടെ P.A.D പരിശോധന സാധ്യമാകും. ആൻജിയോഗ്രാം പരിശോധനയിലൂടെയും രോഗംതിരിച്ചറിയാൻ കഴിയും. പ്രത്യേകതരം ഡൈ പദാർത്ഥം (Contrast Material) രക്തക്കുഴലിൽ നിക്ഷേപിച്ച് അതിന്റെ പ്രയാണം Magnetic Resonance Angiography (MRA), Computerized Tomography Angiography (CTA) പോലെയുള്ള ഇമേജിങ് രീതികളിലൂടെ വീക്ഷിക്കാൻ സാധിക്കും.



Catheter Angiography വഴി രോഗാവസ്ഥയുള്ള ഭാഗത്ത് ഡൈ കടത്തി വിടാനും വിലയിരുത്താനും കൂടുതൽ എളുപ്പമാണ്. ലക്ഷണങ്ങൾ തിരിച്ചറിഞ്ഞാൽ പരിശോധനകൾക്കും ചികിത്സയ്ക്കും സമയം വൈകിപ്പിക്കരുത്. ലക്ഷണങ്ങളുടെ അഭാവത്തിൽ താഴെ കൊടുത്തിരിക്കുന്ന വിഭാഗത്തിൽ ഉള്ളവർ പരിശോധനകൾക്ക് സ്വയം തയ്യാറാവുന്നത് നന്നായിരിക്കും.

● 65 വയസ്സിനു മുകളിലുള്ളവർ ● പുകവലി, പ്രമേഹം എന്നിവയുള്ള 50 വയസിനു മുകളിലുള്ളവർ ● അമിതഭാരം, ഉയർന്ന രക്തസമ്മർദം, പ്രമേഹം ഇവയുള്ള 50 വയസ്സിനു താഴെ ഉള്ളവർ ● CAD/CVD/വൃക്കയ്ക്കു തകരാർ ഉള്ളവർ

### ശ്രദ്ധിച്ചില്ലെങ്കിൽ വില്ലനാകും

P.A.D രോഗികൾക്ക് മറ്റുള്ളവരെ അപേക്ഷിച്ച് ഹൃദയസ്തംഭനം, സ്ട്രോക്ക് മുതലായവയ്ക്ക് സാധ്യത ഏറെയാണ്. കാലുകളെ ബാധിക്കുന്ന P.A.D യഥാസമയം ചികിത്സിച്ചില്ലെങ്കിൽ നിർജ്ജീവമായി ചീഞ്ഞഴുകുന്ന അവസ്ഥയായി (Gangrene) കാൽ/വിരലുകൾ മുറിച്ചു മാറ്റേണ്ട നില (Amputation)യിലേക്ക് മാറും. പ്രമേഹ രോഗികൾക്ക് P.A.D സംഭവിച്ചുകഴിഞ്ഞാൽ കാൽ മുറിച്ചുമാറ്റേണ്ട സാധ്യത നാലിലൊന്നാണ്. അല്ലാത്തവരിൽ 5%ഉം കാൽ മുറിച്ചുമാറ്റലിൽ കലാശിക്കുന്നു.

*എൺപത്തിയാറാം വയസ്സിൽ P.A.D ബാധിച്ചു ബൈപ്പാസ് സർജറിയിലൂടെ കാൽമുറിച്ചുമാറ്റലിൽ നിന്ന് രക്ഷ നേടിയ രോഗിയുടെ അനുഭവം കാണാൻ QR Code സ്കാൻ ചെയ്യുക*

### ചികിത്സ പ്രധാനം

P.A.D നുള്ള ചികിത്സ പ്രധാനമായും രണ്ട് രീതിയിലാണ് ചെയ്യുന്നത്.

● മരുന്നുകളിലൂടെ ലക്ഷണങ്ങളെ ചികിൽസിക്കുക. ഇത് വഴി രോഗിക്ക് ദൈനംദിനകാര്യങ്ങൾ ബുദ്ധിമുട്ടില്ലാതെ നിർവഹിക്കാൻ സാധിക്കും

● രക്തക്കുഴലിലെ തടസ്സം നീക്കുക. ഇത് വഴി കാൽ മുറിച്ചു മാറ്റൽ മുതലായ ഭവിഷ്യത്തുകൾ തടയാൻ സാധിക്കും

ആൻജിയോപ്ലാസ്റ്റിയിൽ കത്തീറ്റർ എന്ന ട്യൂബിലൂടെ ഒരു ബലൂൺ കടത്തിവിട്ട് രക്തക്കുഴലിൽ അടിഞ്ഞുകൂടിയ ഭാഗം നിരപ്പാക്കുകയും നിരപ്പാക്കിയ ഭാഗത്ത് വീണ്ടും കൊഴുപ്പ് അടിയാതിരിക്കാൻ സ്റ്റെന്റ് സ്ഥാപിക്കുകയും ചെയ്യുന്നു. ഹൃദയധമനികളിൽ കൊഴുപ്പ് അടിഞ്ഞുകൂടിയാലും ഇതേ മാർഗമാണ് അവലംബിക്കാറുള്ളത്. ഏതെങ്കിലും കാരണത്താൽ ബലൂൺ ആൻജിയോപ്ലാസ്റ്റി ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണ് രോഗി എങ്കിൽ ലിമ്പ് ബൈപ്പാസ് സർജറി (Limb Bypass Surgery) ആണ് നിർദ്ദേശിക്കുക. ലിമ്പ് ബൈപ്പാസ് സർജറിയിൽ രോഗിയുടെ തന്നെ ശരീരത്തിലുള്ള മറ്റൊരു രക്തക്കുഴൽ അല്ലെങ്കിൽ കൃത്രിമ രക്തക്കുഴൽ ഉപയോഗിച്ച് നിലവിലുള്ള തടസ്സത്തെ മറികടക്കുകയാണ് ചെയ്യുന്നത്.

1 –ാം ചരമ വാർഷികം
23-09-2021



പൗളിൻ വർഗ്ഗീസ്
ചിറ്റിലപ്പിള്ളി, പെരിന്തൽമണ്ണ
Birth: 22-03-1958 - Death: 23- 09-2020
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

12th DEATH ANNIVERSARY
In ever loving memory of
12-09-2021



JOHNY LUCIA
(AUGUSTINE JOSEPH)
PONNETH HOUSE, PERINTHALMANNA
Dob: 26-03-1961 Dod: 12-09-2009

9–ാം ചരമ വാർഷികം
(09–10–2021)



വർഗ്ഗീസ് കൊക്കപ്പുഴ
പെരിന്തൽമണ്ണ
(ജനനം: 18 –03 –1933 മരണം: 09 –10 –2012)
സന്തപ്ത കുടുംബാംഗങ്ങൾ

# സ്കോളർഷിപ്പോടെ പിജി പഠിക്കാം

**മിടുക്കരായ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് നിരവധി സ്കോളർഷിപ്പുകൾ ഇന്ന് ലഭ്യമാണ്. സ്കോളർഷിപ്പ് തുകയും അപേക്ഷിക്കുവാനുള്ള വ്യവസ്ഥകളും പരിചയപ്പെടാം.**



പ്രഫ. ചാർലി കട്ടക്കയം
ഫോൺ: 9447 315674

ഹയർ എജ്യൂക്കേഷൻ, പ്രതിഭ, ഇൻസ്പയർ, സെൻട്രൽ സെക്ടർ, പോസ്റ്റ് മെട്രിക്, സ്റ്റേറ്റ് മെറിറ്റ്, സുവർണ ജൂബിലി, യൂണിവേഴ്സിറ്റി മെറിറ്റ്, വിദ്യാസമുന്നതി, അസ്പയർ, ഒറ്റ പെൺകുട്ടി, എംസിഎം തുടങ്ങിയവയാണ് പ്രധാന പിജി തല സ്കോളർഷിപ്പുകൾ. സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്, ശാരീരിക വൈകല്യമുള്ളവർക്കുള്ള സ്കോളർഷിപ്പ് എന്നിവയും ലഭ്യമാണ്. ഓരോ സ്കോളർഷിപ്പിനെക്കുറിച്ചുമുള്ള വിവരങ്ങൾ ചുവടെ. ഓരോന്നിനും ഒപ്പം നൽകിയിരിക്കുന്ന QR Code സ്കാൻ ചെയ്ത് അതത് വെബ്സൈറ്റുകൾ സന്ദർശിക്കാവുന്നതാണ്.

## ഹയർ എജ്യൂക്കേഷൻ

● വരുമാന പരിധിയില്ലാതെ പ്ലസ്ടു മാർക്കിന്റെ അടിസ്ഥാനത്തിൽ മാത്രം ലഭിക്കുന്ന സ്കോളർഷിപ്പാണ് ഹയർ എജ്യൂക്കേഷൻ സ്കോളർഷിപ്പ്. ഡിഗ്രി പഠന കാലത്ത് ലഭ്യമാകുന്ന ഈ സ്കോളർഷിപ്പ് തുടർന്ന് പിജി പഠനത്തിന് ചേരുമ്പോൾ ഒന്നാം വർഷം 40,000 രൂപയും രണ്ടാം വർഷം 60,000 രൂപയും ലഭിക്കും. ഓൺലൈനായി സ്കോളർഷിപ്പ് പുതുക്കണം. അംഗീകൃത ഗവൺമെന്റ് / എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളജിൽ പഠിക്കുന്ന എല്ലാ വിഷയക്കാർക്കും സ്കോളർഷിപ്പ് ലഭിക്കും.

## പ്രതിഭ സ്കോളർഷിപ്പ്

● പ്ലസ്ടു മാർക്കിന്റെ അടിസ്ഥാനത്തിൽ വരുമാന പരിധിയില്ലാതെ ലഭ്യമാകുന്ന സ്കോളർഷിപ്പാണ് പ്രതിഭ സ്കോളർഷിപ്പ്. സയൻസ് വിഷയങ്ങളിൽ പഠിക്കുന്നവർക്ക് മാത്രമായി ഈ സ്കോളർഷിപ്പ് പരിമിതപ്പെടുത്തിയിരിക്കുന്നു. ഡിഗ്രി തലത്തിൽ സ്കോളർഷിപ്പ് ലഭിച്ചവർ സയൻസ് വിഷയങ്ങളിൽ പിജിക്ക് ചേർന്നാൽ സ്കോളർഷിപ്പ് തുടർന്ന് ലഭിക്കും. ഓൺലൈനായി സ്കോളർഷിപ്പ് പുതുക്കിയാൽ മതി. പിജി ഒന്നാം വർഷം 40,000 രൂപയും രണ്ടാം വർഷം 60,000 രൂപയും ലഭിക്കും. ഈ സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് മറ്റു സ്കോളർഷിപ്പുകൾക്ക് അർഹതയില്ല.

## ഇൻസ്പെയർ

● ഡിഗ്രി തലത്തിൽ ഈ സ്കോളർഷിപ്പ് ലഭിച്ചിരുന്നവർ അംഗീകൃത ഗവൺമെന്റ് / എയ്ഡഡ് കോളജിൽ സയൻസ് വിഷയത്തിൽ പിജി കോഴ്സിന് ചേർന്നാൽ തുടർന്നും ഈ സ്കോളർഷിപ്പ് ലഭിക്കും. വർഷം 80,000 രൂപയാണ് സ്കോളർഷിപ്പ് തുക. ഓൺലൈനായി സ്കോളർഷിപ്പ് പുതുക്കണം. കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയാണ് ഈ സ്കോളർഷിപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്.

## ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പുകൾ

### പോസ്റ്റ് മെട്രിക്

● ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ പിജി കോഴ്സിന് ചേരുന്ന ന്യൂനപക്ഷ സമുദായ വിദ്യാർഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയായിരിക്കണം. എങ്കിലും കുറഞ്ഞ വരുമാനക്കാർക്കാണ് മുൻഗണന. മാസം തോറും 1000 രൂപയും കൂടാതെ കോഴ്സ് ഫീസും ലഭിക്കും. യോഗ്യതാ പരീക്ഷയിൽ 50 ശതമാനം മാർക്കാണ് അടിസ്ഥാന യോഗ്യതയെങ്കിലും മെറിറ്റ് അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുക. ഡിഗ്രിതലത്തിൽ ഈ സ്കോളർഷിപ്പ് ലഭിക്കാതെ പോയവർക്കും പിജി പഠന കാലത്ത് സ്കോളർഷിപ്പിന് അപേക്ഷിക്കാം

### മെറിറ്റ് കം മീൻസ്

● ന്യൂനപക്ഷ സമുദായ വിദ്യാർഥികൾക്ക് കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയം നൽകുന്ന സ്കോളർഷിപ്പ്. വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയായിരിക്കണം.

### സി. എച്ച് മുഹമ്മദ് കോയ

ഡിഗ്രി പരീക്ഷയിൽ 50% മാർക്ക് നേടിയ പെൺകുട്ടികൾക്ക് പിജി പഠന കാലത്ത് ഓരോ വർഷവും 6,000 രൂപ വീതം ലഭിക്കും. ഹോസ്റ്റലിൽ താമസിക്കുന്നവരാണെങ്കിൽ സ്റ്റൈപ്പന്റായി വർഷം 13,000 രൂപയും ലഭിക്കും. വാർഷിക വരുമാനം നാലര ലക്ഷം രൂപയിൽ താഴെയായിരിക്കണം.

## സ്റ്റേറ്റ് മെറിറ്റ്

● അംഗീകൃത ഗവൺമെന്റ്/എയ്ഡഡ് കോളജിൽ പിജി പഠനം നടത്തുന്നവർക്ക് അപേക്ഷിക്കാം. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം. പിജി പഠന കാലത്ത് മാസം തോറും 1500 രൂപ ലഭിക്കും. ഡിഗ്രി തലത്തിൽ ഈ സ്കോളർഷിപ്പ് ലഭിച്ചവർക്ക് സ്കോളർഷിപ്പ് പുതുക്കാം. ഹയർ എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റാണ് ഈ സ്കോളർഷിപ്പ് നൽകുന്നത്.

## സെൻട്രൽ സെക്ടർ

● പ്ലസ്ടു മാർക്കിന്റെ അടിസ്ഥാനത്തിൽ ഡിഗ്രി തലത്തിൽ ലഭ്യമാകുന്ന ഈ സ്കോളർഷിപ്പ് പിജി പഠന കാലത്ത് മാസം 2000 രൂപ വീതം തുടർന്നും ലഭിക്കും. കുടുംബത്തിന്റെ വാർഷിക വരുമാനം ആറു ലക്ഷം രൂപയിൽ താഴെയുള്ളവർക്കാണ് ലഭിക്കുക. ക്രീമിലെയർ വിഭാഗക്കാർക്കും മറ്റു സ്കോളർഷിപ്പുകൾ ലഭിക്കുന്നവർക്കും ഈ സ്കോളർഷിപ്പ് ലഭിക്കില്ല.

## വിദ്യാ സമുന്നതി

● മുന്നോക്ക വിഭാഗക്കാരിൽ വാർഷിക വരുമാനം രണ്ടു ലക്ഷം രൂപയിൽ താഴെ ഉള്ളവർക്ക് അപേക്ഷിക്കാം. പിജി പഠനകാലത്ത് വർഷം 16000 രൂപ വീതം ലഭിക്കും. 2000 പേർക്കാണ് സ്കോളർഷിപ്പ് നൽകുന്നത്.

## യൂണിവേഴ്സിറ്റി മെറിറ്റ്

● യൂണിവേഴ്സിറ്റി തലത്തിൽ ഡിഗ്രിക്ക് ഉയർന്ന മാർക്ക് വാങ്ങി പിജി പഠനം നടത്തുന്നവർക്ക് അപേക്ഷിക്കാം. മറ്റു നിബന്ധനകൾ ഇല്ല. അതാത് യൂണിവേഴ്സിറ്റികളുടെ വെബ്സൈറ്റിൽ വിവരങ്ങൾ ലഭ്യമാണ്.

## അസ്പയർ

● കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് കോളജുകളിൽ പിജി, എംഫിൽ, പിഎച്ച്ഡി കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ഹ്രസ്വകാല റിസർച്ച് പ്രൊജക്ട് ചെയ്യുന്നതിന് ലഭിക്കുന്ന സ്കോളർഷിപ്പാണിത്. കോഴ്സിന്റെ ഭാഗമായുള്ള പ്രൊജക്ട് ചെയ്യുന്നതിനും ഇത് ലഭ്യമാണ്.

പിജിക്കാർക്ക് 8,000, എംഫിൽകാർക്ക് 16,000, പിഎച്ച്ഡിക്കാർക്ക് 32,000 എന്ന ക്രമത്തിൽ സ്കോളർഷിപ്പ് ലഭിക്കും. യൂണിവേഴ്സിറ്റി സെന്ററുകളിൽ പഠിക്കുന്നവർക്കും യുജിസി, സിഎസ്ഐആർ, ജെആർഎഫ്, എസ്ആർഎഫ് എന്നീ ഫെലോഷിപ്പുകൾ ലഭിക്കുന്നവർക്കും അസ്പയർ സ്കോളർഷിപ്പ് ലഭിക്കില്ല. മറ്റു നിബന്ധനകൾ ഇല്ല.

ഓൺലൈൻ അപേക്ഷ പൂരിപ്പിച്ച് ഡൗൺലോഡ് ചെയ്ത് സ്ഥാപന മേധാവിക്ക് സമർപ്പിക്കണം. സ്ഥാപന മേധാവി തെരഞ്ഞെടുക്കുന്ന അപേക്ഷകൾ സ്കോളർഷിപ്പിനായി അയയ്ക്കും.

## പിജി മെറിറ്റ്

● ഡിഗ്രി തലത്തിൽ ഒന്നും രണ്ടും റാങ്ക് കരസ്ഥമാക്കി പിജി പഠനത്തിന് ഗവൺമെന്റ്/എയ്ഡഡ് കോളജുകളിൽ ചേരുന്നവർക്കുള്ള സ്കോളർഷിപ്പാണിത്.

ഓരോ വർഷവും 31,000 രൂപ വീതം ലഭിക്കും. വരുമാന പരിധിയോ മറ്റു നിബന്ധനകളോ ഇല്ല. യൂണിവേഴ്സിറ്റി/ ഓട്ടണോമസ് കോളജിൽ നിന്നും ലഭിക്കുന്ന റാങ്ക് സർട്ടിഫിക്കറ്റിന്റെ കോപ്പി സമർപ്പിക്കണം. ഗ്രേഡ് രീതിയിൽ പഠനം നടത്തുന്നവർ അതാത് യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിക്കുന്ന പൊസിഷൻ സർട്ടിഫിക്കറ്റ് (ഒന്നും രണ്ടും സ്ഥാനങ്ങൾ) ഹാജരാക്കിയാൽ മതി. യുജിസിയാണ് സ്കോളർഷിപ്പ് നൽകുന്നത്.

## സുവർണ ജൂബിലി

● ബിപിഎൽ വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പാണിത്. പിജി പഠനകാലത്ത് ഓരോ വർഷവും 10,000 രൂപ വീതം ലഭിക്കും. മറ്റു സ്കോളർഷിപ്പുകൾ ലഭിക്കുന്നവർക്ക് ഈ സ്കോളർഷിപ്പ് ലഭിക്കില്ല. ഡയറക്ടറേറ്റ് ഓഫ് കോളജ് എജ്യൂക്കേഷൻ ആണ് സുവർണ ജൂബിലി മെറിറ്റ് സ്കോളർഷിപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്. ഗവൺമെന്റ്/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളജുകളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് സെന്ററുകളിലും പഠിക്കുന്ന എല്ലാ വിഷയത്തിലുമുള്ള ഒന്നാം വർഷ പിജിക്കാർക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. മെറിറ്റ് അടിസ്ഥാനത്തിൽ 1000 പേർക്ക് കേരളത്തിൽ സ്കോളർഷിപ്പ് ലഭിക്കും. പ്ലസ്ടു, ഡിഗ്രി തലങ്ങളിൽ മിനിമം 50 ശതമാനം മാർക്ക് ലഭിച്ചിരിക്കണം. സ്ഥാപനങ്ങളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് സ്കോളർഷിപ്പ് അനുവദിക്കുക. ഓരോ സ്ഥാപനത്തിനും എത്ര സ്കോളർഷിപ്പ് ഉണ്ട് എന്നത് സ്ഥാപന മേധാവിയെ അറിയിച്ചിട്ടുണ്ട്. ഓൺലൈൻ അപേക്ഷ പൂരിപ്പിച്ച്, ഡൗൺലോഡ് ചെയ്ത് സ്ഥാപന മേധാവിക്ക് സമർപ്പിക്കണം.

## ഒറ്റ പെൺകുട്ടി

● വീട്ടിലെ ഒറ്റ പെൺകുട്ടിയായിട്ടുള്ളവർക്ക് പിജി പഠന കാലത്ത് യുജിസി നൽകുന്ന സ്കോളർഷിപ്പാണിത്. പ്രതിവർഷം 31,000 രൂപ ലഭിക്കും. ഒറ്റ പ്രസവത്തിലെ ഒന്നിലേറെ പെൺകുട്ടികൾക്കും ഒറ്റ പെൺകുട്ടി പരിഗണന ലഭിക്കും. പെൺകുട്ടിക്ക് സഹോദരനോ, സഹോദരിയോ ഉണ്ടാകാൻ പാടില്ല. മറ്റു നിബന്ധനകൾ ഇല്ല.

## വികലാംഗ സ്കോളർഷിപ്പ്

● അന്ധ–ബധിര–വികലാംഗ വിദ്യാർഥികൾക്ക് വേണ്ടിയുള്ള സ്കോളർഷിപ്പാണിത്. വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയായിരിക്കണം. പഠന കാലത്ത് വേണ്ടിവരുന്ന മുഴുവൻ ഫീസും ലഭിക്കും. ഹോസ്റ്റലിലോ, ബോർഡിങ്ങിലോ ആണ് താമസമെങ്കിൽ അവിടുത്തെ ചെലവും ലഭിക്കും. അംഗീകൃത ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന പിജി വിദ്യാർഥികൾക്ക് അപേക്ഷിക്കാം. അന്ധ വിദ്യാർഥികൾക്ക് വരുമാന പരിധി നാലര ലക്ഷം രൂപയാണ്. 'ഇ ഗ്രാന്റ്' ലഭിക്കുന്നവർക്ക് സ്കോളർഷിപ്പ് ലഭിക്കില്ല.

## ജിൻഡാൽ ഫൗണ്ടേഷൻ

ബംഗളൂരു ആസ്ഥാനമായുള്ള സ്വകാര്യ സംരംഭമായ സീതാറാം ജിൻഡാൽ ഫൗണ്ടേഷൻ മെറിറ്റ് അടിസ്ഥാനത്തിൽ എല്ലാ വിഭാഗക്കാർക്കും സ്കോളർഷിപ്പ് നൽകുന്നു. പിജി പഠനത്തിന് മാസം തോറും 1000 രൂപ വീതം ലഭിക്കും. വെബ്സൈറ്റ് www.sitaramjindalfoundation.org അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് അയയ്ക്കണം.

# ഭിന്നശേഷിക്കാരുടെ കൂദാശസ്വീകരണം



റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ

?ഭിന്നശേഷിക്കാരായ കുട്ടികളുടെ ആദ്യകുർബാനസ്വീകരണം പലപ്പോഴും ഇടവകകളിൽ ആശയക്കുഴപ്പം സൃഷ്ടിക്കാറുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുടെ കുർബാന സ്വീകരണത്തെക്കുറിച്ചുള്ള സഭാനിയമം വിശദീകരിക്കാമോ?

● മനു മുതലക്കോടം

ഒരു ഇടവകയുടെ പശ്ചാത്തലത്തിൽ ഒവളരെ സജീവമായിക്കൊണ്ടിരിക്കുന്ന ഒരു യാഥാർത്ഥ്യമാണ് തന്റെ ചോദ്യത്തിലൂടെ മനു ചൂണ്ടിക്കാണിക്കുന്നത്. ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളും അവരുടെ കുടുംബാംഗങ്ങളും കടന്നുപോകുന്ന ജീവിതാവസ്ഥ ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്. ശാരീരികവും മാനസികവും ബൗദ്ധികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കൂദാശസ്വീകരണത്തെക്കുറിച്ചു, പ്രത്യേകിച്ചു വിശുദ്ധ കുർബാനസ്വീകരണത്തെക്കുറിച്ചു, പലപ്പോഴും ഇടവകകളിലും കുടുംബങ്ങളിലും ചർച്ച ചെയ്യപ്പെടാറുണ്ട്.

ഭിന്നശേഷിക്കാരായ കുട്ടികൾക്കു തിരിച്ചറിവ് ഇല്ലാത്തതിനാലും അവർക്കു പാപം ചെയ്യാൻ സാധിക്കാത്തതിനാലും അതിനാൽ അവർ നിഷ്കളങ്കരാണ് എന്നതിനാലും അവർക്കു വിശുദ്ധ കുർബാന നൽകേണ്ടതില്ല എന്നു വാദിക്കുന്നവരുണ്ട്. അജപാലന ശുശ്രൂഷയിലുള്ളവരും ഇത്തരം കുട്ടികളുടെ മാതാപിതാക്കളും ചിലപ്പോഴെങ്കിലും ഈ ചിന്താഗതി പുലർത്തുന്നതു കാണാൻ കഴിയും.

എന്നാൽ, മാമ്മോദീസ സ്വീകരിച്ച മറ്റേതൊരു വ്യക്തിയെയുംപോലെ നിയമത്താൽ വിലക്കപ്പെട്ടിട്ടില്ലെങ്കിൽ കൂദാശകൾ സ്വീകരിക്കാൻ ഭിന്നശേഷിക്കാർക്കും അവകാശമുണ്ട് എന്ന് സഭാനിയമത്തിന്റെ പിൻബലത്തിൽ പറയാൻ കഴിയും (CCEO c.16; CIC c.213). ഭിന്നശേഷിക്കാരായവർക്കു വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനു വിലക്കുണ്ട് എന്നു സഭാനിയമം ഒരിടത്തും പറയുന്നില്ല. ഇത്തരം വ്യക്തികളുടെ മാനസികശേഷി വിവാഹമെന്ന കൂദാശയുടെ ഉത്തരവാദിത്വപൂർണമായ സ്വീകരണത്തിനു യോജിക്കുന്നത് അല്ലെങ്കിൽ ഇവർക്കു വിവാഹം കഴിക്കുന്നതിനു സഭാനിയമം വിലക്കേർപ്പെടുത്തുന്നുണ്ട് (CCEO c.818; CIC c.1095). അതേസമയം, മറ്റു കൂദാശകൾ, പ്രത്യേകിച്ചു വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനു മാമ്മോദീസ സ്വീകരിച്ച ഒരു വ്യക്തിക്കുള്ള അടിസ്ഥാനപരമായ അവകാശം ഇത്തരം വ്യക്തികൾക്കുമുണ്ട് എന്നതാണു സഭാനിയമത്തിന്റെ ചൈതന്യം. ഇത്തരം വ്യക്തികളുടെ വിശുദ്ധ കുർബാനസ്വീകരണം സഭാ നിയമം വിലക്കിയിട്ടില്ലാത്തതിനാൽ മറ്റു വിശ്വാസികൾക്കെന്നപോലെ ഇവർക്കും സഭയുടെ ആത്മീയനന്മകൾ കൂദാശകളിലൂടെ നൽകാൻ വൈദികർക്കു കടമയുണ്ടെന്നും സഭാനിയമം അനുശാസിക്കുന്നു (CCEO c.381§ 2; CIC c.841§1).

അപ്പോഴും ചോദ്യങ്ങൾ തീരുന്നില്ല: 'ഇത്തരം വ്യക്തികൾക്കു വിശുദ്ധ കുർബാനയെക്കുറിച്ചുള്ള ബോധ്യം അഥവാ തിരിച്ചറിവ് ഉണ്ടാകാൻ സാധ്യതയില്ല, അപ്പോൾ അതു യാന്ത്രികമാവില്ലേ?' ഇതിനുള്ള ഉത്തരം, ഓരോ മനുഷ്യനെക്കുറിച്ചുമുള്ള സഭയുടെ കാഴ്ചപ്പാടിലുണ്ട്. ഈ ലോകത്തിലേയ്ക്കു വരുന്ന ഓരോ മനുഷ്യനും ദൈവത്തിന്റെ സ്നേഹത്തിൽനിന്നാണു രൂപംകൊള്ളുന്നത്. കഴിവുകളും സിദ്ധികളും സാധ്യതകളും ഓരോരുത്തരിലും വ്യത്യസ്തമാണ്. എല്ലാവരെയും സ്നേഹിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന ദൈവത്തിന്റെ മുൻപിൽ ഒരു മനുഷ്യന്റെ വില നിർണയിക്കപ്പെടുന്നത് അവന്റെ/അവളുടെ അറിവിന്റെയോ നേട്ടങ്ങളുടെയോ അടിസ്ഥാനത്തിലല്ല. മറിച്ചു ദൈവം അവനെ/അവളെ സ്നേഹിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. അങ്ങനെവരുമ്പോൾ മാമ്മോദീസായിലൂടെ ദൈവികജീവനിലേയ്ക്കു കടന്ന ഒരു വ്യക്തിയെന്ന നിലയിൽ ഭിന്നശേഷിയുള്ള ആൾക്കും വിശുദ്ധ കുർബാനയ്ക്ക് അവകാശമുണ്ട്. കാരണം വിശുദ്ധ കുർബാന മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ഏറ്റവും വലിയ സ്നേഹത്തിന്റെ അടയാളമാണ് (CCEO c.698; CIC c. 897).

ഭിന്നശേഷിക്കാരായവർക്കു വിശുദ്ധ കുർബാന നൽകുന്നതിനുമുമ്പ് അവരുടെ അവസ്ഥയ്ക്കനുയോജ്യമായ രീതിയിലുള്ള പ്രബോധനം നൽകണമെന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട് അമേരിക്കൻ മെത്രാന്മാരുടെ സമിതി പുറത്തിറക്കിയ മാർഗരേഖയിൽ പറയുന്നുണ്ട്. ചില വ്യക്തികളുടെ കാര്യത്തിൽ കാര്യമായ പ്രബോധനമൊന്നും പ്രായോഗികമല്ലായെന്നതാണു യാഥാർത്ഥ്യം. സാധാരണ ഭക്ഷണത്തിൽ നിന്നു വ്യത്യസ്തമാണു വിശുദ്ധ കുർബാനയാകുന്ന തിരുവോസ്തിയെന്ന് ആംഗ്യംകൊണ്ടോ ബഹുമാനപൂർവകമായ നിശബ്ദത കൊണ്ടോ തിരിച്ചറിവു പ്രകടിപ്പിക്കാൻ സാധിക്കുന്ന വ്യക്തിക്കു വിശുദ്ധ കുർബാന നൽകണം എന്നു പ്രസ്തുത മാർഗരേഖ അനുശാസിക്കുന്നു. എന്നാൽ അങ്ങനെ തിരിച്ചറിയാനോ അതു പ്രകടിപ്പിക്കാനോ കഴിയാത്തവർക്കുപോലും കുടുംബാംഗങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വിശുദ്ധ കുർബാന നൽകണമെന്നാണ് ഈ മാർഗരേഖ തുടർന്നു പറയുന്നത്. അതിനുള്ള കാരണമായി പറയുന്നത് ഏറെ ശ്രദ്ധേയമാണ്: 'അത്തരത്തിലുള്ള ഒരു വ്യക്തിയുമായി ബന്ധത്തിലായിരിക്കാൻ (Communion) ദൈവം ആഗ്രഹിക്കുന്നെങ്കിൽ മനുഷ്യൻ അതിനു തടസമാകാൻ പാടില്ല.'

ഒരു സംശയം കൂടി ഉയർന്നുവന്നേക്കാം. ഇത്തരം വ്യക്തികളെ കുമ്പസാരിപ്പിക്കാൻ സാധിക്കാതെ വരുമ്പോൾ എന്താണു ചെയ്യേണ്ടത്? ആ കൂദാശ എങ്ങനെ പരികർമം ചെയ്യാം? തികച്ചും അജപാലനപരമായ സമീപനമാണു ഇവിടെ സ്വീകരിക്കേണ്ടത്. ദൈവത്തിന്റെ കരുണയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് വൈദികൻ ഇത്തരം വ്യക്തികൾക്കു ആശീർവാദം നൽകുക എന്നതു മാത്രമേ കരണീയമായിട്ടുള്ളു.

ദൈവത്തിന്റെ സ്വയംദാനമായ വിശുദ്ധ കുർബാനയും സ്ഥൈര്യലേപനം രോഗീലേപനം എന്നീ കൂദാശകളും ഭിന്നശേഷിക്കാരായ വ്യക്തികൾക്കു അവരുടെ ജീവിതസാഹചര്യത്തിന്റെ ആവശ്യകതകൾക്കനുസരിച്ചു പരികർമം ചെയ്യണമെന്നുള്ളത് ഈശോയുടെ ഹൃദയാഭിലാഷവും സഭയുടെ നിശ്ചയവും അജപാലകരുടെ കടമയും ഭിന്നശേഷിക്കാരുടെ അവകാശവുമാണ്.



ദേവഗിരി സെന്റ് ജോസഫ്സ് ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു. സിഎംഐ പ്രോവിൻഷ്യൽ ഫാ. തോമസ് തെക്കേൽ, അസി. വികാരി ഫാ. സിബി പുളിക്കൽ, വികാരി ഫാ. ബിജു ജോസഫ് ചക്കാലയിൽ തുടങ്ങിയവർ സമീപം

# സുവർണ്ണ ജൂബിലി നിറവിൽ ദേവഗിരി ഇടവക

**ദേവഗിരി:** സെന്റ് ജോസഫ്സ് ഇടവക സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ദേവഗിരി കോളജിൽ ചെറിയ ചാപ്പലായി 1956ൽ ആരംഭിച്ച ആരാധനാലയം പിന്നീട് ദേവഗിരി മൊണാസ്ട്രിയോട് ചേർന്ന് ഒരു ദേവാലയമായി മാറി. ഈ പ്രദേശത്തുള്ള ക്രൈസ്തവരുടെ ആത്മീയ ആവശ്യങ്ങളും കുട്ടികളുടെ വിശ്വാസപരിശീലനവും ആശ്രമദേവാലയത്തിൽ നിന്നായിരുന്നു നടത്തിക്കൊണ്ടിരുന്നത്. 1971ൽ ദേവഗിരി ഇടവകയായി ഉയർത്തപ്പെട്ടു.

ഫാ. ക്ലെയോഫാസ് മണ്ണനാൽ ആയിരുന്നു ആദ്യത്തെ വികാരി. പിന്നീട് 12 വൈദികർ വ്യത്യസ്ത കാലങ്ങളിൽ വികാരിമാരായി സേവനം ചെയ്തു. 2020 സെപ്റ്റംബർ മുതൽ ഫാ. ബിജു ജോസഫ് ചക്കാലയിൽ ആണ് വികാരി. 15 ഓളം അസിസ്റ്റന്റ് വികാരിമാരും സേവനം അനുഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ ഫാ. സിബി പുളിക്കലാണ് അസിസ്റ്റന്റ് വികാരി. സിഎംഐ ആശ്രമം കൂടാതെ 10 ലധികം സന്യാസി/ സന്യാസിനീ ഭവനങ്ങളും ഇടവകാപരിധിയിലുണ്ട്.

ഇടവകയിൽ നിന്ന് ദൈവവിളി സ്വീകരിച്ച് 3 വൈദീകരും 13 സിസ്റ്റർമാരും വിവിധ സ്ഥലങ്ങളിലായി സേവനം ചെയ്യുന്നുണ്ട്. ആത്മീയ കാര്യങ്ങൾ കൂടാതെ വിവാഹസഹായം, ചികിത്സാ സഹായം, വിദ്യാഭ്യാസ സഹായം, കടബാധ്യത തീർക്കൽ, ഭവന നിർമ്മാണം തുടങ്ങിയ കാര്യങ്ങളിലും ഇടവക സഹായങ്ങൾ ചെയ്യുന്നുണ്ട്. പ്രളയകാലത്തും കോവിഡ് കാലത്തും പ്രത്യേക സഹായങ്ങളും നൽകിവരുന്നു. 2018 വരെയുള്ള 10 വർഷങ്ങളിൽ സ്വന്തമായി സ്ഥലമുള്ള വീടില്ലാതിരുന്ന പത്തോളം ഇടവകകാർക്ക് വീടുകൾ നിർമ്മിച്ചു നൽകി.

ജൂബിലി സ്മാരകമായി ഇടവകയിലെ ഒരു കുടുംബത്തിന് വീട് വച്ചു കൊടുക്കുവാനും ഒരു വർഷം നീളുന്ന പ്രത്യേക കർമപദ്ധതികൾക്കും പാരിഷ് കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്.

ഉപകാരസ്മരണ



ഒരു വിശ്വാസി– കുണ്ടുതോട്

ഉപകാരസ്മരണ
വി. യൂദാശ്ലീഹായോടുള്ള നൊവേന



മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വിശുദ്ധ യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിലും ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരികക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞങ്ങളപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞങ്ങൾ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

അജിലു മരിയ ജോസ് – മരുതോങ്കര

ഉപകാരസ്മരണ
വി. യൂദാശ്ലീഹായോടുള്ള നൊവേന



മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വിശുദ്ധ യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിലും ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരികക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞങ്ങളപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞങ്ങൾ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

അജിലു മരിയ ജോസ് – മരുതോങ്കര

ഉപകാരസ്മരണ
വി. യൂദാശ്ലീഹായോടുള്ള നൊവേന



മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വിശുദ്ധ യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിലും ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരികക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞങ്ങളപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞങ്ങൾ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

അജിലു മരിയ ജോസ് – മരുതോങ്കര

# ക്വിസ് കോർണർ 2021

ജൂലൈ - ആഗസ്റ്റ് ലക്കം വിജയികളായവർ:

● ഒന്നാം സമ്മാനം, 1000 രൂപ
**എമിൽ സെബാസ്റ്റ്യൻ**
തോണിക്കുഴിയിൽ, കരിങ്ങാട്

● രണ്ടാം സമ്മാനം, 500 രൂപ
**കെ. ബാബു ജോൺ**
കുന്നത്ത്, അമലാപുരി

● മൂന്നാം സമ്മാനം, 250 രൂപ
**ബിൽബി ബൈജു**
നരിവേലിൽ, ചമൽ

● പ്രോത്സാഹന സമ്മാനം
**ഷൈനി ജോർജ്**
കുഴിമണ്ണിൽ, പാലൂർകോട്ട

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ് നമ്പർ
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2021 സെപ്റ്റംബർ – ഒക്ടോബർ ലക്കം ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. ഏറിയും കുറഞ്ഞും എല്ലാവരുടെയും വീട്ടിലെ അന്തരീക്ഷം തന്നെ അവതരിപ്പിച്ച സിനിമ ഏത്?
2. ഇന്ത്യയിലെ ആദ്യ മനുഷ്യ നിർമ്മിത അഗ്രിക്കൾച്ചർ തീം പാർക്കെന്ന ലിംക ബുക്ക് ബഹുമതി നേടിയ പ്രസ്ഥാനം ഏത്?
3. കഴിഞ്ഞ വർഷം 40% വളർച്ച നേടിയ ഒരു സ്റ്റാർട്ട് അപ്പ് പ്രസ്ഥാനം ഏത്?
4. ലെസ്‌ലിയും ലവ്‌ലിയും ചേർന്ന് ആരംഭിച്ച യൂട്യൂബ് ചാനലിന്റെ പേര് എന്ത്?
5. 'നമ്മുടെ പിതാവായ അബ്രാഹത്തിന്റെ വിശ്വാസത്തിൽ പ്രിയ സഹോദരന്മാരെ' യെന്ന് മാർപാപ്പ അഭിസംബോധന ചെയ്തത് ആരെയാണ്?
6. കോവിഡ് പ്രതിസന്ധി മൂലം വിഷമിക്കുന്നവർക്ക് 5% പലിശ നിരക്കിൽ 5 ലക്ഷം രൂപ വരെ അനുവദിക്കുന്ന വായ്പയുടെ പേര് ?
7. മനുഷ്യനു വേണ്ടിയുള്ള ദൈവത്തിന്റെ ഏറ്റവും വലിയ സ്നേഹത്തിന്റെ അടയാളം എന്താണ്?
8. കൈകാലുകളിലെ രക്തക്കുഴലുകൾ ഒഴുക്ക് തടസ്സപ്പെടുന്ന രീതിയിൽ ചുരുങ്ങുന്ന രോഗാവസ്ഥ?
9. 1973-ൽ ഏണസ്റ്റ് ഫ്രെഡറിക് ഷൂമാക്കർ രചിച്ച പുസ്തകം ഏത്?
10. പ്ലസ്ടു മാർക്കിന്റെ അടിസ്ഥാനത്തിൽ വരുമാന പരിധിയില്ലാതെ സയൻസ് വിഷയങ്ങളിൽ പഠിക്കുന്നവർക്ക് മാത്രമായി നൽകുന്ന സ്കോളർഷിപ്പ്?

തയ്യാറാക്കിയത്: **ഫാ. സായി പാറൻകുളങ്ങര**

**ഉത്തരങ്ങൾ 2021 നവംബർ 20ന് മുമ്പ് ലഭിക്കണം**

### ജൂലൈ – ആഗസ്റ്റ് ലക്കം ഉത്തരങ്ങൾ

1. സ്വാതന്ത്ര്യത്തിന്റെ ദുർവിനിയോഗം 2. പാരമ്പര്യവും ചുറ്റുപാടുകളും 3. ഇന്റർനെറ്റ് വിപ്ലവം 4. ബിസിനസ് ഡെവലപ്പ്മെന്റ് 5. ജീവനുവേണ്ടി എപ്പോഴും നിലക്കൊള്ളുക 6. ഇൻസ്പെയർ 7. കൊക്കെഡാമ 8. കിഴക്കൻ തിമോർ 9. ഫ്രാൻസിസ് മാർപാപ്പ
10. മിശ്രവിവാഹം

### പൊതുനിർദ്ദേശങ്ങൾ

● മലബാർ വിഷൻ ക്വിസ് കോർണറിൽ പങ്കെടുക്കുന്നവർ ഈ പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● നിർദ്ദിഷ്ട കോളത്തിലല്ലാതെ പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല. ● സംശയങ്ങൾക്ക് വിളിക്കുക: 97 44 99 5553

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ..............................
വീട്ടുപേര്: ..............................
ഇടവക: ..............................
ഫോൺ: ..............................

# അത്യാഗ്രഹിയായ സിംഹരാജൻ



**കുട്ടീസ് കോർണർ**
**ജെയിംസ് വെങ്ങിണിക്കൽ**

സിംഹരാജൻ തന്റെ കൊട്ടാര സദൃശമായ ഗുഹയുടെ പൂമുഖത്ത് ഉലാത്തുന്നു. തൊട്ടടുത്ത് പഞ്ചപുച്ഛമടച്ച് കുറുക്കൻ മന്ത്രിയും ചെന്നായ് ബോഡിഗാർഡും നിൽക്കുന്നു.

മഹാരാജാവ് അലറി: "എന്താണ് നാം ഈ കാണുന്നത്? നമ്മുടെ രാജ്യമായ കാട് ശുഷ്ക്കിച്ച് വല്ലാത്ത അവസ്ഥയിക്കുന്നു. മരം മാഫിയുടെ മരം മുറി കഴിഞ്ഞതോടെ വലിയ ക്ഷീണമായിരിക്കുന്നു. തിങ്ങിനിറഞ്ഞിരുന്ന കാടായിരുന്നു നമുക്ക് ഇഷ്ടം. കാട്ടുമൃഗങ്ങൾ കുറവായികൊണ്ടിരിക്കുന്നു. അമൃതേത്ത് കഴിക്കുക വിഷമമായി."

കുറുക്കച്ചനോടായി അലറി! "എടാ കുറുക്കച്ചാ, നാം ജീവനുള്ള മൃഗങ്ങളുടെ ഭക്ഷണം മാത്രമേ ഉപയോഗിക്കാറുള്ളൂ എന്നു നിനക്ക് അറിഞ്ഞുകൂടെ? എന്തുകൊണ്ടാണ് മാനിനെയും ആടിനെയും കൊണ്ടുവരാത്തത്."

"അതു തിരുമേനി ഈ കാട്ടിലെ ജീവികളെല്ലാം പട്ടിണിയിലാണ്."

"എന്നാൽ കാട്ടിൽ നിന്നും നാട്ടിലിറങ്ങി എന്തിനെയെങ്കിലും പിടിച്ചു കൊണ്ടുവരിക."

കുറുക്കച്ചൻ മഹാരാജാവിനെ വണങ്ങി ചെന്നായുടെ അകമ്പടിയോടെ ഇറങ്ങിത്തിരിച്ചു. കുറുക്കച്ചൻ പറഞ്ഞു: "ജീവനുള്ള മൃഗങ്ങൾ ഉൾക്കാടുകളിലേക്ക് വലിഞ്ഞിരിക്കുന്നു. നാട്ടിലിറങ്ങിയാൽ നാട്ടുകാർ തല്ലിയോടിക്കും." സന്ധ്യമയങ്ങുന്ന നേരം. കുറുക്കച്ചനും കൂട്ടുകാരനും പമ്മിപ്പമ്മി നടന്നു. ഒരാട് കരയുന്ന ശബ്ദം കേട്ട ദിക്കിലേക്ക് തിരിഞ്ഞു. വഴി വിജനം, ബസ്സില്ല വണ്ടികളൊന്നും തന്നെയില്ല. വീടുകളുടെ വാതിലുകൾ അടഞ്ഞു കിടക്കുന്നു. ആടു കരയുന്നത് ഒരു കുടിലിനരികിൽ നിന്നാണ്. ഒരു പ്രായം ചെന്ന സ്ത്രീയെ കണ്ടു. അവർ ഓടി. കൂരയ്ക്കുള്ളിൽ കയറി. ഉമ്മറത്തോടു ചേർന്നുള്ള ആട്ടിൻ കൂട്ടിൽ ഒരാട്. കുറുക്കച്ചൻ കൂട്ടുകാരനെ കാണിച്ചു കൊടുത്തു. എന്നിട്ടു പറഞ്ഞു: "ഞാൻ കഴുത്തിന് കടിച്ച് പിടിക്കും നീ അതിനെ കാലേൽ കടിച്ചു പിടിച്ചു വലിച്ചു കൊണ്ട് ഓടുക. അത്ര തന്നെ..."

ആടിന്റെ കരച്ചിൽ ഒന്നേ കേട്ടുള്ളൂ... പിന്നെ വീട്ടമ്മയുടെ കരച്ചിലായിരുന്നു. ഈ സമയംകൊണ്ട് ആടിനെയും വലിച്ച് അവർ കാട്ടിലേക്ക് പാഞ്ഞു. ആളുകളുടെ ശ്രദ്ധ പിടിച്ചു പറ്റാതെ അവർ സ്പീഡ് കൂട്ടി.

സിംഹരാജനും തൃപ്തിയായി. ആടിനെ ഗുഹയ്ക്കുള്ളിലേക്ക് വലിച്ചു കൊണ്ടുപോയി. അതിന്റെ മിച്ചം തിന്നാൻ ഭാഗ്യം ലഭിച്ചതിൽ കുറുക്കനും ചെന്നായും സന്തോഷിച്ചു.



ഇങ്ങനെ മുന്നോട്ടു പോവുക സാധ്യമല്ല. ഈ വിവരം അവർ മഹാരാജനെ അറിയിച്ചു. സിംഹം അലറി! "എന്ത് നിങ്ങൾക്ക് ധൈര്യം ഇല്ലേ? പോകൂ..വീണ്ടും പരിശ്രമിക്കൂ... എനിക്കുള്ള ഭക്ഷണം കൊണ്ടുവരൂ..."

"രാജാവേ ഞങ്ങൾ ഒരു കാര്യം ചെയ്യാം ഇറച്ചി വെട്ടുന്ന കശാപ്പുശാലയിൽ നിന്നു ഞങ്ങൾ രണ്ടു മൂന്നു കഷ്ണം അടിച്ചു മാറ്റി കൊണ്ടുവരാം. അത്യാവശ്യത്തിന് ഇനി അങ്ങനെയൊക്കെയെ പറ്റൂ."

സിംഹരാജനു താഴാൻ പറ്റുമോ? സിംഹം അലറി: "ഇനി ഞാൻ തന്നെ ഇറങ്ങാം. എന്നെ കണ്ടാൽ എല്ലാവരും പേടിച്ച് വീടിലൊളിക്കും. അപ്പോൾ ആട്ടിറച്ചി ജീവനോടെ കിട്ടും." അടുത്ത ദിവസം രാത്രിയായി മൂന്നു മൃഗങ്ങളും നാട്ടിലിറങ്ങി.

പക്ഷേ വനംവകുപ്പ് വിവരമറിഞ്ഞ് ഇവരെ കെണിയിൽപ്പെടുത്തി. അവരുടെ ലോറിയിൽ കയറ്റിക്കൊണ്ടുപോയി. പിറ്റേ ദിവസം സിംഹത്തിനുള്ള ഇറച്ചിക്കഷ്ണം കൂട്ടിലിട്ടു കൊടുത്തു ആദ്യം സിംഹം അതു കണ്ടില്ല എന്ന ഭാവത്തിൽ കിടന്നു. വിശപ്പു സഹിക്കാൻ വയ്യാതെ വന്നപ്പോൾ ഒരു കഷ്ണം കടിച്ചു. കുറുക്കച്ചനും കൂട്ടുകാരനും കിട്ടി അൽപം.

***ഗുണപാഠം: അത്യാഗ്രഹം ആപത്ത് ക്ഷണിച്ചു വരുത്തും.***

**ഉപകാരസ്മരണ**



റോസമ്മ- പുല്ലൂരാംപാറ

**ഉപകാരസ്മരണ**



സ്റ്റെല്ല മേരി തോമസ്- കൂടരഞ്ഞി

**ഉപകാരസ്മരണ**



സ്റ്റെല്ല മേരി തോമസ്- കൂടരഞ്ഞി

# സ്നേഹക്കൂട്ടായ്മയുടെ ചെറുപൂക്കൾ നവ ചിന്തയുടെ ചില്ലകളിൽ വിടരട്ടെ

***സമൂഹത്തോടുള്ള സ്നേഹവും പൊതുനന്മയോടുള്ള സമർപ്പണവും പരസ്നേഹത്തിന്റെ വിശിഷ്ടപ്രകടനങ്ങളാണ്. അത് സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ ദേശീയ ബന്ധങ്ങളെയാണ് സ്വാധീനിക്കുന്നത്. അതുകൊണ്ടാണ്, സഭ ലോകത്തിനു മുമ്പിൽ 'സ്നേഹത്തിന്റെ സംസ്കാരം' എന്ന ആദർശം അവതരിപ്പിക്കുന്നത്.***



ചിന്തയും ചർച്ചയും
ആന്റണി ചടയംമുറി

മനുഷ്യർ ഏറ്റവും മോശമായവ ചെയ്യാൻ കഴിവുള്ളവരാണെങ്കിലും വീണ്ടും നന്മ തിരഞ്ഞെടുത്ത് ഉയരാൻ കഴിവുള്ളവരാണ്. ആത്മാർത്ഥതയോടെ നമ്മെ നോക്കിക്കാണാൻ നമുക്ക് കഴിയും. നമ്മുടെ ഹൃദയത്തിന്റെ അഗാധതയിൽ പ്രവർത്തിക്കുന്ന ദൈവകൃപയോട് പ്രത്യുത്തരിക്കാനുള്ള നമ്മുടെ ദൈവദത്തമായ കഴിവിലേക്ക് നമുക്കുള്ള തുറവിയെ നശിപ്പിക്കാൻ ഒരു സമ്പ്രദായത്തിനും സാധ്യമല്ല. നാം പരസ്പരം ആവശ്യമുള്ളവരാണെന്ന ബോധ്യം നാം വീണ്ടും തേടണം. സമൂഹത്തോടുള്ള സ്നേഹവും പൊതുനന്മയോടുള്ള സമർപ്പണവും പരസ്നേഹത്തിന്റെ വിശിഷ്ടപ്രകടനങ്ങളാണ്. അത് വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെ മാത്രമല്ല സ്വാധീനിക്കുന്നത്. പിന്നെയോ, സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ ദേശീയ ബന്ധങ്ങളെയും സ്വാധീനിക്കും. അതുകൊണ്ടാണ്, സഭ ലോകത്തിന്റെ മുമ്പിൽ സ്നേഹത്തിന്റെ സംസ്കാരം എന്ന ആദർശം അവതരിപ്പിക്കുന്നത്. സാമൂഹിക സ്നേഹം സ്വയം ചാലകമായ വികസനത്തിന്റെ താക്കോലാണ്. 'കർത്താവേ അങ്ങേയ്ക്ക് സ്തുതി' എന്ന ഫ്രാൻസിസ് പാപ്പായുടെ ചാക്രിക ലേഖനത്തിൽ നിന്നുള്ള ഉദ്ധരണികളാണ് മുകളിൽ.

നമ്മുടെ ഇടവക ജീവിതത്തിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് പാപ്പായുടെ ഈ വാക്കുകൾ നമ്മെ ഓർമിപ്പിക്കുന്നു. ദൈനംദിന ജീവിത പരിണാമത്തിന് സാക്ഷിയാകേണ്ടതും സാക്ഷ്യമാകേണ്ടതും നമ്മുടെ ഇടവകകളാണ്.

## ചെറുതായാൽ സുന്ദരം

1973ലാണ് ഏണസ്റ്റ് ഫ്രെഡറിക് ഷൂമാക്കർ എന്ന ജർമ്മൻ വംശജനായ ബ്രിട്ടീഷ് സാമ്പത്തിക വിദഗ്ദ്ധൻ 'ചെറുതാണ് സുന്ദര'മെന്ന ഗ്രന്ഥം രചിച്ചത്. അതേവർഷം ഉടലെടുത്ത ഇന്ധന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഈ ഗ്രന്ഥം രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ഏറ്റവും കൂടുതൽ വിൽക്കപ്പെട്ട 100 പുസ്തകങ്ങളിൽ ഒന്നായി മാറി. പരിസ്ഥിതിപരവും സാമൂഹികപരവും സാമ്പത്തികപരവുമായ പ്രവർത്തനങ്ങളെ ഗ്രാമീണാടിസ്ഥാനത്തിൽ പുനഃപ്രതിഷ്ഠിക്കാൻ ഷൂമാക്കർ ആഹ്വാനം ചെയ്തു. എന്തുകൊണ്ടാണ് ഈ ഗ്രന്ഥം നമ്മുടെ ഇടവകകളെ സംബന്ധിച്ച ഈ ലേഖനത്തിൽ പരാമർശിക്കപ്പെട്ടുവെന്ന ചോദ്യത്തിനുള്ള വിശദമായ വിവരണമാണ് ഇനിയുള്ള ലേഖനഭാഗം.

ഒന്നാമതായി കോവിഡ് നമ്മുടെ ജീവിതത്തിന്റെ വരുമാനമാർഗങ്ങളെ വല്ലാതെ ബാധിച്ചു കഴിഞ്ഞു. വിദേശത്തുനിന്ന് പണം അയച്ചുകിട്ടുന്നവരും, കേന്ദ്ര, സംസ്ഥാന, അർധസർക്കാർ ജീവനക്കാരും, കോവിഡിനോടു ബന്ധപ്പെട്ട വിപണിബന്ധമുള്ളവരുമാണ് ഇപ്പോൾ സാമ്പത്തികമായി ആഘാതമേൽക്കാത്തവർ. ദിവസക്കൂലിക്കാർ മുതൽ സ്വകാര്യ മേഖലയിലെ മാസശമ്പളക്കാർവരെ വട്ടം കറങ്ങുന്നു. പലരും പിരിച്ചുവിടൽ ഭീഷണിയെ നേരിടുന്നു. കോവിഡിന്റെ ലോക്ഡൗൺ കഴിഞ്ഞാൽ തന്നെയും വ്യവസായ, വാണിജ്യ, വ്യാപാര മേഖലകൾ സാധാരണഗതിയിലാകാൻ സമയമെടുത്തേക്കാം. കോവിഡ് കാലഘട്ടത്തെ ഫ്രാൻസിസ് മാർപാപ്പ തന്നെ വിശകലനം ചെയ്തത് ഇങ്ങനെ. "മഹാമാരി നമ്മുടെ പ്രലോഭനങ്ങൾ എന്തെന്ന് വെളിപ്പെടുത്തി. തെറ്റായ ഉപരിപ്ലവമായ ധാരണകളിൽ പടുത്തുയർത്തിയ ദൈനംദിന ജീവിതവും പദ്ധതികളും ശീലങ്ങളും മുൻഗണനാക്രമങ്ങളും മറനീക്കി പുറത്തുവന്നു" (2020 മാർച്ച് 27 ലെ പ്രസംഗത്തിൽ നിന്ന്) കാർഡിനൽ ന്യൂമാന്റെ വാക്കുകളും നാം ശ്രദ്ധിക്കേണ്ടതുണ്ട്: "ഈ ലോകത്ത് ജീവിക്കുക എന്നാൽ മാറ്റങ്ങൾക്ക് വിധേയമാകുക എന്നാണ്. മാറ്റങ്ങൾ നമ്മെ കൂടുതൽ പൂർണരാക്കുന്നു."

ഏതുവിധത്തിലുള്ള മാറ്റങ്ങളാണ് കുടുംബബന്ധങ്ങളിൽ ഉണ്ടാകേണ്ടതെന്ന് സ്വാഭാവികമായും നിങ്ങൾ ചോദിച്ചേക്കാം. ഫ്യൂഡൽ സാമൂഹ്യവ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് കുടുംബനാഥന്റെ കീഴിൽ അടിമകൾ–ഉടമകൾ (Slave-Master Relationship) ബന്ധമായിരുന്നു കുടുംബങ്ങളിൽ. മുതലാളിത്ത, ആഗോളവത്കരണനാളുകളിൽ അത് കച്ചവടബന്ധങ്ങളിലേക്ക് (Contractual Relationship) തലകുത്തിവീണു. ഇനിയുള്ള നാളുകളിൽ കൊണ്ടും കൊടുത്തും (Give and Take) സ്നേഹത്തിലും ത്യാഗത്തിലും അടിയുറച്ച കൂട്ടായ്മയിൽ വളരാനാണ് നാം ശീലിക്കേണ്ടത്.

ദളിതർക്ക് സാമൂഹ്യനീതി കൈവരിക്കാൻ ഭരണഘടനാ ശില്പിയായ ബി.ആർ. അംബേദ്കർ ആശ്രയിച്ചത് നവബുദ്ധിസത്തിലെ സംഘദർശനത്തെയാണ്. ഇതാകട്ടെ, യേശുനാഥന്റെ ജനകീയ പങ്കാളിത്ത സമൂഹമെന്ന ചിന്താസരണിയിൽ നാം കണ്ടെത്തുന്നുമുണ്ട്. ഇവിടെയാണ് നല്ല അയൽക്കാരനും നല്ല സഹോദരനുമെന്ന പുതുസ്നേഹ സംസ്കാരത്തിലേക്ക് നമ്മുടെ വിശ്വാസ ജീവിതത്തെ ഉൾച്ചേർക്കേണ്ടത്.

## സ്നേഹ മാതൃകകൾ

'ചെറുതാണ് സുന്ദര'മെന്ന ചിന്തകൾ യാഥാർത്ഥ്യമാക്കിയ ലണ്ടനിലെ നൈബർഹുഡ് സൊസൈറ്റികൾ, ബ്രസീലിലെ പ്രാദേശിക സമൂഹങ്ങൾ, അമേരിക്കയുടെ പ്രാന്തപ്രദേശങ്ങളിലുള്ള അയൽക്കൂട്ടങ്ങൾ എന്നിവയെല്ലാം ഇനിയുള്ള നമ്മുടെ സാമൂഹ്യ ജീവിതത്തെ സ്വാധീനിക്കാനാണ് സാധ്യത. ഫ്രാൻസിൽ ഡോ. പിയരെ പരോഡി 'ആർക്ക്' (പെട്ടകം) എന്ന പേരിൽ ചെറു സമൂഹങ്ങൾ രൂപീകരിക്കുകയുണ്ടായി. ഇസ്രായേലിന്റെ സാമൂഹിക ശക്തി എന്നു പറയുന്നതു കുറേ കുടുംബങ്ങൾക്ക് ഒരു അടുക്കള മാത്രമുള്ള കിബ്ബ്യൂട്ട്സുകളാണ്.

കൂടുതൽ സ്നേഹത്തിലും സമാധാനത്തിലും സന്തോഷത്തിലും ജീവിക്കുവാനുള്ള മാർഗ്ഗങ്ങൾ ആരായുന്ന ചർച്ചകൾ ഇടവകകളിൽ ഇനിയെങ്കിലും നടക്കണം. നമുക്കറിയാം അജപാലന പ്രവർത്തനങ്ങൾക്ക് വിവിധതലങ്ങളുണ്ട്. വിവിധ തലങ്ങളുമായുള്ള പാരസ്പര്യവും എല്ലാ തലങ്ങളുമായുള്ള കൂട്ടുത്തരവാദിത്വവുമുണ്ടായാൽ മാത്രമേ സഭ യാഥാർത്ഥത്തിൽ സ്നേഹക്കൂട്ടായ്മയായി മാറുന്നുള്ളൂ. ഉദാഹരണം പറയാം ഒരു ഇടവകയിൽ ഒരു പ്രാർത്ഥനാ ഗ്രൂപ്പുണ്ടെന്നിരിക്കട്ടെ. ഇടവകയിലെ മറ്റു സംഘടനകളിൽപെട്ടവർ "ഓ, അവരെല്ലാം പ്രാർത്ഥനക്കാരാണ്" എന്നു പറഞ്ഞ് അവരെ മാറ്റി നിർത്താറുണ്ടോ? ഉണ്ടെങ്കിൽ അവിടെ തെറ്റു പറ്റി. ഓരോ വ്യക്തികളും സംഘടനകളും ആ ഗ്രൂപ്പിനോട് പ്രാർത്ഥനാസഹായം തേടാൻ തക്കവിധത്തിലുള്ള പാരസ്പര്യബോധം ഇവിടെ നഷ്ടപ്പെടുകയാണ്.



## ദൈവൈക്യ സുഗന്ധം

വ്യക്തി കേന്ദ്രീകൃത കാഴ്ച്ചപ്പാടിൽ നിന്ന് രൂപാന്തരപ്പെടാൻ നമുക്ക് കഴിയണം. പകരം വ്യക്തികളിൽ നിന്ന് വ്യക്തിബന്ധങ്ങളിലേക്ക് വളരുന്ന പ്രവർത്തന ശൈലി നാം സ്വീകരിക്കണം. എല്ലാവരും എല്ലാവർക്കും വേണ്ടിയും എല്ലാവരിലൂടെയും സ്വയം സമർപ്പിക്കുന്ന ദൈവൈക്യത്തിന്റെ സുഗന്ധമുയരുന്ന ഇടമാകണം ഇടവക.

പ്രതിസന്ധിയുടെ ഈ നാളുകളിൽ ഓരോ ഇടവകയിലും തുടങ്ങാൻ കഴിയുന്ന ചെറുസംരംഭങ്ങളെ കുറിച്ച് ചർച്ച വേണം. വിദഗ്ധരെ ഉൾപ്പെടുത്തി ഇതിനായി ഒരു സമിതിയുണ്ടാക്കാം. പുതിയ കൃഷിരീതികൾ പരിചയപ്പെടാനും പുതിയ കൃഷിയിനങ്ങൾ കണ്ടെത്താനും വാട്സാപ്പ് ഗ്രൂപ്പുകളാകാം. ഔഷധ ഇനങ്ങളിൽപ്പെട്ട 'രക്തശാലി' പോലെയുള്ള നെല്ലിനങ്ങൾ കൃഷിചെയ്യാൻ കൂട്ടായ്മകൾ രൂപീകരിക്കാം. ചെറുകിട ഉൽപ്പാദനയൂണിറ്റുകൾ സ്ത്രീകൾക്കും വൃദ്ധജനങ്ങൾക്കുമായി തുടങ്ങാൻ വിദഗ്ധനിർദേശം തേടാം. നന്നായി പാചകം ചെയ്യുക, നന്നായി വസ്ത്രങ്ങൾ തുന്നുക, പുതിയഇനം അലങ്കാരച്ചെടികൾ വളർത്തുക എന്നിങ്ങനെയുള്ള വീട്ടമ്മമാരുടെ നൈപുണ്യവികസനത്തിലും നാം ശ്രദ്ധയൂന്നണം. കേരളത്തിലെ യുവാക്കളുടെ ശതമാനക്കണക്ക് നിലവിൽ 55.7% ആണ്. ഇവരിൽ 37.1% തൊഴിലെടുക്കാൻ സന്നദ്ധരാണ്. ഇവരെ ഏകോപിപ്പിച്ച് സ്റ്റാർട്ടപ്പുകൾ തുടങ്ങാൻ കഴിയുമോ? വിദഗ്ദ്ധരുമായി ഇക്കാര്യം ചർച്ച ചെയ്യണം.

കോവിഡിനെക്കുറിച്ച് ഐക്യരാഷ്ട്ര സംഘടന ഉയർത്തിയ ഒരു മുദ്രാവാക്യമുണ്ട്; 'ഒറ്റയ്ക്ക് ആരും സുരക്ഷിതരല്ല.' ഭൗതികമായും ആരോഗ്യപരമായും ആത്മീയപരമായും ഈ മുദ്രാവാക്യത്തിന് ഇന്ന് ഏറെ പ്രസക്തിയുണ്ട്. എന്റെ കുട്ടി ജയിക്കണം, മറ്റ് കുട്ടികൾക്ക് എന്റെ കുട്ടിയുടെ മാർക്ക് കിട്ടരുത്, എല്ലാവരും ജയിക്കണം എന്നിങ്ങനെ മൂന്ന് നിലപാടുകളിൽ നാം എവിടെ നിൽക്കുന്നുവെന്ന് ഓരോരുത്തരും സ്വയം ചോദിക്കുക. നിങ്ങളുടെ മനസിൽ ഊറിവരുന്ന സ്വാർത്ഥതയുടെയും സ്വകാര്യമാത്രപരതയുടെയും ചിന്തകളെ വകഞ്ഞുമാറ്റാൻ നമുക്ക് കഴിയണം.

## ഒറ്റയ്ക്കുള്ള പുരോഗതി അധോഗതി

ഒറ്റയ്ക്കുള്ള പുരോഗതി അധോഗതിയാണെന്ന ബോധം നമുക്കുണ്ടാകണം. എല്ലാവരും ഒന്നിനോടൊന്ന് ബന്ധപ്പെട്ടിരിക്കുന്നുവെന്ന അറിവുകൂടിയാണ് ബോധം.

താമരശ്ശേരി രൂപതയിലെ ഇടവകകളിൽ കൃഷിക്കാരാണ് കൂടുതൽ. കൂരാച്ചുണ്ടിൽ കാട്ടുപന്നികൾ കൃഷിനശിപ്പിച്ചതായി പത്രങ്ങളിൽ കണ്ടു. കരുവാരകുണ്ടിൽ ഒരു വീട്ടിൽ വളർത്തുനായയെയും മറ്റൊരു വീട്ടിൽ ആടുകളെയും പുലിപിടിച്ചു കൊണ്ടുപോയതും വാർത്തയാണ്. ഒറ്റപ്പെട്ട ഈ ആക്രമണങ്ങൾ നമ്മെ ചില കാര്യങ്ങൾ ഓർമിപ്പിക്കുന്നില്ലേ? കാട്ടുമൃഗങ്ങളെ തുരത്താൻ സർക്കാരിനെ മാത്രം കാത്തിരിക്കരുത്. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വനാതിർത്തികളിൽ സൗരവേലികൾ നിർമ്മിക്കാൻ സംഘടിത ശ്രമമുണ്ടാകണം. ഭരണകൂടങ്ങൾ കർഷകരോട് കനിവ് കാണിക്കാൻ സാധ്യത ഇപ്പോൾ വളരെ കുറവല്ലേ?

ജീവിത ദുരന്തങ്ങളുടെ നടുവിൽ ഒരാൾക്കോ, ഒരു കുടുംബത്തിനോ ഒറ്റക്കാലിൽ നിർമ്മിച്ച സുരക്ഷിത കൂടാരങ്ങൾ ഇനിയില്ല. ഒരു നാടിന്റെ ജാഗ്രത തുടങ്ങുന്നത് ഓരോ കുടുംബങ്ങളിൽ നിന്നുമാണ്. കൈകോർത്ത് ഹൃദയങ്ങൾ ചേർത്തുവെച്ച് ഒരു നാടാകെ ഒറ്റക്കെട്ടാകുന്ന ദിനങ്ങൾ സ്വപ്നം കാണാൻ കഴിയണം നമുക്ക്.

കുടുംബത്തിലുള്ള എല്ലാവർക്കും വരുമാനമുണ്ടാക്കാവുന്ന വൈവിധ്യമാർന്ന സംരംഭങ്ങളെക്കുറിച്ച് ചർച്ച വേണം. എല്ലാവരും ഒരേ കാർഷിക വിളകളെ ആശ്രയിക്കാതിരിക്കുകയും കൂടുതൽ വിലകിട്ടുന്ന പുതിയ കൃഷികളെകുറിച്ച് അന്വേഷിച്ച് പഠിച്ച് നടപ്പാക്കുകയും വേണം.

## ഇടവകകളിൽ നവലോകം

നവമാധ്യമങ്ങളെ ഇക്കാര്യത്തിൽ പരമാവധി പ്രയോജനപ്പെടുത്തുക. ഇന്റർനെറ്റിലൂടെയുള്ള വാഗ്ദാനങ്ങളെക്കുറിച്ചും മറ്റും ആർക്കും അന്വേഷിക്കാവുന്ന 24 x 7 യൂത്ത് ഗ്രൂപ്പുകളെ രൂപീകരിക്കുക. എല്ലാം ലാഭമുണ്ടാക്കാനുള്ള കച്ചവടമെന്ന രീതിയിൽ മാറ്റം വരുത്തുക. അമിതലാഭത്തിന്റെ വഴികൾ ഉപേക്ഷിക്കുക. തുടങ്ങി നിരവധി ധാർമ്മിക നിയമങ്ങൾ നമുക്ക് ആവിഷ്ക്കരിക്കാവുന്നതേയുള്ളൂ.

ലോകം ആഗോളഗ്രാമമായി മാറുന്നുവെന്ന് പറയുന്നു. അങ്ങനെയെങ്കിൽ നമ്മുടെ കൊച്ചു ഇടവക, ഒരു നവലോകം തന്നെയാക്കി മാറ്റിയെടുത്തുകൂടെ? കഴിയും. കാരണം സ്നേഹത്തിനും സത്യത്തിനും നന്മയ്ക്കും ഒരു കാലത്തും പരാജയമില്ല. ഇനി അഥവാ അതെല്ലാം കുഴിച്ചുമൂടി വലിയ കല്ല് സ്ഥാപിച്ചാലും അവയെല്ലാം തട്ടിത്തെറിപ്പിച്ച് നന്മയും സത്യവും സ്നേഹവും ഉയിർത്തുവരുമെന്നാണല്ലോ നാം വിശ്വസിക്കുന്നത്. അതിനുവേണ്ടിയാണല്ലോ ദൈവതിരുമുമ്പിൽ നാം എപ്പോഴും കൈകൂപ്പി പ്രാർത്ഥിക്കുന്നതും.



## മലബാർ വിഷൻ വരിക്കാർക്കായി ഒരുക്കുന്ന ക്രിസ്തുമസ് സമ്മാനം

# ക്രിസ്തുമസ് ചെറുകഥ രചനാമത്സരം

● ക്രിസ്തുമസ് സന്ദേശം ഉൾക്കൊള്ളുന്ന രചനകളാണ് നൽകേണ്ടത് ● മൂന്ന് ഫുൾ സ്കാപ് പേജിൽ / മുന്നൂറു വാക്കിൽ കവിയരുത് ● രചനകൾ മറ്റെവിടെയും പ്രസിദ്ധീകരിച്ചതാകരുത് ● രചനകൾ എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പി.ഒ. എന്ന വിലാസത്തിലോ malabarvisioneditorial@gmail.com എന്ന ഇ-മെയിലിലോ അയയ്ക്കാവുന്നതാണ് ● ഇ-മെയിൽ അയയ്ക്കുന്നവർക്ക് എഴുതിയ പകർപ്പിന്റെ സ്കാൻ ചെയ്ത കോപ്പിയായോ മലയാളത്തിൽ ടൈപ്പ് ചെയ്തോ അയയ്ക്കാവുന്നതാണ് ● രചനകൾ ലഭിക്കേണ്ട അവസാന തീയ്യതി 2021 നവംബർ 20

● **സമ്മാനങ്ങൾ: ഒന്നാം സമ്മാനം - 3000 രൂപ, രണ്ടാം സമ്മാനം 2,000 രൂപ, മൂന്നാം സമ്മാനം 1,000 രൂപ**

● വിജയികളുടെ പേരുകൾ നവംബർ - ഡിസംബർ ലക്കം മലബാർ വിഷനിൽ പ്രസിദ്ധീകരിക്കുന്നതാണ്

● കൂടുതൽ വിവരങ്ങൾക്ക്: **9744995552, 9744995553**

# മലബാർ വിഷൻ മാട്രിമോണിയൽ



മാനന്തവാടി രൂപത RC യുവാവ്, 29 വയസ്, 158 cm ഉയരം. MTA - Integrated. ബാംഗ്ലൂർ എയർ പോർട്ടിൽ Customs Clearance Agent (Officer). അനുയോജ്യമായ വിവാഹ ആലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9947441123, 8129335080



താമരശ്ശേരി രൂപത RC യുവാവ്, 29 വയസ്, MA, PGDCA. പ്രൈവറ്റ് ജോലിയും കൃഷിയും. 23 വയസിനു മുകളിൽ പ്രായമുള്ള കർഷക കുടുംബത്തിൽപ്പെട്ട വിദ്യാസമ്പന്നയായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9447837259



ഖത്തറിൽ ജോലി ചെയ്യുന്ന RC യുവാവ്. താമരശ്ശേരി രൂപത, 31 വയസ്, 175 cm ഉയരം, ഡിഗ്രി വിദ്യാഭ്യാസം. സാമ്പത്തികം പ്രശ്നമല്ല. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9605415494, 9048982728



താമരശ്ശേരി രൂപത RC യുവാവ്, 35 വയസ്, 168 cm ഉയരം, Diploma in Hotel Management. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 8086293895
9847131264, 9497647292



താമരശ്ശേരി രൂപത RC യുവാവ്, 37 വയസ്, 6.1 Inch ഉയരം, SSLC. സൂപ്പർവൈസർ (ദുബായ്) പുനർവിവാഹം. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9539940944 ,9446951968



താമരശ്ശേരി രൂപത RC യുവാവ്, 31 വയസ്, +2. ദുബായിൽ പ്രൈവറ്റ് കമ്പനിയിൽ സൂപ്പർവൈസർ. സാമ്പത്തികം, വിദ്യാഭ്യാസം പ്രശ്നമല്ല. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9544309123, 8137969933

**വിവാഹ പരസ്യങ്ങൾ ഇനി ഫോട്ടോയോടൊപ്പം...**

ജീവിതപങ്കാളിയെ തേടിയുള്ള നിങ്ങളുടെ യാത്രയിൽ ഞങ്ങൾ നിങ്ങളെ സഹായിക്കാം. മാട്രിമോണിയൽ പരസ്യങ്ങൾ വരൻ/വധുവിന്റെ ഫോട്ടോയോടുകൂടി പ്രസിദ്ധീകരിക്കും. ഒരു ലക്കത്തിലേക്ക് വിവാഹ പരസ്യം നൽകുന്നതിന് 1000 രൂപയും 2 ലക്കങ്ങളിലേക്ക് 1500 രൂപയുമാണ് നിരക്ക്. വ്യക്തി വിവരങ്ങളും ഫോട്ടോയും 97 44 99 555 3 എന്ന വാട്സാപ് നമ്പറിലേക്ക് അയയ്ക്കാം. വിവരങ്ങൾക്ക്: 97 44 99 555 2

INDIA'S LEADING
MEDICAL / ENGINEERING
ENTRANCE COACHING CENTRE
THE BEST THING ABOUT BRILLIANT IS THAT YOUR WARD KNOWS WHICH TEAM IS GOING TO TEACH THEM
JEE/NEET
ONLINE / CLASSROOM BATCHES
JEE MAIN 2021 — FAIZ HASHIM 99.9874647 — STATE TOPPER SESSION-1
CUSAT-CAT 2021 — VIGHNESH.J.R — AIR 1
KERALA ENGG. 2020 — VARUN K S — KERALA RANK 1
JEE ADV. 2020 — EBRAHIM SOHAIL HARIS — KERALA RANK 1
JEE MAIN 2020 — ADVAID DEEPAK — KERALA RANK 1
NEET-UG 2020 — LULU A — KERALA RANK 2

ADMISSION CONTINUES
REPEATERS NEET | JEE (MAIN & ADV.)
ONLINE / CLASSROOM*
+2 COMPLETED STUDENTS
10%-100% SCHOLARSHIPS
കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക
9605280655
സൗജന്യപഠനം
സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി ബ്രില്ല്യൻറിൽ പഠിക്കാൻ അവസരം.
9446757446, 9447234127
ST വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ പഠന സൗകര്യം
9946994820
Every students who gets admission in offline batches will be given TABLET* BY THE BRILLIANT
*conditions apply
NEET: 04822-206100, 9400946597, 9447120625, 9495805016, 8921625507
JEE (Main): 9446714153, 7012965203 JEE (Adv.): 9447154371, 9446200362

ഇപ്പോൾ Class-10 ൽ പഠിക്കുന്നവർക്ക് അടുത്ത വർഷത്തേക്കുള്ള
TWO YEAR INTEGRATED PROGRAMME
ONLINE / OFFLINE
IIT/AIIMS 2024
2021 ഒക്ടോബർ 9-ാം തീയതി
SCREENING CUM SCHOLARSHIP TEST
1ST PRIZE 10 LAKHS
2ND PRIZE 5* LAKHS
3RD PRIZE 4* LAKHS
4TH & 5TH PRIZE 3* LAKHS
TOTAL SCHOLARSHIP WORTH 18* CRORES
SCHOLARSHIP FOR ALL MERITORIOUS STUDENTS
9744229127 | 9446126416 | 9961748876 | 7907963974 | 8848672845
*conditions apply



SCHOOL PLUS E-PROGRAMME (BSEP) — CLASS 8, 9, 10 — ONLINE ONLY
7907946110, 9946898123, 8089471348, 9567508310
Highly useful for Board exams
BOARD PLUS E-PROGRAMME (BBEP) — CBSE 12 STUDYING — ONLINE ONLY
7907749792, 7907941180, 7907414954

SINCE 1984 Brilliant® STUDY CENTRE, PALA
BrilliantStudyCentrePala | brilliantpala | BrilliantOnline | BrilliantPala | brilliantstudycentrepala
Ph: 04822-206100, 206800 www.brilliantpala.org

STARCARE HOSPITAL

# അഴകിന്റെ ആരോഗ്യവശം

സ്തനങ്ങളെ സംബന്ധിക്കുന്ന എല്ലാ ആരോഗ്യപ്രശ്നങ്ങൾക്കും മാത്രമായി ഒരു സമ്പൂർണ ചികിത്സാകേന്ദ്രം




- Breast Cancer Surgery (Lumpectomy, Mastectomy)
- Breast Reconstruction
- Breast Augmentation
- Excision Mammary Fistula
- Fibroadenoma Surgery
- Breast Conservative Surgery
- Microdochectomy (Duct Surgeries)

STARCARE daisy
The BREAST Clinic



Ground Floor, STARCARE Hospital, NH Bypass, Near Thondayad Jn. Kozhikode 673017
For Appointments Call 8086668317, 9745027417
www.starcarehospitals.com

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, calicut-12. Editor: Fr. Benny Alex Karackatt